# മലയാളം

## ടീച്ചർടെക്സ്റ്റ്

### അനുബന്ധം

**സ്റ്റാൻഡേർഡ്**

IX

കേരളസർക്കാർ
വിദ്യാഭ്യാസവകുപ്പ്

തയാറാക്കിയത്
**സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT), കേരളം**
**2019**

**State Council of Educational Research and Training (SCERT)**
Poojappura, Thiruvananthapuram 695012, Kerala.

## ആമുഖം

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം കേരളത്തിന്റെ വിദ്യാഭ്യാസമേഖലയിൽ ഗുണപരമായ വലിയ നേട്ടങ്ങൾ സൃഷ്ടിച്ചുകൊണ്ട് മുന്നേറുകയാണ്. ആധുനിക വിവരവിനിമയ സാങ്കേതികവിദ്യയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തി പഠനപ്രവർത്തനങ്ങൾ രസകരവും ഫലപ്രദവുമാക്കാനുള്ള ഹൈ-ടെക് ക്ലാസ്മുറികൾ സാർവത്രികമായി. ഒരേസമയം ഗുണമേന്മയുള്ള വിദ്യാഭ്യാസം എല്ലാ കുട്ടികൾക്കും ഉറപ്പുവരുത്തുന്നതിനും അതിനാവശ്യമായ അക്കാദമിക-ഭൗതികസൗകര്യങ്ങൾ ഒരുക്കുന്നതിനുമുള്ള ദീർഘവീക്ഷണത്തോടെയുള്ള നമ്മുടെ പദ്ധതികൾ രാജ്യത്തിനുതന്നെ മാതൃകയായി മാറിക്കഴിഞ്ഞു.

ഭാവിസമൂഹത്തെക്കുറിച്ചുള്ള പുതിയ കാഴ്ചപ്പാടുകളുടെ വെളിച്ചത്തിൽ പാഠപുസ്തകങ്ങളിൽ കാലികമായ ചില മെച്ചപ്പെടുത്തലുകൾ വരുത്തിയിട്ടുണ്ട്. പ്രകൃതിദുരന്തങ്ങൾ സംഭവിക്കുമ്പോൾ സ്വരക്ഷയും സമൂഹസുരക്ഷയും ഉറപ്പാക്കിക്കൊണ്ട് ദുരന്തനിവാരണപ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള മനോഭാവവും ധാരണയും പുതിയ തലമുറയ്ക്ക് പകർന്നുനൽകുന്നതിനുള്ള പ്രവർത്തനങ്ങളും പാഠപുസ്തകത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ദേശീയ തൊഴിൽനൈപുണി ചട്ടക്കൂടുമായി (എൻ.എസ്.ക്യു.എഫ്.) ബന്ധപ്പെട്ട പ്രവർത്തനങ്ങളും ചേർത്തിട്ടുണ്ട്.

പാഠപുസ്തകത്തിൽ വരുത്തിയ മാറ്റങ്ങൾ ഉൾക്കൊണ്ട് മികവുറ്റ പഠനപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിന് സഹായകമായ രീതിയിലാണ് ടീച്ചർടെക്സ്റ്റിന്റെ ഈ അനുബന്ധം തയാറാക്കിയിരിക്കുന്നത്. നിലവിലുള്ള ടീച്ചർടെക്സ്റ്റിൽ നൽകിയ വിശദീകരണങ്ങളോടും വ്യാഖ്യാനങ്ങളോടും ചേർത്ത് ഇതു പ്രയോജനപ്പെടുത്തണം. പഠനപിന്തുണയ്ക്കുള്ള കൂടുതൽ വിഭവങ്ങൾ സമഗ്ര പോർട്ടലിലൂടെയും പാഠപുസ്തകത്തിലെ ക്യു.ആർ. കോഡിലൂടെയും പങ്കുവയ്ക്കുന്നത് പ്രയോജനപ്പെടുത്തുമല്ലോ.

**ഡോ. ജെ. പ്രസാദ്**
ഡയറക്ടർ
എസ്.സി.ഇ.ആർ.ടി.

## കേരളപാഠാവലി

1. നിന്നെത്തേടുവതേതൊരു ഭാവന!..
2. മനുഷ്യകഥാനുഗായികൾ
3. കുതുകമോടാലപിച്ചാലും

## അടിസ്ഥാനപാഠാവലി

1. പൂക്കൊളൊക്കെയും വാക്കുകളാകുമ്പോൾ
2. കാഴ്ചയുടെ സംഗീതം
3. ഒരു കുടന്ന വെളിച്ചമായ്

# 1 നിന്നെത്തേടുവതേതൊരു ഭാവന!..

## പ്രകൃതിസൗന്ദര്യവും കലാസൗന്ദര്യവും

മനുഷ്യനെ പ്രകൃതിയിൽനിന്ന് മാറ്റിനിർത്തി പ്രകൃതിസൗന്ദര്യത്തെയും കലാസൗന്ദര്യത്തെയും വിശകലനം ചെയ്യുകയാണ് 'പ്രകൃതിസൗന്ദര്യവും കലാസൗന്ദര്യവും' എന്ന ലേഖനത്തിൽ എം.പി. പോൾ. പ്രകൃതിഭാവങ്ങളുടെ ക്ഷണികതയെ അപേക്ഷിച്ച് കലയുടെ ഭാവം ചിരസ്ഥായിയാണെന്ന് ലേഖകൻ സമർഥിക്കുന്നു.

മനുഷ്യന്റെ ജീവിതപരിതസ്ഥിതികളിൽനിന്നും സാമൂഹികസാഹചര്യങ്ങളിൽനിന്നും രൂപപ്പെട്ടവയാണ് കലകൾ. ഭാഷ എന്നപോലെ നൃത്തം, നൃത്യം, നാട്യം, ആലേഖനം, ശില്പനിർമാണം തുടങ്ങിയ കലകളെല്ലാംതന്നെ ആശയവിനിമയോപാധി എന്ന നിലയിലാണ് വളർന്നതെന്നു കാണാം. വികാരവിചാരങ്ങൾ അന്യോന്യം പങ്കുവയ്ക്കുന്നതിലൂടെ നമ്മളൊന്നാണെന്നും ഒന്നിച്ചുനിൽക്കുന്നതാണ് നിലനിൽപ്പിന് ആവശ്യമെന്നുമുള്ള സമൂഹചിന്ത സൃഷ്ടിക്കാൻ കലകൾക്ക് സാധിച്ചു.

മനുഷ്യൻ പ്രകൃതിയുടെ ഭാഗമാണെങ്കിലും തനതായ മറ്റൊരസ്തിത്വം പതിച്ചുനൽകി പ്രകൃതിയിൽനിന്ന് മനുഷ്യനെ വേറിട്ടു കണ്ടുകൊണ്ടാണ് എം.പി. പോൾ പ്രകൃതിസൗന്ദര്യത്തെയും കലാസൗന്ദര്യത്തെയും വിശകലനം ചെയ്യുന്നത്. പ്രകൃതിസൗന്ദര്യത്തിനും കലാസൗന്ദര്യത്തിനും പരസ്പരാശ്രിതത്വമുണ്ടെങ്കിലും അതിനെ മറികടക്കുന്ന തനിമ രണ്ടിനുമുണ്ടെന്നുള്ള കണ്ടെത്തലാണ് മനുഷ്യനെ പ്രകൃതിയിൽനിന്നു വേറിട്ടുകാണാൻ എം.പി. പോളിനെ പ്രേരിപ്പിക്കുന്നത്. പ്രകൃതിസൗന്ദര്യത്തിന്റെ ചലനാത്മകതയും കലാസൗന്ദര്യത്തിന്റെ സ്ഥായീഭാവവുമാണ് രണ്ടിനെയും വേർതിരിച്ചു കാണാനുള്ള മറ്റൊരു കാരണം. പ്രകൃതിയിൽ കേവലസൗന്ദര്യം അസുലഭമാണെന്നും കലർപ്പുകളെ കളഞ്ഞ് ശുദ്ധമാക്കുമ്പോഴേ പ്രകൃതിസൗന്ദര്യം ആസ്വദിക്കാനാവുകയുള്ളൂ എന്നും ലേഖകൻ നിരീക്ഷിക്കുന്നു.

### പാഠാപഗ്രഥനം

പ്രകൃതിസൗന്ദര്യവും കലാസൗന്ദര്യവും വിഭിന്നമാണെന്നും രണ്ടിനും അതിന്റേതായ സവിശേഷതകൾ ഉണ്ടെന്നും എം.പി. പോൾ ലേഖനത്തിലൂടെ സമർഥിക്കുന്നു.

- മനുഷ്യൻ പ്രകൃതിയിൽനിന്നു വിഭിന്നനാണ്.
- ഈ വിഭജനമാണ് പ്രകൃതിസൗന്ദര്യത്തെയും കലാസൗന്ദര്യത്തെയും വേറിട്ട് വിശകലനം ചെയ്യുന്നതിന്റെ അടിസ്ഥാനം.
- മനുഷ്യൻ പ്രകൃതിയുടെ അംശമാണെന്നു കരുതിയാൽ ഈ വിഭജനത്തിന്റെ അടിസ്ഥാനം നഷ്ടമാവും.

- പ്രകൃതിക്ക് സൗന്ദര്യത്തിന്റെ പ്രതീതി ജനിപ്പിക്കാൻ കഴിയുമെങ്കിലും അത് സ്ഥായിയല്ല; ക്ഷണികമാണ്.
- കല നിശ്ചലമായിത്തന്നെ നിലകൊള്ളുന്നു.
- പ്രകൃതിയിൽ കേവലസൗന്ദര്യം അസുലഭമാണ്. പ്രകൃതിസൗന്ദര്യം മറ്റു പലതുമായി കലർന്നുകിടക്കുന്നു.
- കല സോദ്ദേശ്യപരമായതിനാൽ ഇത്തരം കലർപ്പുകൾ ഒഴിവാക്കി അനുഭൂതി ദായകമാകുന്നു.
- കല പ്രക്ഷേപണസ്വഭാവമുള്ളതാണ്. മറ്റുള്ളവരിലെത്തിയില്ലെങ്കിൽ കലയ്ക്ക് നിലനിൽപ്പില്ല.
- പ്രകൃതിയിൽനിന്നു ലഭിച്ച അനുഭൂതി കലാരൂപമായി പരിണമിക്കുമ്പോൾ നൂതനമായ ഒരംശം അതിൽ ഉൾച്ചേരുന്നു. കലാകാരന്റെ ഭാവനയാണത്. ഈ നൂതനാംശമാണ് കലയെ സ്ഥായിയായി നിലനിർത്തുന്നത്.
- കല സൗന്ദര്യമാണെന്നു കരുതുമ്പോഴും അത് സന്തോഷജനകമാണെന്നു കരുതാനാവില്ല. കല മാനസികോല്ലാസം ജനിപ്പിക്കാൻ മാത്രം ലക്ഷ്യമിട്ടിട്ടുള്ളതുമല്ല. പ്രകൃതിയിൽനിന്നു ലഭിച്ച ഒരനുഭൂതി അതിന്റെ ഏറ്റവും സൗന്ദര്യാത്മകമായ ഭാവത്തെ പ്രകടിപ്പിക്കുമ്പോൾ കല പ്രേക്ഷകന്റെ മനസ്സിനെ അസ്വസ്ഥമോ പ്രക്ഷുബ്ധമോ ആക്കുന്നു. പ്രകൃതിദുരന്തത്തിന്റെ അതിസുന്ദരമായ ആവിഷ്കാരം പ്രേക്ഷകനിൽ സൃഷ്ടിക്കുന്നത് ഭയാനകമോ ബീഭത്സമോ ആയ രസങ്ങളായിരിക്കും. ഇതാണ് കലാനിർമാണത്തിലെ വിരോധാഭാസം.

## പ്രവേശകപ്രവർത്തനം

*"മരന്ദം തുളുമ്പുന്ന മലരിൻ ചുറ്റുംകൂടി*
*മുരളും തേനീച്ചകൾ പറന്നുകളിക്കവേ;*
*വല്ലികാനടികൾ നൽ പല്ലവാകുലമായ*
*ചില്ലക്കൈയുകളാട്ടി നർത്തനം ചെയ്തീടവേ;*
*അറിയാതവരോടുകൂടി നമ്മളു, മേതോ*
*പരമാനന്ദപ്രവാഹത്തിങ്കൽ മുഴുകുന്നു."*

പ്രകൃതിദൃശ്യങ്ങളുടെ മനോഹരമായ ചിത്രമാണല്ലോ കവി ഇവിടെ ആവിഷ്കരിച്ചിരിക്കുന്നത്.

- ഈ വരികളെഴുതാൻ കവിയെ പ്രചോദിപ്പിച്ച കാഴ്ചകൾ ഏതെല്ലാമായിരിക്കും?
- ഇത്തരം കാഴ്ചകൾ എല്ലാവരിലും ഒരേ ചിന്തകളാണോ ഉണർത്തുക?
- കവി കണ്ട കാഴ്ചകൾ ഇന്നും അതുപോലെ നിലനിൽക്കുന്നുണ്ടാകുമോ?

ചോദ്യങ്ങൾ ഓരോന്നായി ഉന്നയിച്ച് ചർച്ചചെയ്യുന്നു.

■ കുട്ടികളുടെ അഭിപ്രായങ്ങൾ ബോർഡിൽ രേഖപ്പെടുത്തുന്നു.

എങ്കിൽ പ്രകൃതിദൃശ്യങ്ങളുടെ പ്രത്യേകതകൾ എന്തെല്ലാം?

- ആകർഷകം
- അതിരറ്റ ആനന്ദം പകരുന്നു.
- കാഴ്ചക്കാരനനുസരിച്ച് കാഴ്ചകളും മാറുന്നു.
- കാഴ്ചകൾ നിരന്തരം മാറിക്കൊണ്ടിരിക്കുന്നു.
-

ഇത്തരം പ്രകൃതിസൗന്ദര്യങ്ങൾ കവിതയിൽ ആവിഷ്കരിക്കപ്പെടുമ്പോൾ സൗന്ദര്യതലത്തിന് എന്തെല്ലാം മാറ്റങ്ങൾ ഉണ്ടാകുന്നു?

- ഇന്ദ്രിയാനുഭൂതി കവി വാങ്മയചിത്രങ്ങളാക്കി മാറ്റുന്നു.
- പ്രകൃതിയെ അതേപടി പകർത്തുകയല്ല കവി ചെയ്യുന്നത്.
- കവിയുടെ സ്വകീയമായ അനുഭൂതികൾകൂടി കവിതയിൽ ഉൾച്ചേരുന്നു.
- കവിമനസ്സിനെ ആകർഷിച്ച ദൃശ്യങ്ങളാണ് കവിതയായി മാറുന്നത്.
- കവിതയിൽ ആ സൗന്ദര്യം മാറ്റമില്ലാതെ തുടരുന്നു.

എന്നാൽ പ്രകൃതിസൗന്ദര്യം സ്ഥായിയായി നിലനിൽക്കുന്നുണ്ടോ?

കുട്ടികൾ മുന്നോട്ടുവയ്ക്കുന്ന മറ്റഭിപ്രായങ്ങൾകൂടി പരിഗണിച്ച് പ്രകൃതിസൗന്ദര്യത്തിന്റെ പ്രത്യേകതകൾ ക്രോഡീകരിക്കുന്നു.

പ്രകൃതിസൗന്ദര്യം, കലാസൗന്ദര്യം എന്നിവ സംബന്ധിച്ച് പ്രശസ്ത നിരൂപകനായ എം.പി. പോളിന്റെ കാഴ്ചപ്പാടുകൾ എന്തെല്ലാമാണ്? ലേഖനം വായിച്ചുനോക്കൂ.....

## പ്രവർത്തനവിശകലനം

### കണ്ടെത്തലുകൾ കുറിക്കാം

കലാസൗന്ദര്യം പ്രകൃതിസൗന്ദര്യത്തിന്റെ അനുകരണമല്ല എന്ന വാക്യം - സ്ലൈഡ് പ്രദർശിപ്പിക്കുന്നു.

എന്തുകൊണ്ടാവാം ലേഖകൻ ഇപ്രകാരം അഭിപ്രായപ്പെട്ടത്?

ലേഖനത്തിൽനിന്ന് തെളിവുകൾ കണ്ടെത്തി കുട്ടികൾ പ്രതികരിക്കുന്നു.

കുട്ടികളുടെ പ്രതികരണങ്ങൾ. ചർച്ച.

- കലാസൃഷ്ടിക്കു പ്രേരകമായ അനുഭൂതി പ്രകൃതിയിൽനിന്ന് ലഭിച്ചതാണെങ്കിലും അതിൽ നൂതനമായ ഒരംശം കലർന്നിരിക്കും.

- പ്രകൃതിയിലെ ശോകമയമായ അനുഭവവും കലാരൂപത്തിൽ സൗന്ദര്യാത്മകമായിരിക്കും.
- പ്രകൃതിഭാവങ്ങളും സൗന്ദര്യവും ക്ഷണികമാണ്. എന്നാൽ കലാസൗന്ദര്യം ചിരസ്ഥായിയാണ് തുടങ്ങിയ ആശയങ്ങൾ ഉൾപ്പെടുത്തി ക്രോഡീകരിക്കുന്നു.

**സ്വാഭിപ്രായക്കുറിപ്പ് തയാറാക്കാം**

പ്രകൃതിസൗന്ദര്യത്തിന്റെ അനുഭൂതി ഓരോരുത്തർക്കും സ്വകീയമാണ് - ഈ പ്രസ്താവനയോട് സ്വാനുഭവത്തിന്റെ അടിസ്ഥാനത്തിൽ പ്രതികരിക്കുക.

- നിങ്ങൾക്ക് ഏറ്റവും ഹൃദ്യമായി തോന്നിയ പ്രകൃതിദൃശ്യങ്ങൾ ഏതെല്ലാം?
- എന്തുകൊണ്ടാണ് ഓരോരുത്തരുടെയും സൗന്ദര്യസങ്കൽപ്പം വ്യത്യസ്തമാകുന്നത്?
- പൊതുചർച്ച
  - സൗന്ദര്യാസ്വാദനം വ്യക്തിനിഷ്ഠമാണ്.
  - പ്രകൃതി അനുനിമിഷം മാറിക്കൊണ്ടിരിക്കുന്നു.
  - പ്രകൃതിയിലെ ഒരു സുന്ദരനിമിഷം പിന്നീടൊരിക്കലും ദൃശ്യമാകണമെന്നില്ല.
  - പ്രകൃതിയിൽനിന്നു സൗന്ദര്യം കണ്ടെത്തുകയെന്നത് ഓരോ വ്യക്തിയുടെയും സൗന്ദര്യസങ്കൽപ്പങ്ങളുമായി ഏറെ ബന്ധപ്പെട്ടിരിക്കുന്നു.

താഴെ തന്നിരിക്കുന്ന സന്ധ്യാവർണനകൾകൂടി ചർച്ചചെയ്യാം.

*"പച്ചിലച്ചാർത്തിൻ പഴുതിങ്കലൂടതാ കാണ്മൂ*
*പശ്ചിമാംബരത്തിലെപ്പനിനീർപ്പൂന്തോട്ടങ്ങൾ"*

**- ചങ്ങമ്പുഴ**

*"പറന്നുപോയ് പഞ്ചവർണ-*
*ക്കിളിക്കൂട്ടങ്ങൾ പോലവെ*
*കുന്നിൻചെരുവിലോണപ്പൂ-*
*ക്കുമ്പിളേന്തിയ സന്ധ്യകൾ."*

**- സൗന്ദര്യപൂജ - പി. കുഞ്ഞിരാമൻനായർ**

സന്ധ്യാസമയത്തുള്ള ആകാശത്തെക്കുറിച്ച് രണ്ടു കവികളുടെ കാഴ്ചകളാണ് തന്നിരിക്കുന്നത്. മറ്റൊരു കാഴ്ചക്കാരന് ഇവ കവികൾക്ക് അനുഭവപ്പെട്ടതുപോലെ മനോഹരമായിരിക്കണമെന്നില്ല. സുന്ദരമല്ലെന്നു തോന്നുന്നവപോലും ഒരു ഫോട്ടോഗ്രാഫർക്ക് സുന്ദരദൃശ്യമായി പകർത്താനാവും. കാണുന്നവന്റെ മാനസികഭാവങ്ങൾക്ക് കാഴ്ച സുന്ദരമാക്കുന്നതിൽ വളരെയധികം പങ്കുണ്ട്. അതുകൊണ്ടുതന്നെയാണ് പ്രകൃതിസൗന്ദര്യത്തിന്റെ അനുഭൂതി ഓരോരുത്തർക്കും സ്വകീയമാണെന്നു പറയുന്നത്.

### നിരീക്ഷണം കുറിക്കുക

"മനുഷ്യൻ പ്രകൃതിയിൽനിന്ന് വിഭിന്നനാണ്."

- ലേഖകൻ ഇപ്രകാരം അഭിപ്രായപ്പെട്ടത് എന്തുകൊണ്ടാവാം? ചർച്ചചെയ്യാം.

ചർച്ചയിലൂടെ രൂപപ്പെട്ട ആശയങ്ങൾ ക്രോഡീകരിക്കുന്നു.

### ക്രോഡീകരണം

മനുഷ്യൻ പ്രകൃതിയിൽനിന്നു വിഭിന്നനാണെന്ന സങ്കൽപ്പം മനുഷ്യൻ പ്രകൃതിയുടെ ഭാഗമാണെന്ന വസ്തുതയെ നിരാകരിക്കുന്നില്ല. എന്നാൽ പ്രകൃതിയിലെ ഇതര ജീവിവർഗത്തിൽനിന്നു തീർത്തും വ്യത്യസ്തനാണ് മനുഷ്യൻ. സർഗാത്മകതയാണ് മനുഷ്യനെ ഇതര ജീവികളിൽനിന്നും വ്യത്യസ്തനാക്കുന്നത്. സൗന്ദര്യം സൃഷ്ടിക്കാനും പരിഷ്കരിക്കാനും കഴിയുന്ന ഏകജീവിയാണ് മനുഷ്യൻ. പ്രകൃതിതന്നെ മനുഷ്യന് വ്യത്യസ്തമായ അസ്തിത്വം നൽകിയിരിക്കുന്നു.

> "മർത്ത്യബോധങ്ങൾപെറ്റ
> മക്കളല്ലീ പുരോഗമനങ്ങൾ " (കുടിയൊഴിക്കൽ-വൈലോപ്പിള്ളി)

പുരോഗതിയുടെ അടിസ്ഥാനവും മനുഷ്യന്റെ സർഗാത്മകചിന്തയാണെന്ന് കവിയും സാക്ഷ്യപ്പെടുത്തുന്നു.

ചർച്ച - ക്രോഡീകരണം

"പ്രകൃതിഭാവങ്ങളുടെ ക്ഷണികതയെ അപേക്ഷിച്ച് കലയുടെ ഭാവം ചിരസ്ഥായിയാണ്"- വ്യക്തിഗതമായും ചർച്ചയിലൂടെയും കുട്ടികൾ ഈ പ്രസ്താവന വിലയിരുത്തട്ടെ.

പ്രകൃതി അനുനിമിഷം മാറിക്കൊണ്ടിരിക്കുന്നു. പ്രകൃതിയുടെ ഓരോ ഭാവവും ക്ഷണിക മാണ്. നിരന്തരം മാറിക്കൊണ്ടിരിക്കുകയെന്നത് പ്രകൃതിയുടെ അടിസ്ഥാനസ്വഭാവമാണ്. മാത്രമല്ല, പല ഭാവങ്ങളിലും സൗന്ദര്യം കാണാനുമാകില്ല. കേവലമായ സൗന്ദര്യം പ്രകൃതിയിൽ സുലഭമല്ല. അത്യപൂർവമായി മാത്രം ദർശിക്കാൻ കഴിയുന്നതാണ് അത്. എന്നാൽ അതൊരു ചിത്രമായി മാറുമ്പോൾ യഥാർഥ കാഴ്ചയെക്കാൾ മിഴിവ് കൈവരുന്നു എന്നതാണ് കലാസൗന്ദര്യത്തിന്റെ മികവ്. ആ ചിത്രത്തിനാകട്ടെ, പിന്നീട് യാതൊരു മാറ്റവും സംഭവിക്കുന്നില്ല. പ്രകൃതിയിൽ ആ ദൃശ്യനിമിഷം പിന്നീടൊരിക്കലും ഉണ്ടാകണമെന്നില്ല. പക്ഷേ ചിത്രകലയിലെത്തുന്നതോടെ ആ ദൃശ്യം സ്ഥായിയായി മാറുന്നു. ക്ഷണികതയെ ചിരസ്ഥായിയാക്കുകയാണ് കല ചെയ്യുന്നത്. പ്രസ്താവന വില യിരുത്തി കുറിപ്പ് തയാറാക്കുന്നു.

### സമസ്തപദങ്ങളുടെ സവിശേഷതകൾ കണ്ടെത്താം

- *"പച്ചിലച്ചാർത്തിൻ പഴുതിങ്കലൂടതാ കാണ്മൂ*
  *പശ്ചിമാംബരത്തിലെപ്പനിനീർപ്പൂന്തോട്ടങ്ങൾ"*

- ഈ വരികളിലെ അടിവരയിട്ട പദപ്രയോഗങ്ങൾ കവിതയ്ക്ക് സൗന്ദര്യം നൽകു ന്നത് എങ്ങനെയൊക്കെയാണ്?

ഈ വരികളിലെ സൗന്ദര്യാവിഷ്കാരത്തിന് കവി സ്വീകരിച്ചിരിക്കുന്ന രചനാതന്ത്രങ്ങൾ എന്തെല്ലാം? ക്രോഡീകരണം.

- വാങ്മയചിത്രം
- പ്രയോഗഭംഗി
- സന്ധ്യയുടെ മനോഹാരിത

പച്ചിലയുടെ ചാർത്ത്, പശ്ചിമത്തിലെ അംബരം, പനിനീർപ്പൂക്കളുടെ തോട്ടം എന്നിങ്ങനെ പ്രയോഗിക്കുന്നതിനു പകരം സമസ്തപദം പ്രയോഗിക്കുന്നതുകൊണ്ടുള്ള ഗുണങ്ങൾ എന്തെല്ലാം?

- ചർച്ച - ക്രോഡീകരണം

- താളഭംഗി
- ആശയവ്യക്തത, അർഥശക്തി
- ഒതുക്കം, ലാളിത്യം
- വാങ്മയചിത്രത്തിന്റെ മിഴിവ്
- ഉച്ചാരണസൗകര്യം

കവിതാഭാഗത്തുനിന്ന് കൂടുതൽ സമസ്തപദങ്ങൾ കണ്ടെത്തി അവ കാവ്യസന്ദർഭത്തിന് നൽകുന്ന ഭംഗി വ്യക്തമാക്കുക. (വ്യക്തിഗതം)

4/5 പേർ ഗ്രൂപ്പിൽ പങ്കുവയ്ക്കുന്നു.

സമാസിച്ചു പ്രയോഗിക്കുന്നതിന്റെ ഗുണങ്ങൾ തിരിച്ചറിയുന്നു.

- ഉണങ്ങിയ മരത്തിന്റെ ചില്ലയിൽ കിളികൾ കൂടുകൂട്ടുമോ?

  ഉണങ്ങിയ മരച്ചില്ലയിൽ കിളികൾ കൂടുകൂട്ടുമോ?

- കുഴിയിൽ വീണ ആനയുടെ കുട്ടി അലറിക്കരഞ്ഞു.

  കുഴിയിൽ വീണ ആനക്കുട്ടി അലറിക്കരഞ്ഞു.

- കറുത്ത പശുവിന്റെ കുട്ടിയെ കാണാതായി.

  കറുത്ത പശുക്കുട്ടിയെ കാണാതായി.

തുടർന്ന് സ്ലൈഡ് പ്രദർശിപ്പിക്കുന്നു. അടിവരയിട്ട പദങ്ങൾ സമാസിച്ചും വിഗ്രഹിച്ചും പ്രയോഗിച്ചപ്പോൾ വാക്യത്തിന്റെ അർഥത്തിൽ എന്തെങ്കിലും വ്യത്യാസമുണ്ടായോ?

കുട്ടികൾ പ്രതികരിക്കുന്നു.

വിഗ്രഹിച്ചുപയോഗിക്കുമ്പോൾ അർഥസന്ദിഗ്ധതയുണ്ട്; സമാസിച്ചുപയോഗിക്കുമ്പോൾ അർഥവ്യക്തതയും.

"പ്രകൃതി എപ്പോഴും മാറിമാറിക്കൊണ്ടിരിക്കുന്നു. അതിന്റെ ഓരോ ഭാവവും ക്ഷണികമാണ്. ഈ ഭാവങ്ങളിൽ ചിലതു നമ്മിൽ സൗന്ദര്യപ്രതീതി ഉളവാക്കുവാൻ പര്യപ്തമായിരിക്കാം. എന്നിരുന്നാലും അതിനു സ്ഥിരതയില്ല. നേരെമറിച്ച്, കലയിൽ രമണീയഭാവത്തിനു സ്ഥിരപ്രതിഷ്ഠ ലഭിക്കുന്നു. ആ ഭാവത്തിനു മാറ്റം സംഭവിക്കുന്നില്ല. ആസ്വാദകർ വന്നും പോയുംകൊണ്ടിരിക്കുന്നു. എന്നാൽ കല നിശ്ചലമായിത്തന്നെ നിലകൊള്ളുന്നു (ഈ അർഥത്തിലാണ് കല ശാശ്വതമാണെന്നു പറയുന്നത്). പ്രകൃതിഭാവങ്ങളുടെ ക്ഷണികതയെ അപേക്ഷിച്ച് കലയുടെ ഭാവം ചിരസ്ഥായിയാണ്."

- *പ്രകൃതിസൗന്ദര്യവും കലാസൗന്ദര്യവും*

അടിവരയിട്ട പദങ്ങളുടെ സ്ലൈഡ് പ്രദർശിപ്പിക്കുന്നു.

പ്രസ്തുത പദങ്ങൾക്ക് വാക്യസന്ദർഭങ്ങളിലെ അർഥമെന്ത്? വ്യക്തിഗതമായി കുറിക്കുന്നു.

4/5 പേർ ഗ്രൂപ്പിൽ പങ്കുവയ്ക്കുന്നു.

ചേർത്തെഴുതിയതുകൊണ്ട് വാക്യസന്ദർഭത്തിനുണ്ടായ സവിശേഷതകൾ/ഗുണങ്ങൾ എന്തൊക്കെ?

ചർച്ച, ക്രോഡീകരണം

## പ്രയോഗഭംഗി കണ്ടെത്താം

ലേഖനത്തെ മിഴിവുറ്റതാക്കാൻ എം.പി. പോൾ ഉപയോഗിച്ച സവിശേഷപ്രയോഗങ്ങൾ കണ്ടെത്തുന്നു. വിശകലനം ചെയ്യുന്നു.

- ഖനിയിൽനിന്നു കുഴിച്ചെടുക്കുന്ന ലോഹംപോലെ, പ്രകൃതിസൗന്ദര്യം അസംഗതമായ മറ്റു പലതിനോടും കലർന്നു സങ്കീർണമായിട്ടാണ് ആവിർഭവിക്കുക.
    - ഖനികളിൽനിന്നു കുഴിച്ചെടുക്കുന്നത് ലോഹത്തിന്റെ കലർപ്പാണ്.
    - അനേകം വിശ്ലേഷണങ്ങളിലൂടെ മാത്രമേ ലോഹം തനതുസ്വഭാവത്തിലെത്തൂ.
    - കുഴിച്ചെടുക്കുന്ന സ്വർണം അതേപോലെ ആഭരണങ്ങൾ നിർമിക്കാൻ ഉപയോഗിക്കാറില്ല.
    - ആസ്വാദനത്തിലും ഒരു വിശ്ലേഷണപ്രക്രിയ ആവശ്യമാണ്.
    - പ്രകൃതിസൗന്ദര്യം ഒട്ടേറെ കലർപ്പുകൾ ചേർന്ന അവസ്ഥയിലാണ്.
    - കലർപ്പുകളെ വേർതിരിക്കാനുള്ള കഴിവാണ് ആസ്വാദനശേഷിയെ നിർണയിക്കുന്നത്.

# യൂണിറ്റ്‌വിശകലനം

പ്രവർത്തനസമയം : 24 പിരീഡ്

| പഠനനേട്ടങ്ങൾ | പാഠഭാഗങ്ങൾ | ആശയം/ധാരണ | പ്രധാന പ്രവർത്തനങ്ങൾ | പഠനത്തെളിവുകൾ (വ്യവഹാരരൂപങ്ങൾ/പ്രകടിതരൂപങ്ങൾ) | വിലയിരുത്തൽ |
|---|---|---|---|---|---|
| • ലേഖനം, നിരൂപണം, പഠനം, ഉപന്യാസം എന്നിവ വായിച്ച് പ്രമേയപരവും സൗന്ദര്യപരവുമായ അംശങ്ങൾ തിരിച്ചറിഞ്ഞ് ഔചിത്യപൂർവം പ്രയോജനപ്പെടുത്തുന്നു. | പ്രകൃതിസൗന്ദര്യവും കലാസൗന്ദര്യവും | • മനുഷ്യൻ പ്രകൃതിയിൽ നിന്ന് വിഭിന്നനാണെന്ന സങ്കൽപ്പമാണ് പ്രകൃതി-കലാസൗന്ദര്യ വിവേചനത്തിനുള്ള നിദാനം.<br>• കലയിൽ രമണീയഭാവത്തിന് സ്ഥിരപ്രതിഷ്ഠ ലഭിക്കുന്നു.<br>• കലയുടെ ഭാവം ചിരസ്ഥായിയാണ്.<br>• പ്രകൃതിസൗന്ദര്യാനുഭൂതികൾ സ്വകീയമാണ്. | • കുറിപ്പ് തയാറാക്കൽ<br>• സ്വാഭിപ്രായക്കുറിപ്പ് തയാറാക്കൽ<br>• ലഘൂപന്യാസം തയാറാക്കൽ | • കുറിപ്പ്<br>• വിശകലനക്കുറിപ്പ്<br>• ലഘൂപന്യാസം | • ആശയം<br>• അവതരണമികവ്<br>• സ്വന്തം നിരീക്ഷണം<br>• ആശയം<br>• വിശകലനശേഷി<br>• സ്വന്തം നിരീക്ഷണം |
| • വാങ്മയചിത്രങ്ങൾ കണ്ടെത്തുകയും പ്രയോഗഭംഗി തിരിച്ചറിയുകയും ചെയ്യുന്നു. | | • ഗദ്യഭാഷയിലെ ആലങ്കാരിക ഭംഗി തിരിച്ചറിയുന്നു. | • വാങ്മയചിത്രം തയാറാക്കുന്നു.<br>• പ്രയോഗഭംഗി കണ്ടെത്തൽ | • കുറിപ്പ് | • ആമുഖം<br>• ഉള്ളടക്കം<br>• അവതരണരീതി<br>• ഭാഷ |
| • സമസ്തപദങ്ങളുടെ ഉപയോഗം ഭാഷയെ എങ്ങനെ ശക്തമാക്കുന്നു എന്ന് തിരിച്ചറിഞ്ഞ് ഉചിത സന്ദർഭങ്ങളിൽ പ്രയോഗിക്കുന്നു. | | • പൂർവോത്തരപദങ്ങൾ സമാസിക്കുമ്പോൾ സമസ്തപദങ്ങൾക്കുണ്ടാകുന്ന മാറ്റം തിരിച്ചറിയുന്നു. | • സമസ്തപദങ്ങൾ വിഗ്രഹിക്കൽ | • ലഘുകുറിപ്പുകൾ | • ഭാഷാവസ്തുതകൾ |

# 2 മനുഷ്യകഥാനുഗായികൾ

## അമ്മ

സ്വന്തം ജീവിതം സ്വന്തം ഭാഷയിലെഴുതി മലയാളകഥയുടെ സുൽത്താനായിത്തീർന്ന വൈക്കം മുഹമ്മദ്ബഷീറിന്റെ 'ഓർമ്മക്കുറിപ്പി'ൽ നിന്നെടുത്ത കഥയാണ് 'അമ്മ'. ദേശസ്നേഹവും മാതൃസ്നേഹവും തുല്യശക്തിയിൽ നിറഞ്ഞുനിൽക്കുന്ന ഈ കഥ ഏറെ പ്രശസ്തമാണ്. ബഷീറിന്റെ വിദ്യാർഥിജീവിതവും സ്വാതന്ത്ര്യസമരത്തിന്റെ വീരഗാഥകളും അമ്മയെക്കുറിച്ചുള്ള നിരീക്ഷണങ്ങളും ഓർമകളും എല്ലാമടങ്ങുന്ന 'അമ്മ' ബഷീറിന്റെ ആത്മകഥയായിത്തന്നെ വായിക്കാം. അമ്മയുടെ കത്തിൽ നിന്നാരംഭിച്ച് ഓർമ്മയിലൂടെ അമ്മയിലേക്കും ഗാന്ധിജിയിലേക്കും ഉപ്പുസത്യഗ്രഹസമരകാലത്തെ അനുഭവങ്ങളിലേക്കും പ്രവഹിച്ച് ഒടുവിൽ അമ്മയുടെ കത്തിലേക്കുതന്നെ തിരിച്ചെത്തുന്ന അന്യാദൃശമായ കഥനശൈലികൊണ്ട് ബഷീർ നമ്മെ വിസ്മയിപ്പിക്കുന്നു. മാതാവിന്റെയും മാതൃഭൂമിയുടെയും മഹത്ത്വം തിരിച്ചറിയാനും സാമൂഹികവും വ്യക്തിപരവുമായ കടമകൾ നിർവഹിക്കാനുമുള്ള മൂല്യബോധം ഉറപ്പിക്കാൻ ഈ കഥ സഹായകമാവും. ബഷീർശൈലിയുടെ സത്തയും തനിമയും പരിചയപ്പെടാനും അനുഭവങ്ങൾ ശക്തമായ ഭാഷയിൽ എഴുതിപ്പരിശീലിപ്പിക്കാനും ഈ പാഠത്തിന്റെ വിനിമയം സഹായിക്കും.

## പാഠാവതരണം

സെൻകഥ വായിച്ചല്ലോ.

- അധ്യയനത്തെക്കുറിച്ചുള്ള ഗുരുവിന്റെ കാഴ്ചപ്പാടിനോട് നിങ്ങൾ യോജിക്കുന്നുണ്ടോ?
- അനുഭവമാണ് ഗുരു എന്നു പറയുന്നത് എന്തുകൊണ്ടാവാം?

ലഘുചർച്ച

വൈവിധ്യപൂർണമായ അനുഭവങ്ങളിലൂടെയാണ് നാമോരോരുത്തരും ഓരോ നിമിഷവും കടന്നുപോകുന്നത്. സ്വന്തം അനുഭവങ്ങളും മറ്റുള്ളവരുടെ അനുഭവങ്ങളുമൊക്കെയാവാം കലയിലും സാഹിത്യത്തിലും ആവിഷ്കരിക്കപ്പെടുന്നത്. ഓരോ അനുഭവവും നമുക്ക് പുതിയ ജീവിതപാഠങ്ങളും തിരിച്ചറിവും നൽകുന്നുണ്ട്. അനുഭവങ്ങളുടെ വൻകരകൾ സാഹിത്യത്തിൽ ആവിഷ്കരിച്ച എഴുത്തുകാരനാണ് ബഷീർ. ആത്മാംശം കലർന്ന രചനകളാണ് അദ്ദേഹത്തിന്റേത്. അമ്മ എന്ന കഥയും അത്തരത്തിലുള്ളതാണ്.

കഥയിൽ കഥാകാരന്റെ ഏതെല്ലാം അനുഭവങ്ങളാണ് ആവിഷ്കരിച്ചിരിക്കുന്നത്?

കഥ വായിച്ച് കണ്ടെത്തുക.

- ബാല്യത്തിൽത്തന്നെ സ്വാതന്ത്ര്യസമരത്തിൽ പങ്കാളിത്തം.
- ഹെഡ്മാസ്റ്ററിൽനിന്നുള്ള ശിക്ഷ
- പോലീസിന്റെ കൊടിയ മർദ്ദനം
- ഗാന്ധിജിയോടുള്ള തീവ്രമായ സ്നേഹം
- പെറ്റമ്മയോടും മാതൃരാജ്യത്തോടുമുള്ള സ്നേഹം
- സ്വാതന്ത്ര്യസമരത്തിലെ പങ്കാളിത്തം.

> *ഞാനാണ് കഥ; ഞാനെഴുതുന്നതു ഭാഷയും. ഇതൊരാത്മാഭിമാനമാണ്. അഹന്തയാണെന്നു നിങ്ങൾക്കു പറയാം. പക്ഷേ, ബഷീറിന്റെ കൃതികളിൽ തനിക്കേറ്റ നഖപ്പാടുകളാണ് സ്നേഹം. തനിക്കു കിട്ടിയ ചവിട്ടും തൊഴിയുമാണ് സ്വാതന്ത്ര്യസമരം. താനലഞ്ഞ നാടുകളാണ് ലോകം. തന്റെ അനുഭവങ്ങളുടെ സാകല്യമാണ് തത്ത്വചിന്ത. ബഷീർ ചരിത്രത്തെ തന്നെക്കൊണ്ടളക്കുന്നു. കൃതികൾ കൊണ്ടടയാളപ്പെടുത്തുന്നു. ഉണർന്നു ജീവിക്കുന്ന ഒരു കലാകാരന്റെ ആത്മകഥയാണ് ചരിത്രം ...*
>
> എം. എൻ. വിജയൻ
> അവതാരിക- ബഷീർ
> സമ്പൂർണകൃതികൾ

- ഈ നിരീക്ഷണം കഥാവായനയുടെ ക്രോഡീകരണമായി ഉപയോഗിക്കാം.

## അനുഭവത്തിന്റെ കൊടുമുടികൾ

അലച്ചിലിന്റെ ചരിത്രമാണ് ബഷീറിന്റെ കല. അലഞ്ഞില്ലെങ്കിൽ ബഷീറില്ല. എസ്.കെ. പൊറ്റെക്കാട്ടിന്റെ യാത്രകൾ പോലെയല്ല. അതിനൊക്കെ കൃത്യമായ ആസൂത്രണവും ലക്ഷ്യവും സജ്ജീകരണങ്ങളും ഉണ്ടായിരുന്നു. എന്നാൽ ബഷീർ ജീവിതത്തിന്റെ യാദൃച്ഛികതകളിലൂടെ, വിസ്മയങ്ങളിലൂടെ എങ്ങെന്നില്ലാതെ നടന്നുപോയി. വേട്ടനായ പോലെ ജീവിതം അദ്ദേഹത്തിനു പിന്നിലുണ്ടായിരുന്നു. പി. കുഞ്ഞിരാമൻനായരെപ്പോലെ അലഞ്ഞുകൊണ്ടേയിരിക്കാൻ പ്രേരിപ്പിക്കുന്ന അവധൂതത്വം ബഷീറിലുമുണ്ടായിരുന്നു.

മലയാളത്തിൽ മറ്റൊരു എഴുത്തുകാരനും സാധിക്കാത്ത വിധത്തിൽ ബഷീർ ജീവിതത്തെ ഉഴുതുമറിച്ചു. ട്യൂഷൻ മാസ്റ്റർ, കൈനോട്ടക്കാരൻ, കണക്കപ്പിള്ള, മരുന്നുവിൽപ്പനക്കാരൻ, ലൂംഫിറ്റർ, മിൽത്തൊഴിലാളി, ഖലാസി, ഗേറ്റ് കീപ്പർ, സ്വാതന്ത്ര്യസമരസേനാനി, ക്ഷുരകൻ, യാചകൻ, പാചകക്കാരൻ, പത്രവിൽപ്പനക്കാരൻ, പത്രാധിപർ, ഗുസ്തിക്കാരൻ, മാജിക്ക്കാരന്റെ ശിങ്കിടി, സ്പോർട്സ് സാധനങ്ങളുടെ ഏജന്റ്, ട്രാവലിങ് ഏജന്റ്, സന്ന്യാസി, സൂഫി, എഴുത്തുകാരൻ, ഹോട്ടൽ തൊഴിലാളി എന്നിങ്ങനെ എന്തെന്ത് വൈവിധ്യങ്ങളിലൂടെയാണ് ബഷീർ കടന്നുപോയത്! ഈ നാനാത്വം ബഷീറിന്റെ അനുഭവലോകത്തെയും രചനാലോകത്തെയും സമൃദ്ധമാക്കി.

മനുഷ്യവാസമില്ലാത്ത മരുഭൂമികളിലും മലകളിലും ഗുഹകളിലും കടൽക്കരകളിലും നിലാവു നിറഞ്ഞ പെരുവഴിയിലും എത്തും പിടിയും കിട്ടാത്ത അനുഭവങ്ങൾ തനിക്കുണ്ടായിട്ടുണ്ടെന്ന് ബഷീർ എഴുതി.

ഒരു ദിവസം താൻ യാചകനായി ജീവിച്ചുവെന്ന് ബഷീർ എഴുതി. ക്ഷുരകനായി ജീവിച്ച കാലത്തിന്റെ ഓർമകൾ ബഷീർ ഒരു ലേഖനത്തിൽ വിവരിച്ചിട്ടുണ്ട്. ഉപ്പുസത്യഗ്രഹത്തിൽ പങ്കെടുത്ത് കണ്ണൂർ സെൻട്രൽ ജയിലിൽ കഴിയുന്ന കാലമാണ്. ബഷീർ എഴുതുന്നു: "ഞാൻ അന്ന് ജയിലിൽ മുഴുവൻ നടക്കുമായിരുന്നു. അന്നു ഞാൻ വളരെ തിരക്കുള്ള ഒരു ബാർബർ ആയിരുന്നു... കണ്ണൂർ സെൻട്രൽ ജയിലിൽ വച്ച് ഞാൻ മുൻചൊന്ന മഹാക്ഷുരകന്റെ ശിഷ്യനായി. അദ്ദേഹം എനിക്ക് കത്രികയും ചീപ്പും ബ്രഷും കത്തിയും കല്ലുമൊക്കെ തന്നു. ഞാൻ പുതിയ ചെരപ്പിയായി. ഞാൻ ഒരുപാട് മഹത്തുക്കളുടെ തലകൾ ശരിപ്പെടുത്തിയിട്ടുണ്ട്. മിക്കതും ഹിന്ദുക്കളുടേതാണ്. അവരാണ് എനിക്ക് കൂടുതൽ പ്രോത്സാഹനം തന്നത്."

ബഷീറിന്റെ രചനകളിലെ അനുഭവങ്ങളെ നാലുഘട്ടങ്ങളായി വിഭജിക്കാം. കുട്ടിക്കാലത്തിലെയും രാഷ്ട്രീയകാലത്തിലെയും സഞ്ചാരകാലത്തിലെയും കുടുംബജീവിതകാലത്തിലെയും അനുഭവങ്ങളെ വെവ്വേറെ വായിച്ചെടുക്കാം. ബാല്യകാലസഖി, പാത്തുമ്മായുടെ ആട് തുടങ്ങിയ കൃതികളിൽ ബഷീറിന്റെ കുട്ടിക്കാല ഓർമകളുണ്ട്.

ആനപ്പൂട, അജ്ഞാതമായ ഭാവിയിലേക്ക് തുടങ്ങിയ കഥകളിലും ബാല്യകാലം ഉണ്ട്. സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്തതിന്റെയും ജയിലിൽ കിടന്നതിന്റെയും നിരവധി അനുഭവങ്ങൾ ബഷീർകൃതികളിൽ വായിക്കാവുന്നതാണ്. 'എന്റെ വലതുകൈ' എന്ന കഥയിൽ ജയിലിൽ കഴിയുന്ന കാലത്തെ പൊള്ളുന്ന ഒരു ഓർമയാണുള്ളത്. ഗാന്ധിജിയെ തൊട്ട അനുഭവം 'അമ്മ'യിലുണ്ട്. ടൈഗർ, പോലീസുകാരന്റെ മകൾ, ഇടി

യൻ പണിക്കർ തുടങ്ങിയ കഥകൾ കൊല്ലം കസബ സ്റ്റേഷനിലെ ലോക്കപ്പിൽ കിട ന്നെഴുതിയതാണ്. 'മതിലുകൾ' ജയിലിന്റെ പശ്ചാത്തലത്തിൽ രചിക്കപ്പെട്ട നോവലാണ്.

ഗാന്ധിജി മരിച്ചപ്പോൾ റേഡിയോവിൽ നെഹ്റുവിന്റെ പ്രസംഗം കേൾക്കാൻ എറ ണാകുളത്തേക്ക് ഓടിപ്പോയതിന്റെ ചരിത്രം 'എന്റെ വലതുകൈ' എന്ന കഥയിലുണ്ട്. 'വത്സരാജനി'ൽ ബഷീർ'എഴുതി: "പണ്ട് യുവാവായിരുന്ന കാലത്ത് ഞാൻ വൈക്കം ഇംഗ്ലീഷ് സ്കൂളിൽ പഠിക്കുമ്പോൾ എന്റെ പെറ്റമ്മയുടെ കൈയിൽനിന്ന് ഒരു ഗ്ലാസ് വെള്ളം വാങ്ങിക്കുടിച്ചിട്ട് ആരോടും ഒന്നും പറയാതെ വീട്ടിൽ നിന്ന് ഒളിച്ചോടി. വിദൂ രമായ കോഴിക്കോട്ടു വന്ന് ഉപ്പുസത്യഗ്രഹത്തിൽ പങ്കുകൊണ്ട്, ബ്രിട്ടിഷ് ഗവൺമെന്റിന്റെ നിശ്ചിതനിയമം ലംഘിച്ച് രാഷ്ട്രീയസമരത്തിൽ പങ്കുകൊണ്ട് അടിയും ഇടിയും വാങ്ങി ജയിൽശിക്ഷ അനുഭവിച്ചു."

കണ്ണൂർ ജയിലിൽ ബഷീർ കഴിയുന്ന കാലത്താണ് ഭഗത്സിങ്ങിനെ തൂക്കിക്കൊല്ലു ന്നത്. ഗാന്ധിജിയുടെ സഹനസമരമാർഗത്തിൽ വിശ്വാസം നഷ്ടപ്പെട്ട ബഷീർ ജയിൽമോചിതനായശേഷം എറണാകുളത്തെത്തി 'വാനരസേന' എന്ന പേരിൽ ഭീകരസംഘം രൂപീകരിച്ചു. 'ഉജ്ജീവനം' വാരിക നടത്തി. അക്കാലത്ത് അറസ്റ്റ് വാറണ്ട് ഉണ്ടായപ്പോൾ കേരളം വിട്ടു. നീണ്ട കാലത്തെ യാത്രയുടെ തുടക്കമായിരുന്നു. ഉത്ത രേന്ത്യയിലെ മിക്ക നഗരങ്ങളിലും ബഷീർ താമസിച്ചു. വിജനമായ മരുഭൂമികളിലൂടെ അലഞ്ഞു. കപ്പൽജോലിക്കാരനായി ആഫ്രിക്കയുടെയും അറേബ്യയുടെയും തീര ങ്ങളിലൂടെ സഞ്ചരിച്ചു.

സിയാൽകോട്ടിൽ സ്പോർട്സ് സാധനങ്ങളുടെ ഏജന്റായി പ്രവർത്തിക്കുന്ന കാല ത്താണ് ബഷീർ നാട്ടിലേക്കു തിരിച്ചുവരുന്നത്. പിന്നെ എഴുത്തിൽ സജീവമായി. അനുഭവത്തിന്റെ നാലാംഘട്ടം 'സെൽഫിച്ചികൾ' എന്ന കുടുംബകഥയിൽനിന്നു തുട ങ്ങുന്നു. സ്വർണമാല, തങ്കമോതിരം തുടങ്ങിയ കഥകളിലും പാത്തുമ്മായുടെ ആട്, മാന്ത്രികപ്പൂച്ച തുടങ്ങിയ നോവലുകളിലും യാത്രകളവസാനിപ്പിച്ച് കുടുംബജീവിത ത്തിൽ ബദ്ധനായ ബഷീറാണുള്ളത്.

ബഷീറിനെ അനുകരിക്കാൻ മലയാളത്തിൽ ആർക്കുമായിട്ടില്ല. പക്ഷേ, ബഷീർ പറ യുന്നതു നോക്കുക: "ഞാൻ എഴുതിയിട്ടുള്ളമാതിരി കഥകൾ ആർക്കും പ്രയാസം കൂടാതെ എഴുതാവുന്നതാണല്ലോ... അതിന് വലിയ ബുദ്ധിയും ഭാവനയും അറിവും ഒന്നും ആവശ്യമില്ല. ചുമ്മാ എവിടെയെങ്കിലും കുത്തിയിരുന്ന് എഴുതിയാൽ മതി. അനുഭവങ്ങൾ ച്ചിരിപ്പിടിയോളമുണ്ടല്ലോ. അതെല്ലാം കാച്ചിയാൽ മതി."

അതെ, അനുഭവങ്ങളാണ് പ്രധാനം. ബഷീറിന്റെ പേന ബഷീറിന്റെ അനുഭവങ്ങൾ തന്നെ. ആ അനുഭവാഖ്യാനങ്ങളിൽനിന്നും എം.എൻ. വിജയൻ പറഞ്ഞപോലെ, അനു ഭവങ്ങളുടെ എത്ര വൻകരകളാണ് പൊങ്ങിവന്നത്!

**– അംബികാസുതൻ മാങ്ങാട്**

1892 നവംബർ 2ന് സ്വാമി വിവേകാനന്ദൻ ആത്മസുഹൃത്തായ ഖേത്രി മഹാരാജാവിനെഴുതിയ കത്തിൽനിന്ന് ചില വരികൾ:

"... എന്റെ ജീവിതത്തിലെ വളരെ പ്രധാനപ്പെട്ട ഒരു കാര്യം തിരുമനസ്സിനെ അറിയിക്കാൻ വേണ്ടിയാണ് ഇന്ന് ഞാനീ കത്തെഴുതുന്നത്. അങ്ങയുടെ മുമ്പിൽ എന്റെ മനസ്സ് തുറക്കുന്നതിൽ എനിക്കു ലവലേശം ലജ്ജയില്ല. വലിയൊരു പാപബോധം എന്റെ മനസ്സിനെ സദാ നീറ്റിക്കൊണ്ടിരിക്കുന്നു. ഈ ലോകത്തെ സേവിക്കാനായി ഞാൻ എന്റെ പെറ്റമ്മയെ അവഗണിച്ചു. എനിക്ക് അമ്മയെ കുറച്ചുകാലമെങ്കിലും സേവിക്കുകയും ശുശ്രൂഷിക്കുകയും വേണം. അതാണ് എന്റെ അവസാനത്തെ ആഗ്രഹം. എനിക്ക് എന്റെ അമ്മയുടെ കൂടെ താമസിക്കണം. ഇപ്പോൾ അവർ താമസിക്കുന്നത് ഒരു ചെറ്റപ്പുരയിലാണ്. ചെറുതെങ്കിലും മാന്യമായ ഒരു വീട് അവർക്കു വേണ്ടി പണിയണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. അതിനായി ഞാൻ അങ്ങയോട് അപേക്ഷിക്കട്ടെ..."

*വിവേകാനന്ദ സാഹിത്യസർവസ്വം-കത്തുകൾ*

## അമ്മയെപ്പറ്റി ഖലീൽ ജിബ്രാൻ

മനുഷ്യവംശത്തിന്റെ ചുണ്ടിൽ വിളങ്ങുന്ന
ഏറ്റവും മനോഹരമായ പദമാണ് അമ്മ.
ഏറ്റവും ചേതോഹരമായ വിളിയാകട്ടെ, അമ്മേ എന്നുള്ളതും.
സ്നേഹവും പ്രത്യാശയും നിറഞ്ഞുനിൽക്കുന്ന ഒരു പദമാണത്.
ദുഃഖത്തിൽ സാന്ത്വനമാണമ്മ;
ദുരിതത്തിലെ പ്രത്യാശയും ദൗർബല്യത്തിൽ കരുത്തുമാണവൾ.

പ്രകൃതിയിലെ ഓരോന്നും
അമ്മയുടെ ഭാഷയിൽ സംസാരിക്കുന്നു.
സൂര്യൻ ഭൂമിയുടെ അമ്മയാണ്.
ഭൂമിക്കത് ഹൃദയംകൊണ്ട് പോഷണം നൽകുന്നു.

ഭൂമി മരങ്ങളുടെയും പൂക്കളുടെയും അമ്മയാണ്.
ഭൂമി അവരെ സൃഷ്ടിക്കുന്നു, പരിപാലിച്ചു വളർത്തുന്നു.

അതിനുശേഷം
സ്വതന്ത്രരാക്കുന്നു.
മരങ്ങളും പൂക്കളുമാകട്ടെ, ഫലങ്ങളുടെയും വിത്തുകളുടെയും
കരുണാമയികളായ അമ്മമാരാകുന്നു.
അമ്മ സമസ്ത അസ്തിത്വങ്ങളുടെയും ആദിരൂപമാണ്.
സൗന്ദര്യവും സ്നേഹവും നിറഞ്ഞ അനന്തചൈതന്യമാണമ്മ.

എന്റെ അഭിസംബോധന കേട്ട് ഓടിയെത്തി ആദ്യമായി ആശ്ലേഷിച്ചാശ്വസിപ്പിച്ചത് ആരാണ്...! ഒരദൃശ്യശക്തിയുടെ അന്തഃചോദനയാൽ ഒരു ഉല്ബമായി ഉടലെടുത്ത എന്നെ ഗർഭഭാരഭരണ ക്ലേശങ്ങൾ വകവെക്കാതെ വളർത്തിക്കൊണ്ടുവന്ന് ഈ വിശ്വരംഗത്തിലേക്കെത്തിച്ച മാതൃത്വത്തിന്റെ മുമ്പിൽ എന്റെ സാഷ്ടാംഗപ്രണാമം.

എന്റെ ആയുസ്സിനും ശ്രേയസ്സിനും സ്വത്വം മറന്ന് ശുശ്രൂഷിച്ചു വളർത്തിയതവരാണ്. അച്ഛൻ, അമ്മ, കാക്ക, പൂച്ച ഇങ്ങനെ ഓരോന്നിനെയും ചൂണ്ടിക്കാട്ടി ഈ വിസ്തൃത പ്രപഞ്ചത്തെ പരിചയപ്പെടുത്തിത്തന്നതവരാണ്. ശുഷ്കങ്ങളായ വൈദികക്രിയകൾ കൊണ്ടു വാടിത്തളർന്നെത്തുമ്പോൾ സ്നേഹാർദ്രമായ പുഞ്ചിരിതൂകി കുളുർപ്പിച്ചതവരാണ് - അമ്മ!

*വി.ടി. ഭട്ടതിരിപ്പാട് - കർമ്മവിപാകം (ആത്മകഥ)*

# പാഠവിശകലനം

## ആശയം സംഗ്രഹിക്കുക

വിവേകാനന്ദന്റെ കത്ത്, ജിബ്രാന്റെ കവിത, വി.ടി.യുടെ കുറിപ്പ്, എന്നിവയിലേതെങ്കിലും ഒന്ന് അധ്യാപിക പരിചയപ്പെടുത്തുന്നു. വായനയിലൂടെ ആശയം കണ്ടെത്തുന്നു. ഉചിതമായ ചോദ്യങ്ങൾ ഉന്നയിച്ച് അധ്യാപിക ചർച്ച നയിക്കുന്നു.

- ആരെക്കുറിച്ചാണ് ഇവിടെ വിവരിക്കുന്നത്?
- കവിയുടെ/മകന്റെ എന്തു മനോഭാവമാണിവിടെ തെളിയുന്നത്?
- സമാനമായ ചിന്തകൾ ബഷീറിലും കണ്ടെത്താനാവുമോ?
- കഥയുടെ ആരംഭവും അവസാനവും എങ്ങനെയാണ്?
- കഥയുടെ ശീർഷകം എന്താണ് പറയുന്നത്?

കുട്ടികളുടെ കണ്ടെത്തലുകൾ അധ്യാപിക ക്രോഡീകരിക്കുന്നു.

- അമ്മയെക്കുറിച്ചാണ് വിവരിക്കുന്നത്.
- അമ്മയോടുള്ള കടപ്പാട്, മാതൃത്വത്തിനുമുന്നിൽ വിനീതരാവുന്നു.
- ബഷീർ അമ്മയെ അഗാധമായി ആദരിക്കുന്നു.
- അമ്മയുടെ എഴുത്തിൽ തുടങ്ങി അമ്മയുടെ എഴുത്തിൽ അവസാനിക്കുന്ന കഥ.
- കഥയിൽ അമ്മതന്നെയാണ് മാതാവും മാതൃഭൂമിയും. ശീർഷകവും അമ്മ തന്നെ.

തുടർന്ന് ബഷീർ തന്റെ അമ്മയിൽ കണ്ടെത്തിയ സവിശേഷതകൾ കുറിക്കാം.

- ദാഹിച്ചുമോഹിച്ചുണ്ടായ സന്താനത്തെ വളർത്തി വലുതാക്കുന്നു.

- കാണാനാഗ്രഹിക്കുന്നു. അടുത്തുണ്ടാവാനാഗ്രഹിക്കുന്നു.
- വ്യാകരണമോ വടിവോ ഇല്ലാത്ത എഴുത്ത്, പൊതുകാര്യങ്ങളിലെ അജ്ഞത.
- ഭക്ഷണമൊരുക്കി ഉറങ്ങാതെ കാത്തിരിക്കുന്ന രാത്രികൾ.
- ഭാരതത്തിലെങ്ങുമുള്ള അമ്മമാരുടെ പൊതുമനസ്സ്.

കുട്ടികളുടെ കുറിപ്പുകൾ പരസ്പരം കൈമാറി വിലയിരുത്തട്ടെ. കൂടുതൽ നിരീക്ഷണങ്ങൾ ചേർത്തു മെച്ചപ്പെടുത്തട്ടെ. മെച്ചപ്പെടുത്തിയ രചനകൾ പൊതുവായി അവതരിപ്പിക്കട്ടെ.

## കഥാവിശകലനം തയാറാക്കുക

അധ്യാപിക കഥയിലെ ചില വാക്യങ്ങൾ കുട്ടികളുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

- “അവിടെ നിന്റെ ആരാ ഉള്ളത്?” അദ്ദേഹം നീണ്ടുനിവർന്ന് ‘പടപടോ’ന്ന് ഒരാറെണ്ണം എന്റെ കൈവെള്ളയിൽ. “ഇനി പോകരുത്! മനസ്സിലായോടാ?”
- അന്നു ഞങ്ങൾക്ക് ആഹാരം കിട്ടിയില്ല. രാത്രി ഭയങ്കരമായ തണുപ്പായിരുന്നു. കിടക്കാൻ പായ ഉണ്ടായിരുന്നില്ല. പിറ്റേദിവസം കാലത്തെഴുന്നേറ്റപ്പോൾ ഓരോരുത്തരുടെയും മുഖം നീരുകെട്ടി വീങ്ങിയിരുന്നു. ഞങ്ങൾക്കു തീരെ നടക്കാൻ വയ്യായിരുന്നു.
- “നിങ്ങളാണോ സത്യഗ്രഹി?” എന്നിട്ട് ഗാന്ധിജിയുടെ പല്ലുപോയ കഥ പറഞ്ഞു കേൾപ്പിച്ചു.
- ഞാൻ ഒന്നും പറഞ്ഞില്ല. ഞാൻ ആകെ വിങ്ങിപ്പൊട്ടി. ലോകമെല്ലാം ഉറങ്ങിക്കിടക്കുകയാണ്. എന്റെ മാതാവുമാത്രം ഉറക്കമിളച്ചിരിക്കുന്നു!

■ ഈ സന്ദർഭങ്ങളിൽനിന്നു മനസ്സിലാവുന്നത് എന്തെല്ലാമാണ്?

  - ബഷീറിന്റെ അനുഭവങ്ങളാണിവ.
  - ശാരീരികമായ പീഡാനുഭവങ്ങൾ സഹിക്കുന്നു.
  - അമ്മയെക്കുറിച്ചോർത്ത് മാനസികമായി നീറുന്നു.
  - ആദർശശുദ്ധി ചോദ്യം ചെയ്യപ്പെടുന്ന നിമിഷങ്ങൾ
  - സത്യസന്ധമായ ആഖ്യാനം, അലങ്കാരമില്ലാത്ത ഭാഷ, ഹൃദയത്തിൽ തൊടുന്ന വാക്കുകൾ.

ചർച്ചയിലൂടെ കുട്ടികൾ കണ്ടെത്തിയ ആശയങ്ങൾ അധ്യാപിക ക്രോഡീകരിക്കുന്നു. തുടർന്ന് ‘ബാല്യകാലസഖി’യെപ്പറ്റി എം.പി. പോൾ നടത്തിയ പ്രസിദ്ധമായ നിരീക്ഷണം പ്രദർശിപ്പിക്കുന്നു.

“ഇത് ജീവിതത്തിൽനിന്നു ചീന്തിയെടുത്ത ഒരേടാണ്; വക്കിൽ ചോര പൊടിഞ്ഞിരിക്കുന്നു.”

ജീവിതത്തിൽനിന്നു ചീന്തിയെടുത്തത് - ജീവിതത്തിലെ അനുഭവങ്ങൾ

വക്കിൽ ചോരപൊടിഞ്ഞിരിക്കുന്നു - വേദനിപ്പിക്കുന്ന അനുഭവങ്ങൾ

- പച്ചയായ ആഖ്യാനം

■ ഈ വിശേഷണങ്ങൾ ബഷീറിന്റെ 'അമ്മ' എന്ന കഥയ്ക്കു യോജിക്കുമോ?

- കഥ വിശകലനം ചെയ്ത് കുറിപ്പു തയാറാക്കുക.

തയാറാക്കിയ കുറിപ്പുകൾ കുട്ടികൾ സ്വയം വിലയിരുത്തി മെച്ചപ്പെടുത്തട്ടെ. മെച്ചപ്പെടുത്തിയ രചനകൾ പോർട്ട്ഫോളിയോയിലേക്ക്.

## സ്നേഹസങ്കൽപം കണ്ടെത്തുക

കഥാസന്ദർഭം ക്ലാസിൽ പ്രദർശിപ്പിക്കുന്നു.

("എന്നെ പ്രസവിച്ച ..... പ്രതീക്ഷിക്കുന്നില്ലേ")

കഥാവായനയിൽനിന്നു ലഭിച്ച ആശയങ്ങൾ വച്ച് കുട്ടികൾ പ്രതികരിക്കട്ടെ.

സൂചനകൾ:-

- അമ്മയോടുള്ള ബന്ധം.
- സ്വാതന്ത്ര്യസമരത്തിന്റെ തീവ്രത.
- ബഷീറിന്റെ രാജ്യസ്നേഹം.
- കുടുംബബന്ധങ്ങളെക്കാൾ ശക്തമായ രാജ്യസ്നേഹം.
- സ്വാതന്ത്ര്യസമരസേനാനികളുടെ ത്യാഗോജ്ജ്വലമായ പ്രവർത്തനങ്ങൾ.
-
-

സൂചനകളുടെ അടിസ്ഥാനത്തിൽ ചർച്ച.

വീട് എന്ന ഇത്തിരിവട്ടത്തിൽനിന്ന് നാട് എന്ന വിശാലതയിലേക്കു മനസ്സു വളരുമ്പോഴാണ് പിറന്ന നാടിനെ പെറ്റമ്മയെപ്പോലെ കാണാനാവുന്നത്. വീട്ടിലെ പ്രയാസങ്ങൾ മക്കളാണ് പരിഹരിക്കേണ്ടത്. നാടിന്റെ ദുരിതം തീർക്കാനുള്ള കടമ അതേ അളവിൽ തനിക്കുണ്ട് എന്ന ചിന്തയാണ് ബഷീറിന്റെ ദേശസ്നേഹം.

- അമ്മയെപ്പോലെ ഭാരതവും തന്നെ പ്രതീക്ഷിക്കുന്നുണ്ടെന്ന ബഷീറിന്റെ വാക്കുകളിൽ തെളിയുന്ന മനോഭാവം കുറിക്കുക.

ചർച്ചയിലൂടെ രൂപപ്പെട്ട ആശയങ്ങൾ കുറിപ്പാക്കട്ടെ.

അവതരണം/മെച്ചപ്പെടുത്തൽ

വിലയിരുത്തൽ

കുട്ടികൾ വായിച്ച് അവതരിപ്പിക്കട്ടെ.

- ഗാന്ധിജിയെ വായിച്ചറിയുന്നു.
- ഗാന്ധിജിയുടെ ചിന്തകളുമായി യോജിക്കുന്നു.
- ഗാന്ധിജിയെ സ്വീകരിക്കുന്നതിന്റെ ആവേശം.
- ഗാന്ധിജിയെ തൊട്ടറിയുന്നു.
- ആശ്രമത്തിൽ പോകുന്നു, ഖദർ ധരിക്കുന്നു.
- അമ്മയോട് ഗാന്ധിജിയെപ്പറ്റി സംസാരിക്കുന്നു.
- ഗാന്ധിജിയുടെ ദണ്ഡിസമരപ്രഖ്യാപനം കേട്ട് ആവേശമുൾക്കൊള്ളുന്നു.
- വീടുവിട്ടിറങ്ങി ഉപ്പുസത്യഗ്രഹത്തിൽ പങ്കെടുക്കാൻ പോകുന്നു
- നിരാഹാരസമരം, സത്യഗ്രഹസമരം എന്നീ ഗാന്ധിയൻ സമരപാതകൾ സ്വീകരിക്കുന്നു.
- ഹിംസ ഉപേക്ഷിക്കാൻ തയാറാവുന്നു.
- ഗാന്ധിജിയോടുള്ള ആരാധന ബഷീറിന്റെ ജീവിതത്തെ എങ്ങനെയെല്ലാം സ്വാധീനിച്ചു എന്ന് ഈ ചർച്ചയുടെ വെളിച്ചത്തിൽ നിരീക്ഷണക്കുറിപ്പ് തയാറാക്കുക.

ചർച്ചയിലെ പങ്കാളിത്തവും കുറിപ്പും നിരന്തരമൂല്യനിർണയത്തിന് ഉപയോഗിക്കാം.

### ഗാന്ധിജിയുടെ സ്വാധീനം ബഷീറിൽ

- കഥാസന്ദർഭം ഒരാവൃത്തികൂടി വായിക്കട്ടെ.

- ദേശീയ സ്വാതന്ത്ര്യസമരത്തിൽ ഗാന്ധിജിയുടെ സ്ഥാനം എന്തായിരുന്നു?
- ഇന്ത്യൻ ജനതയെ ഒരു ചരടിൽ കോർത്തവരെന്നപോലെ നയിക്കാൻ കഴിഞ്ഞതെന്തുകൊണ്ട്?
- ഗാന്ധിജിയെ തൊടണം എന്നു ബഷീർ തീവ്രമായി മോഹിച്ചത് എന്തുകൊണ്ടാവാം?
- ഗാന്ധിജിയോടുള്ള ആദരവ് ബഷീറിന്റെ ജീവിതാവബോധത്തിൽ വരുത്തിയ മാറ്റങ്ങൾ എന്തെല്ലാം?

ഇന്ത്യൻ ദേശീയപ്രസ്ഥാനത്തിന്റെ ദീപ്തമായ പ്രതീകമാണ് ഗാന്ധിജി. ഇന്ത്യൻ ജനതയെ ആഴത്തിൽ മനസ്സിലാക്കിയ വ്യക്തിത്വം. തന്റെ വേഷംകൊണ്ടുപോലും ഇന്ത്യക്കാർക്കും ലോകത്തിനും മാർഗദർശനം നൽകിയ മഹാത്മാവ്. അദ്ദേഹത്തിന്റെ ഓരോ പ്രവൃത്തിയും വാക്കും ജനങ്ങളെ സ്വാതന്ത്ര്യസമരത്തിന്റെ തീച്ചൂളയിലേക്കു നയിച്ചു. വൈക്കം മുഹമ്മദ്ബഷീർ ഗാന്ധിജിയെ തൊടുന്നു എന്നത് സ്വാതന്ത്ര്യസമരത്തെ തൊടുന്നതുപോലെ തന്നെ. അതിനുശേഷമാണല്ലോ സ്വാതന്ത്ര്യസമരത്തിൽ പങ്കെടുക്കണം എന്ന ആഗ്രഹം തീവ്രമായത്. ഒന്നു തൊട്ടില്ലെങ്കിൽ ഞാൻ മരിച്ചു വീണു പോകും എന്നു ചിന്തിച്ചുപോകുന്ന വിധത്തിൽ അഗാധവും തീവ്രവുമാണ് ഗാന്ധിജിയോടുള്ള ബഷീറിന്റെ ആദ

രവും സ്നേഹവും. ഖദർവസ്ത്രധാരിയായി, സത്യഗ്രഹസമരപ്പന്തലിലെ സ്ഥിര സാന്നിധ്യമായി, ഹെഡ്മാസ്റ്ററുടെ മർദ്ദനം ഏറ്റുവാങ്ങി, ഇന്ത്യ സ്വതന്ത്രമായാൽ പട്ടിണി തീരും എന്നു വിശ്വസിച്ചു, ഉപ്പുസത്യഗ്രഹത്തിൽ പങ്കെടുക്കാനായി കോഴിക്കോട്ടേക്കു തിരിച്ചു ജയിലിലുമായി. ബഷീറിന്റെ പിൽക്കാലജീവിതത്തിലുടനീളം ഈ സ്വാധീനം ദൃശ്യമാണ്.

'ഗാന്ധിജിയുടെ സ്വാധീനം ബഷീറിൽ' എന്ന വിഷയത്തിൽ ലഘു ഉപന്യാസം തയാറാക്കുക.

## പ്രയോഗസവിശേഷത കണ്ടെത്തുക

ഭാഷയുടെ വാമൊഴിച്ചന്തവും നാട്ടുമൊഴിയുടെ അകൃത്രിമലാവണ്യവും ബഷീർക്കഥകളുടെ മുഖമുദ്രകളാണ്. കഥയെഴുതുകയല്ല, കഥ പറയുകയാണദ്ദേഹം. അംഗവിക്ഷേപങ്ങൾ, ഭാവഹാവാദികൾ, ശബ്ദക്രമീകരണങ്ങൾ എന്നിങ്ങനെ വചനഭാഷയുടെ ലാവണ്യഘടകങ്ങളെല്ലാം അദ്ദേഹത്തിന്റെ എഴുത്തിലും ഉൾച്ചേർന്നിരിക്കുന്നു.

ആശയങ്ങളെ സൂചകശബ്ദം കൊണ്ടു വിവരിക്കുന്ന ഭാഷാതന്ത്രം നോക്കാം. വാമൊഴിയിലാണ് ഇവ കൂടുതലായിക്കാണുന്നത്.

'കിണികിണി' എന്ന ശബ്ദം കേട്ടാൽ 'സൈക്കിൾ' എന്ന ആശയം നമുക്കുണ്ടാകും.

മരത്തിൽ കയറിയവൻ താഴെ വീഴുന്നത് – 'പിതുക്കോ'ന്നു വീണു.

കൈയിലിരുന്ന പാത്രം നിലത്തുവീണു – 'പടോ'ന്നു വീണു.

വെടിപൊട്ടുന്ന ശബ്ദം – ഠേ, ഠേ എന്നു പൊട്ടി.

കഥകളിക്കാരൻ അതിവേഗം പുരികം ഇളക്കി – ഊർർർന്ന് പുരികം ഇളക്കി.

ഒരു സംഭാഷണസന്ദർഭം നോക്കാം:

ഗായത്രി കുടുകുടാന്ന് വിയർത്തു എന്നല്ലേ പറഞ്ഞത്...?

അതേ..!

അവളുടെ തലമുടി പറപറാന്ന് പറക്കുകയുമാണ്.

അതു ഞാൻ ഓടിയിട്ടാ...

ഇനി ഇപ്പോ ഇവിടെക്കിടന്ന് കലാപിലാന്ന് ബഹളം വയ്ക്കും. അല്ലേ...?

അവളുടെ മുഖം തുടുതുടാന്ന് ചുമന്നിരിക്കുന്നു.

(അവലംബം: ഭാഷാകേളി : ടി.കെ. അച്യുതൻ)

കുടുകുടാ, പറപറാ, കലപിലാ, തുടുതുടാ മുതലായ ശബ്ദങ്ങൾ ഉപയോഗിച്ച് സന്ദർഭാനുസരണം ആശയങ്ങളെ മിഴിവോടെ വിവരിക്കാൻ വാമൊഴിഭാഷയിൽ സൗകര്യങ്ങളുണ്ട്. എഴുത്തുഭാഷയിലും ഈ സാധ്യത ബഷീർ പരീക്ഷിക്കുന്നു.

- മസിലിനു ബലമില്ല, പിളുപിളുപ്പ്.
- പടപടോന്ന് ഒരാറെണ്ണം എന്റെ കൈവെള്ളയിൽ.

ഇത്തരം പ്രയോഗങ്ങൾ ആഖ്യാനശൈലിയെ ആകർഷകമാക്കുന്നതെങ്ങനെ....?

- വായനക്കാരിൽ അനുഭവവേദ്യത വർധിപ്പിക്കുന്നതിന് പ്രവൃത്തിയോടു സാമ്യം പുലർത്തുന്ന ചില ശബ്ദങ്ങൾ ഭാഷയിൽ പ്രയോഗിക്കാറുണ്ട്. ഇതു വായനക്കാരിൽ കൗതുകവും ആസ്വാദ്യതയും വർധിപ്പിക്കുന്നു.

## സെമിനാർ

സെമിനാർ മികച്ച ഒരു ഭാഷാപഠനപ്രവർത്തനമാണല്ലോ. ആവശ്യമായ മുന്നൊരുക്കങ്ങളും ആസൂത്രണവും സെമിനാറിന് കൂടിയേ തീരു.

- മുൻകൂട്ടിത്തന്നെ സെമിനാർ വിഷയവും തീയതിയും നിശ്ചയിക്കണം.
- വിഷയത്തെ ഉപവിഷയങ്ങളായി തിരിക്കണം (ക്ലാസ് ചർച്ചയിലൂടെ).

വിഷയം : ബഷീർകൃതികളുടെ സവിശേഷതകൾ

### ഉപവിഷയങ്ങൾ

ആത്മാംശമുള്ള രചനകൾ

ആഖ്യാനശൈലി

കഥാപാത്രസൃഷ്ടിയിലെ വൈവിധ്യം

തനതായ ഭാഷാരീതി–എന്നിങ്ങനെയാകാം.

- ഈ വിഷയങ്ങളുടെ പേരിൽ ഗ്രൂപ്പുകളാവുകയും വിവരശേഖരണം നടത്തി പ്രബന്ധങ്ങൾ തയാറാക്കുകയും ചെയ്യട്ടെ.
- ഒരു സംഘാടകസമിതി രൂപീകരണം. (സെമിനാറിന് ആവശ്യമായ പ്രചാരണം നടത്തുക, അതിഥികളെ ക്ഷണിക്കുക, മോഡറേറ്ററെ നിശ്ചയിക്കുക, സ്വാഗതം ആശംസിക്കുക തുടങ്ങിയവയൊക്കെ സംഘാടകസമിതിയുടെ ചുമതലയായിരിക്കും. പോസ്റ്റർ, നോട്ടീസ്, ക്ഷണക്കത്ത് എന്നിവയൊക്കെ ഉൽപ്പന്നങ്ങളായി ഉണ്ടാകുമല്ലോ.
- നിർവഹണഘട്ടത്തിനു മുൻപു തന്നെ പ്രബന്ധാവതരണത്തിന്റെ തത്സമയ കുറിപ്പുകൾ എടുക്കണം എന്ന നിർദേശം എല്ലാവർക്കും നൽകിയിരിക്കണം (ആശയം ചുരുക്കിയെഴുതുക).
- നിർവഹണഘട്ടത്തിൽ തയാറാക്കിയ പ്രബന്ധങ്ങൾ അവതരിപ്പിക്കുകയും സദസ്സിലുള്ളവർക്ക് തങ്ങളുടെ സംശയങ്ങളും നിർദേശങ്ങളും ഉന്നയിക്കാൻ അവസരം നൽകുകയും വേണം.
- പ്രബന്ധങ്ങളുടെയെല്ലാം അവതരണം കഴിഞ്ഞാൽ മോഡറേറ്റർ ക്രോഡീകരിച്ച് സംസാരിക്കുന്നു.

- സെമിനാർ ചടങ്ങ് അവസാനിപ്പിച്ചതിനുശേഷം സദസ്സിലുള്ളവർ (ക്ലാസിലെ കുട്ടികൾ) തങ്ങളുടെ തത്സമയക്കുറിപ്പുകൾ ഉപയോഗപ്പെടുത്തി പ്രബന്ധങ്ങൾ തയാറാക്കട്ടെ. (ആശയവിപുലനം)
- ഇങ്ങനെ തയാറാക്കിയ പ്രബന്ധങ്ങൾ വ്യക്തിഗതപതിപ്പുകളാക്കി പ്രദർശിപ്പിക്കാമല്ലോ.

എന്തൊക്കെ ഭാഷാപ്രവർത്തനങ്ങളാണ് സെമിനാറിന്റെ ഭാഗമായി നടത്തുക?

- ചർച്ച
- പ്രബന്ധരചന
- നോട്ടീസ്, പോസ്റ്റർ, ക്ഷണക്കത്ത്
- സ്വാഗതപ്രസംഗം
- തത്സമയക്കുറിപ്പ്
- പ്രബന്ധാവതരണം
- ആശയവിപുലനം

## പൊരുൾ കണ്ടെത്താം

"മനസ്സിനെയും ശരീരത്തെയും വീർപ്പുമുട്ടിക്കുന്ന ഉന്നതപ്രാകാരങ്ങളോടു കൂടിയ ഒരു ഭയങ്കര കാരാഗാരമാണ് ഇന്ത്യ. ഗാന്ധിജി പറഞ്ഞതാണ്" -സ്ലൈഡ് പ്രദർശിപ്പിക്കുന്നു.

- ഈ വാക്യത്തിന്റെ ആശയമെന്ത്?
- ഇന്ത്യയെ ഭയങ്കര കാരാഗാരത്തോട് ഉപമിച്ചതെന്തുകൊണ്ടാവും?
- മനസ്സിനെയും ശരീരത്തെയും വീർപ്പുമുട്ടിക്കുന്നു എന്ന പ്രയോഗത്തിൽനിന്ന് ധ്വനിക്കുന്നതെന്ത്?

ചർച്ച-ക്രോഡീകരണം

സ്വാതന്ത്ര്യവും പരമാധികാരവും നഷ്ടപ്പെട്ട രാജ്യം അക്ഷരാർഥത്തിൽ ഒരു വലിയ തടവറ തന്നെയാണ്. സ്വാതന്ത്ര്യബോധവും ആത്മാഭിമാനവുമുള്ള മനുഷ്യർക്ക് പാരതന്ത്ര്യം അസഹ്യമാണ്. വൈദേശികാധിപത്യം ശാരീരികമായും മാനസികമായും ശ്വാസംമുട്ടിക്കുന്നതായി സ്വാതന്ത്ര്യസമരസേനാനികൾക്ക് അനുഭവപ്പെടുമല്ലോ. രാജ്യം തന്നെ തടവറയായിത്തീരുന്ന അവസ്ഥയാണ് ഗാന്ധിജിയുടെ ഈ വാക്യത്തിൽ തെളിയുന്നത്.

ശ്വാസം മുട്ടുമ്പോൾ പ്രാണനുവേണ്ടി കുതറുമല്ലോ ആരും. സ്വാതന്ത്ര്യം പ്രാണവായുപോലെയാണെന്ന് സൂചനയും ഇവിടെയുണ്ട്.

തുടർന്ന്,

‘സ്വാതന്ത്ര്യം തന്നെയമൃതം
സ്വാതന്ത്ര്യം തന്നെ ജീവിതം
പാരതന്ത്ര്യം മാനികൾക്കു
മൃതിയെക്കാൾ ഭയാനകം ”

– *കുമാരനാശാൻ*

സ്ലൈഡ് പ്രദർശിപ്പിക്കുന്നു.

ചർച്ച

ഗാന്ധിജിയുടെയും കുമാരനാശാന്റെയും നിരീക്ഷണങ്ങൾ താരതമ്യം ചെയ്ത് കുറിപ്പ് തയാറാക്കുക.

## സാമൂഹികസുരക്ഷയ്ക്കായി കൈകോർക്കാം

ബഷീറിന്റെ വിദ്യാർഥിജീവിതത്തിന്റെ സവിശേഷതകൾ എന്തൊക്കെ? ആ ജീവിതം നമുക്കു നൽകുന്ന തിരിച്ചറിവുകൾ എന്തെല്ലാം?

ചർച്ച–ക്രോഡീകരണം

- സാമൂഹികപ്രതിബദ്ധതയുള്ള വിദ്യാർഥി
- നിസ്വാർഥമായ രാജ്യസ്നേഹം
- മാതാവിനോടുള്ള അഗാധമായ സ്നേഹം
- അടിമത്തത്തോടുള്ള പ്രതിഷേധം
- സ്വന്തം നിലപാടിൽ ഉറച്ചുനിൽക്കൽ
- ഗാന്ധിജിയോടുള്ള ആദരവും ആരാധനയും
- ഗാന്ധിജിയുടെ ആദർശങ്ങൾ ജീവിതത്തിൽ നടപ്പിലാക്കാനുള്ള വെമ്പൽ.
- സ്വജീവൻ ബലികഴിച്ചും സ്വാതന്ത്ര്യത്തിനായി പോരാടാനുള്ള ആവേശം.

അടിച്ചമർത്തപ്പെട്ട ജനതയുടെ സ്വാതന്ത്ര്യത്തിനുവേണ്ടി പോരാടിയ വിദ്യാർഥിയാണ് ബഷീർ. അമ്മ എന്ന കഥ നമുക്കു നൽകുന്ന തിരിച്ചറിവുകളിൽ ഒന്നാണിത്. സാമൂഹിക പ്രതിബദ്ധതയുള്ള വിദ്യാർഥിസമൂഹമാണ് ഒരു നാടിന്റെ കരുത്ത്.

വിദ്യാർഥികൾക്ക് സാമൂഹികമായ നിരവധി ഉത്തരവാദിത്വങ്ങളുണ്ടെന്ന് ഈ കഥ നമ്മെ ഓർമിപ്പിക്കുന്നു.

തമിഴ്നാട്ടിലെ വിദ്യാർഥിനി, പ്രളയദുരിതത്തിൽപ്പെട്ടവർക്ക് തന്റെ മുഴുവൻ സമ്പാദ്യവും നൽകിയതുമായി ബന്ധപ്പെട്ട വീഡിയോ പ്രദർശിപ്പിക്കുന്നു.

ഈ ദൃശ്യങ്ങൾ നിങ്ങളുടെ മനസ്സിലുണർത്തിയ ചിന്തകളെന്തെല്ലാം?

കുട്ടികൾ പ്രതികരിക്കുന്നു.

ഇക്കഴിഞ്ഞ പ്രളയകാലത്ത് ദുരന്തത്തിൽപ്പെട്ടവരെ സഹായിക്കാനായി ഏതെങ്കിലും തരത്തിലുള്ള ഇടപെടൽ നടത്താൻ നിങ്ങൾക്കും കൂട്ടുകാർക്കും കഴിഞ്ഞിരുന്നോ?

കുട്ടികൾ പ്രതികരിക്കുന്നു.

ഇതുപോലുള്ള പ്രകൃതിദുരന്തങ്ങൾ സംഭവിക്കുമ്പോൾ രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുമ്പോൾ ശ്രദ്ധിക്കേണ്ട/പാലിക്കേണ്ട കാര്യങ്ങൾ എന്തെല്ലാം?

ദുരന്തനിവാരണ വിദഗ്ധനായ മുരളി തുമ്മാരുകുടിയുടെ 'ദുരന്തകാലത്തെ സന്നദ്ധപ്രവർത്തനം', 'നമ്മുടെ യുവജനങ്ങൾ' നമ്മുടെ അഭിമാനം മാത്രമല്ല, ഭാവികൂടിയാണ്' എന്നീ ലേഖനങ്ങളിൽ ഓരോന്നു ഓരോ ഗ്രൂപ്പിനും നൽകുന്നു.

സ്വന്തം സുരക്ഷയും സാമൂഹികസുരക്ഷയും ഉറപ്പാക്കുന്നതിന് എന്തെല്ലാം ചെയ്യാൻ കഴിയും?

ഗ്രൂപ്പിൽ ചർച്ച–ക്രോഡീകരണം

അവതരണം

## നമ്മുടെ യുവജനങ്ങൾ നമ്മുടെ അഭിമാനം മാത്രമല്ല, ഭാവി കൂടിയാണ്

ചൈനയിൽ ഒരു കുടുംബത്തിൽ ഒരു കുട്ടി മാത്രം എന്ന സർക്കാർ നിയമം വന്നതിന് ശേഷം അവിടെ ഉണ്ടായ തലമുറയെ 'കൊച്ചുചക്രവർത്തിമാർ' (little emperors) എന്നാണ് വിളിച്ചിരുന്നത്. ഒറ്റ കുട്ടി ആയിരുന്നതിനാൽ അച്ഛനും അമ്മയും ഗ്രാൻഡ് പേരന്റ്സും ലാളിച്ചു വഷളാക്കുന്നു, സമൂഹത്തിൽ താൽപ്പര്യമില്ല, ആരുമായും ഒന്നും ഷെയർ ചെയ്തു പഠിച്ചിട്ടില്ല, കമ്പ്യൂട്ടർ ഗെയിം കളിച്ചുനടക്കുകയാണ്... എന്നൊക്കെയായിരുന്നു ആ തലമുറ നേരിട്ടിരുന്ന ആരോപണങ്ങൾ.

രണ്ടായിരത്തി ഏട്ടിലെ ഭൂമികുലുക്കം ആ ചിന്തകൾ മാറ്റിമറിച്ചു. ചൈന സമീപകാലത്തൊന്നും കാണാത്ത തരത്തിൽ ഭൂമി കുലുങ്ങി, ഒരുലക്ഷത്തോളം പേർ മരിക്കുകയും പത്തുലക്ഷത്തോളം പേർ ഭവനരഹിതരാവുകയും ചെയ്തപ്പോൾ പഴയ തലമുറ സ്തബ്ധരായിപ്പോയി. ആ ഘട്ടത്തിൽ രക്ഷാപ്രവർത്തനത്തിനും ദുരിതാശ്വാസത്തിനും മുന്നിട്ടിറങ്ങിയത് സ്വാർഥരാണെന്ന് സമൂഹം വിലയിരുത്തുകയും എഴുതിത്തള്ളുകയും ചെയ്ത കൊച്ചുതമ്പുരാക്കന്മാരും തമ്പുരാട്ടിമാരുമായിരുന്നു. ഇത് ഞാൻ മുൻപൊരിക്കൽ എഴുതിയിട്ടുണ്ട്.

കേരളം ഈ നൂറ്റാണ്ടിൽ കണ്ട ഏറ്റവും വലിയ വെള്ളപ്പൊക്കം നേരിടുന്നതിൽ നമ്മുടെ പുതിയ തലമുറ കാണിച്ച താൽപ്പര്യം, ഇടപെടൽ, മനോധൈര്യം... ഇതെല്ലാം ലോകോത്തരമാണ്. ഞാൻ എപ്പോഴും പറയുന്നതുപോലെ, ലോകത്തെ തൊണ്ണൂറു ശതമാനം രക്ഷാപ്രവർത്തനവും നടത്തുന്നത് ഔദ്യോഗികസംവിധാനങ്ങളോ സേനയോ ഐക്യരാഷ്ട്രസഭയോ അല്ല, നമ്മുടെ ചുറ്റും ഉള്ളവരാണ്. അതു തന്നെയാണ് കേരളത്തിലും സംഭവിച്ചത്. മുൻപ് കണ്ടിട്ടോ കേട്ടിട്ടോ ഇല്ലാത്ത ഒരു മഹാപ്രളയം മുന്നിലെത്തിയിട്ടും നമ്മുടെ കുട്ടികൾ പേടിച്ചില്ല എന്നു മാത്രമല്ല, ആൺകുട്ടികളും പെൺകുട്ടികളും, ദുരന്തം ബാധിച്ച പ്രദേശത്ത് ഉള്ളവരും ദുരന്തം കേട്ടറിഞ്ഞവരും പകലും രാത്രിയും ദുരിതബാധിതർക്കായി മുന്നിട്ടിറങ്ങി.

ചുറ്റുമുള്ളവർ ആളുകളെ രക്ഷിക്കാൻ ഇറങ്ങിയപ്പോൾ അമേരിക്ക, സിംഗപ്പൂർ, ഗൾഫ്, യൂറോപ്പ് തുടങ്ങിയ ഇടങ്ങളിൽ ഉറക്കം കളഞ്ഞും നമ്മുടെ പുതിയ തലമുറ രക്ഷാപ്രവർത്തനത്തിനുള്ള വെബ്സൈറ്റ് ഉണ്ടാക്കുന്നതിലും ആവശ്യമായ പണം സംഘടിപ്പിക്കുന്നതിലും ഇടപെട്ടു. തിരുവനന്തപുരം മുതൽ കോഴിക്കോട് വരെയുള്ള നഗരങ്ങളിൽ രാത്രികളിലും ദുരന്തത്തിൽ അകപ്പെട്ടവർക്ക് ഭക്ഷണവും വസ്ത്രവും സംഭരിക്കാനുള്ള ഇടങ്ങളിൽ, സാധാരണഗതിയിൽ വൈകിട്ട് ഏഴു കഴിഞ്ഞാൽ പുറത്തിറങ്ങാത്ത നമ്മുടെ പെൺകുട്ടികൾ ഉറക്കമില്ലാതെ പ്രവർത്തിക്കുകയായിരുന്നു.

വലിയ ദുരന്തങ്ങൾ വരുമ്പോൾ സർക്കാർസംവിധാനങ്ങൾ വരെ പകച്ചുനിൽക്കുന്ന സമയത്ത് ആരും വിളിക്കാതെ, സമചിത്തതയോടെ നമ്മുടെ കുട്ടികൾ മുന്നിട്ടിറങ്ങി എന്നതും ജാതിയും മതവും പാർട്ടിയും ഒന്നും അവരെ വിഭജിച്ചില്ല എന്നതും നമ്മുടെ സമൂഹത്തിന്റെ ഭാവിയിൽ വലിയ പ്രത്യാശ തരുന്ന ഒന്നാണ്.

ദുരന്തകാലത്ത് ഉണ്ടായ ഈ അറിവും ഉണർവും രണ്ടാഴ്ച കഴിയുന്നതോടെ നഷ്ടപ്പെടരുത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതുപോലെ, പഴയ കേരളം അല്ല നമ്മൾ പുനർനിർമ്മിക്കേണ്ടത്. നാളത്തെ കേരളം നമ്മുടെ യുവാക്കളുടേതാണ്. അപ്പോൾ അതെന്തായിരിക്കണം എന്നു തീരുമാനിക്കേണ്ടത് തിരുവനന്തപുരത്തിരിക്കുന്ന എന്റെ തലമുറയിലെ മുതിർന്ന രാഷ്ട്രീയക്കാരും എന്റെ തലമുറയിലെ ബ്യൂറോക്രാറ്റുകളും മാത്രമല്ല. ലോകത്തെമ്പാടുമുള്ള നമ്മുടെ പുതിയ തലമുറയുടെ അറിവും ചിന്തകളും ഉൾപ്പെടുത്താനുള്ള ഒരു സംവിധാനം നമുക്ക് വേണം. പുനർനിർമ്മാണത്തിൽ നമ്മുടെ പുതിയ തലമുറയ്ക്ക് ഒരു സ്ഥാനം കണ്ടിട്ട് വേണം പദ്ധതികൾ രൂപീകരിക്കാൻ.

ഇതിലും വലിയ മറ്റൊരു കാര്യംകൂടിയുണ്ട്. ബന്ദും ഹർത്താലും നടത്താൻ റോഡിലിറങ്ങിയില്ലെങ്കിലും നമ്മുടെ സമൂഹത്തിൽ പുതിയ തലമുറയ്ക്കും വേണ്ടത്ര താൽപ്പര്യമുണ്ടെന്ന് മനസ്സിലായ സ്ഥിതിക്ക്, നമ്മുടെ രാഷ്ട്രീയത്തിലും നയരൂപീകരണ ത്തിലും അധികാരസ്ഥാനങ്ങളിലും യുവാക്കൾക്കും യുവതികൾക്കും അർഹമായ സ്ഥാനം തീർച്ചയായും നൽകണം. ഇല്ലെങ്കിൽ കുട്ടികൾ അത് ചോദിച്ചു വാങ്ങണം. അതായി രിക്കണം ഈ ദുരന്തത്തിന്റെ മുഖ്യ ബാക്കിപത്രം.

*- മുരളി തുമ്മാരുകുടി*

## ദുരന്തകാലത്തെ സന്നദ്ധപ്രവർത്തനം

ഈ നൂറ്റാണ്ടിൽ സമാനതകൾ ഇല്ലാത്ത ഒരു മഴക്കാലമാണ് ഇപ്പോൾ കേരളത്തിൽ സംഭവിച്ച നാൽപ്പത്തിനാല് നദികളും കരകവിഞ്ഞൊഴുകുന്നു, മുപ്പത്തിമൂന്ന് അണക്കെട്ടുകൾ തുറന്നുവിടേണ്ടിവരുന്നു, പന്ത്രണ്ട് ജില്ലകളിലും റെഡ്അലർട്ട്, ആയിരക്കണക്കിന് ആളുകൾ ദുരിതാശ്വാസ ക്യാംപുകളിൽ.

കേരളത്തിന് പരിചയമില്ലാത്തതാണെങ്കിലും ലോകത്ത് സമാനതകൾ ഇല്ലാത്തതോ വൻ ദുരന്തമോ അല്ല ഇപ്പോൾ കേരളത്തിൽ നടക്കുന്നത്. അതുകൊണ്ട് അകാരണമായ ഭീതി വേണ്ട. വേണ്ടത് ഒത്തൊരുമിച്ചുള്ള പ്രവർത്തനമാണ്. ഇക്കാര്യത്തിൽ കേരളത്തെ പോലെ സാധ്യതകളുള്ള ഒരു നാട് ഞാൻ കണ്ടിട്ടില്ല. നമ്മുടെ സമൂഹം അത്രമേൽ സംഘടിതമാണ്. രാഷ്ട്രീയമായി, മതപരമായി, കുടുംബശ്രീയായി, ലൈബ്രറിയായി, വാട്ട്സ്ആപ്പ് ഗ്രൂപ്പ് ആയി, ക്ലബ്ബുകളായി, റെസിഡൻസ് അസോസിയേഷനായി കേരളത്തിലെ എല്ലാവരും ചുരുങ്ങിയത് ഒരു സംഘത്തിലെങ്കിലും അംഗമാണ്. ഇവർക്കൊരുത്തർക്കും ദുരന്ത നിവാരണത്തിന് ഒരുമിച്ചു വരാൻ ഒരു ബുദ്ധിമുട്ടുമില്ല. പോരാത്തതിന്, എന്തു സാമ്പത്തികസഹായവും നൽകാൻ തയാറായി മറുനാടൻ മലയാളികൾ വിളിപ്പുറത്തുണ്ട്. കേരളത്തിലെ ജനപ്രതിനിധികൾ ജനങ്ങൾക്ക് വളരെ എളുപ്പത്തിൽ പ്രാപ്യരാണ്. ഇതുകൊണ്ടൊക്കെ തന്നെ ലോകത്തിന് മാതൃകയായ ഒരു ദുരന്തനിവാരണസംവിധാനം അടുത്ത ഇരുപത്തി നാലുമണിക്കൂറിനകം ഉണ്ടാക്കാൻ നമുക്ക് ഒരു ബുദ്ധിമുട്ടുമില്ല. ഇപ്പോൾത്തന്നെ നിങ്ങളിൽ പലരും നാട്ടിൽ ഇത്തരം സന്നദ്ധസംഘങ്ങളിൽ അംഗമായിരിക്കും, അല്ലെങ്കിൽ പ്ലാൻ ചെയ്യുന്നുണ്ടായിരിക്കും. അവർക്ക് വേണ്ടിയാണ് ഈ കുറിപ്പ്.

1. കേരളം അഭൂതപൂർവമായ ഒരു മഴക്കാലത്തെ നേരിടുന്നതിനാൽ ഈ സമയത്ത് സ്വയ രക്ഷ, കുടുംബത്തിന്റെ രക്ഷ, സമൂഹത്തിന്റെ രക്ഷ എന്നിവയിൽ നിങ്ങൾക്ക് എന്ത് ചെയ്യാൻ പറ്റുമെന്ന് ചിന്തിക്കുക. നിങ്ങൾ ആരായാലും, എവിടെ ആയാലും എന്തെങ്കിലും ഒക്കെ നിങ്ങൾക്ക് ചെയ്യാൻ പറ്റും.

2. നിങ്ങളുടെ വീടിന്റെ അല്ലെങ്കിൽ ഫ്ളാറ്റിന്റെ അടുത്തുള്ള പ്രദേശത്ത് രക്ഷാപ്രവർത്തനത്തിൽ ഏർപ്പെടുന്നതാണ് ഏറ്റവും ശരി. കാരണം, അതാണ് നിങ്ങൾക്ക് ഏറ്റവും അറിയാവുന്ന സ്ഥലം. ദുരന്തനിവാരണരംഗത്ത് പ്രത്യേക പരിചയമില്ലാത്തവർ ആത്മാർഥത മാത്രം കൈമുതലാക്കി ടി.വി. ന്യൂസ് കണ്ട് ദൂരദേശത്തേക്ക് ഓടരുത്. കേരളത്തിൽ എല്ലായിടത്തും ആളുകളുണ്ട്, അവർക്ക് കൈകാര്യം ചെയ്യാൻ പറ്റാതെ വരുമ്പോൾ ഔദ്യോഗികസംവിധാനങ്ങളുണ്ട്, അതും കഴിഞ്ഞിട്ട് മതി മറ്റുള്ള സ്ഥലത്തുനിന്നുള്ള ആളുകളുടെ വരവ്. വിദേശത്തും മറ്റു സംസ്ഥാനങ്ങളിലുമുള്ള മലയാളികൾ ഒന്നും നിങ്ങളുടെ വീട്ടിൽ എന്തെങ്കിലും പ്രത്യേക പ്രശ്നങ്ങൾ ഇല്ലെങ്കിൽ ദുരന്തനിവാരണത്തിന് നാട്ടിലേക്ക് ഓടിയെത്തേണ്ട ഒരു കാര്യവുമില്ല.

3. ഓരോ റെസിഡൻസ് അസോസിയേഷനും അടിയന്തരയോഗം ചേർന്ന് ഒരു ദുരന്ത നിവാരണ കമ്മിറ്റി ഉണ്ടാക്കണം. അതിന് ചുരുങ്ങിയത് താഴെ പറയുന്ന ഉപവിഭാഗങ്ങൾ വേണം.

(എ) കമ്മ്യൂണിക്കേഷനും മുന്നറിയിപ്പും നൽകാൻ

(ബി) രക്ഷാപ്രവർത്തനം

(സി) രോഗികൾ, വൃദ്ധർ, ഭിന്നശേഷിക്കാർ, മറുനാട്ടുകാർ എന്നിവരെ പ്രത്യേകം ശ്രദ്ധിക്കാൻ

(ഡി) ഭക്ഷണകാര്യങ്ങൾ ശ്രദ്ധിക്കാൻ

(ഇ) കുടിവെള്ളവും കക്കൂസ് കാര്യങ്ങളും ശ്രദ്ധിക്കാൻ

(ഫ്) സാമ്പത്തികകാര്യങ്ങൾ ശ്രദ്ധിക്കാൻ

(ജി) സുരക്ഷാകാര്യങ്ങൾ ശ്രദ്ധിക്കാൻ

(എച്ച്) ആരോഗ്യകാര്യങ്ങൾ ശ്രദ്ധിക്കാൻ

(ഐ) സ്ത്രീകളുടെ പ്രത്യേക പ്രശ്നങ്ങൾ ശ്രദ്ധിക്കാൻ

(ജെ) നമ്മുടെ റെസിഡൻസ് അസോസിയേഷന് പുറത്തുള്ളവരുമായി കാര്യങ്ങൾ സംയോജിപ്പിക്കാനുള്ള സംഘം.

നിങ്ങളുടെ അസോസിയേഷന്റെ വലുപ്പവും പ്രശ്നങ്ങളുടെ വലുപ്പവും അനുസരിച്ച് ഓരോ സംഘത്തിലും രണ്ടാളോ അതിൽ കൂടുതലോ ആകാം. സംഘത്തിന് ഒരു തലവൻ വേണം. മൊത്തം പ്രസ്ഥാനത്തിന്റെ തലപ്പത്ത് റെസിഡൻസ് അസോസിയേഷന്റെ തലപ്പത്ത് ഉള്ളവർ തന്നെ ആകാം. പക്ഷേ, അവർ പേടിച്ചിരിക്കുകയാണെങ്കിൽ/മുൻകൈ യെടുക്കുന്നില്ലെങ്കിൽ വേറെ ആളെ നിയമിക്കാം. കമ്മിറ്റി അംഗങ്ങളുടെ വാട്ട്സ്ആപ്പ് ഗ്രൂപ്പും മൊത്തം റെസിഡൻസ് അസോസിയേഷന്റെ വേറൊരു ഗ്രൂപ്പും ഉണ്ടാക്കണം.

4. അസോസിയേഷനിലെ സ്ത്രീകൾക്കും കുട്ടികൾക്കും ഉൾപ്പെടെ എന്തെങ്കിലും റോൾ നൽകണം. ഓരോരുത്തർക്കും അറിയാവുന്ന സ്കിൽ അനുസരിച്ചുള്ള റോളാണ് കൊടുക്കേണ്ടത്. ഫ്ളാറ്റിലുള്ള ഡോക്ടർ റോഡിൽ ഇറങ്ങിനിന്ന് കാറ് തള്ളിക്കൊടുക്കുന്നതും പാചകത്തിൽ പരിചയമുള്ളവർ രോഗിയെ പരിചരിക്കാൻ പോകുന്നതും നല്ല രക്ഷാപ്രവർത്തനമല്ല.

5. ദുരന്തകാലത്ത് ഏറ്റവും പ്രധാനം സുതാര്യമായ കമ്മ്യൂണിക്കേഷനാണ്. മഴമൂലമുള്ള പ്രശ്നത്തെപ്പറ്റി, അത് നിങ്ങളെ എങ്ങനെ ബാധിക്കാം എന്നതിനെപ്പറ്റിയൊക്കെ തുറന്ന് ചർച്ച നടത്തണം. കിട്ടുന്ന വിവരങ്ങൾ എല്ലാവരുമായി പങ്കുവയ്ക്കണം, അങ്ങനെ പങ്കുവയ്ക്കുന്നുണ്ടെന്ന് എല്ലാവർക്കും തോന്നണം. ഓരോ ദിവസവും വൈകിട്ട് ആറുമണിക്ക് മുൻപറഞ്ഞ സംഘത്തലവന്മാരുടെ മീറ്റിങ് കൂടണം, പൊതുവായി പങ്കുവയ്ക്കേണ്ട വിവരങ്ങൾ തീരുമാനിക്കണം, അവ ഉടൻ തന്നെ റെസിഡൻസ് അസോസിയേഷൻ വാട്ട്സ്ആപ്പ് ഗ്രൂപ്പിൽ അപ്ഡേറ്റ് ചെയ്യണം.

6. അസോസിയേഷൻ അംഗങ്ങളിൽ ആരോഗ്യംകൊണ്ടോ സാമ്പത്തിക സ്ഥിതികൊണ്ടോ ബുദ്ധിമുട്ടുള്ളവരുണ്ടോ എന്ന് പരസ്പരം സംസാരിച്ച് അറിയണം. മഴകാരണം ഏറെ ദിവസമായി തൊഴിലിനു പോകാത്തവരോ അസുഖം ഉണ്ടെങ്കിലും ഡോക്ടറെ കാണാൻ പോകാത്തവരോ അഭിമാനം കാരണം അവരുടെ പ്രശ്നങ്ങൾ പങ്കുവച്ചില്ലെന്നു വരും. നിങ്ങളുടെ അയൽക്കാരുടെ ആരോഗ്യത്തിലും അടുക്കളയിലും നിങ്ങളുടെ കണ്ണ് പ്രത്യേകം വേണം. സ്ത്രീകളുടെ കൂട്ടായ്മകൾക്ക് ഇക്കാര്യത്തിൽ വേണ്ടത് ചെയ്യാൻ പറ്റും.

7. നിങ്ങളുടെ അസോസിയേഷനിൽ വിദേശത്തുള്ളവർ മിക്കവാറും കാണും. അവരെയും നിങ്ങളുടെ വാട്ട്സ്ആപ്പ് ഗ്രൂപ്പിൽ ഉൾപ്പെടുത്തണം. അവരുടെ ബന്ധുക്കൾ നാട്ടിലുണ്ടെങ്കിൽ അവരുടെ കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തണം.

8. ദുരന്തനിവാരണത്തിനുള്ള സാമ്പത്തിക ചെലവുകൾ കഴിവുപോലെ പങ്കിട്ടെടുക്കുക, വിദേശത്ത് ഉള്ളവരോട് ഇക്കാര്യം പറഞ്ഞാൽ അവർ തീർച്ചയായും സഹായിക്കും. നമുക്ക് അറിയാവുന്നവർക്കും പണം ശരിയായി വിനിയോഗിക്കുമെന്ന് ഉറപ്പുള്ളവർക്കും പണം കൊടുക്കാനാണ് എല്ലാവർക്കും താല്പര്യം. അതുകൊണ്ട് തന്നെ റെസിഡൻസ് അസോസിയേഷനുകൾക്ക് പണം ഒരു ബുദ്ധിമുട്ടാവില്ല. നിങ്ങൾ ഇപ്പോൾ വിദേശത്താണ്, കേരളത്തിൽ ദുരന്തനിവാരണത്തിന് കുറച്ചു പണം കൊടുക്കണം എന്ന് പദ്ധതിയുണ്ടെങ്കിൽ ആദ്യംതന്നെ നിങ്ങളുടെ റെസിഡൻസ് അസോസിയേഷനിൽ വിളിച്ചു ചോദിക്കുക.

9. ദുരന്തനിവാരണസംഘത്തിൽ ഉള്ളവരുടെ സുരക്ഷ ഏറ്റവും പ്രധാനമാണ്. ഒരു കാരണവശാലും ഇരുപത്തിനാല് മണിക്കൂറൊന്നും പണിയെടുക്കരുത്, പരിചയമില്ലാത്ത പണിക്ക് പോയി മറ്റുള്ളവർക്ക് പണിയുണ്ടാക്കരുത്.

10. സ്ത്രീകളും കുട്ടികളും റിട്ടയർ ചെയ്തവരും ഇക്കാര്യത്തിൽ മുന്നിട്ടിറങ്ങണം. ദുരന്ത നിവാരണം യുവാക്കളുടെ മാത്രം ജോലിയല്ല.

11. നിങ്ങളുടെ വീടിന്റെ അടുത്തുള്ള സ്ഥലങ്ങളിൽ കൂടുതൽ ദുരിതബാധിതരോ, കൂടുതൽ ബുദ്ധിമുട്ടുള്ളവരോ മറുനാട്ടുകാരോ ഉണ്ടെങ്കിൽ അവരെയും നിങ്ങളുടെ കഴിവും സംവിധാനങ്ങളും ഉപയോഗിച്ച് സഹായിക്കണം.

12. എല്ലാ സമയത്തും സ്ഥലം പഞ്ചായത്ത് മെംബർ, എം.എൽ.എ. എന്നിവരുമായി സമ്പർക്കത്തിൽ ഏർപ്പെടുക. നിങ്ങൾക്ക് സഹായം വേണമെങ്കിൽ പറയുക. എന്തെങ്കിലും സഹായം അവർക്ക് നിങ്ങളെക്കൊണ്ട് ചെയ്യാൻ പറ്റുമെങ്കിൽ അക്കാര്യവും പറയുക.

മഴയും വെള്ളപ്പൊക്കവും ഒന്നും നമുക്ക് തടയാൻ പറ്റില്ല. പക്ഷേ, കേരളത്തിൽ ഒരു ദുരന്തം ഉണ്ടായപ്പോൾ അത് മാതൃകാപരമായിട്ടാണ് നാം നേരിട്ടതെന്നുള്ള ആശ്വാസമെങ്കിലും നമുക്ക് ഉണ്ടായിരിക്കണം. റെസിഡൻസ് അസോസിയേഷനാണ് ദുരന്തനിവാരണത്തിന് ഏറ്റവും നല്ല യൂണിറ്റ് എന്നു പറഞ്ഞുവെങ്കിലും മറ്റുള്ള ഏതു സംഘടനയുടെ കീഴിലും നിങ്ങൾക്ക് ദുരന്തനിവാരണസംഘങ്ങൾ ഉണ്ടാക്കാം, പാർട്ടിയാണെങ്കിലും മതമാണെങ്കിലും. പക്ഷേ, ആശ്വാസം നൽകുന്ന കാര്യത്തിൽ പാർട്ടിയും മതവും വിഷയമാക്കരുത്.

മുൻപ് പറഞ്ഞതൊക്കെ വെള്ളം കയറി വരുന്ന സമയത്തും വെള്ളപ്പൊക്കം നിൽക്കുന്ന സമയത്തുമുള്ള കാര്യങ്ങളാണ്. വെള്ളം ഇറങ്ങിക്കഴിയുമ്പോൾ ചെയ്യേണ്ട വേറെ കാര്യങ്ങളുണ്ട്. വീടുകൾ വൃത്തിയാക്കുക, മാലിന്യങ്ങൾ മാറ്റിക്കളയുക, കിണർ ശുചീകരിക്കുക എന്നിവയൊക്കെ.

സുരക്ഷിതരായിരിക്കുക, മറ്റുള്ളവരെ സഹായിക്കുക. Let this be our finest hour.

*- മുരളി തുമ്മാരുകുടി*

# യൂണിറ്റ് വിശകലനം

പ്രവർത്തനസമയം : പിരീഡ്

| പഠനനേട്ടങ്ങൾ | പാഠഭാഗങ്ങൾ | ആശയം/ ധാരണ | പ്രധാന പ്രവർത്തനങ്ങൾ | പഠനത്തെളിവുകൾ (വ്യവഹാരരൂപങ്ങൾ/ പ്രകടിതരൂപങ്ങൾ) | വിലയിരുത്തൽ |
|---|---|---|---|---|---|
| • വ്യത്യസ്ത കാലഘട്ടങ്ങളിലെ കഥകൾ വായിച്ച് പ്രമേയം, ആഖ്യാനപരമായ സവിശേഷതകൾ എന്നിവ തിരിച്ചറിയുന്നു. | | • ബഷീറിന്റെ ജീവിതത്തെക്കുറിച്ചും സ്വാതന്ത്ര്യസമരാനുഭവങ്ങളെക്കുറിച്ചും ധാരണ നേടുന്നു.<br>• മക്കൾക്ക് അമ്മമാരോടുള്ള ഉത്തരവാദിത്വം പോലെ പ്രധാനമാണ് മാതൃരാജ്യത്തോടുള്ള സ്നേഹവും എന്ന് തിരിച്ചറിയുന്നു. | • വിശകലനക്കുറിപ്പ് തയാറാക്കൽ<br>• ആശയം സംഗ്രഹിക്കൽ<br>• നിരീക്ഷണക്കുറിപ്പ് തയാറാക്കൽ | • വിശകലനക്കുറിപ്പ്<br>• കുറിപ്പ്<br>• നിരീക്ഷണക്കുറിപ്പ് | • ആശയവ്യക്തത<br>• വിശകലനശേഷി<br>• ഭാഷ<br>• ആശയം<br>• സംഗ്രഹണശേഷി<br>• ആശയവ്യക്തത<br>• നിരീക്ഷണപാടവം<br>• ഭാഷ |
| • വിവിധ സൂചനകൾ വായിച്ച് ആശയം, സമകാലികപ്രസക്തി, ഭാഷാസവിശേഷതകൾ എന്നിവ വിശകലനം ചെയ്ത് വിവിധ വ്യവഹാരരൂപങ്ങളിൽ ആവിഷ്കരിക്കുന്നു.<br>• കഥകൾ വായിച്ച് കഥാപാത്ര സവിശേഷതകൾ കണ്ടെത്തുന്നു. | അമ്മ | • ബഷീറിന്റെ ചിന്തകളിലും കാഴ്ചപ്പാടുകളിലും ഗാന്ധിജിയുടെ സ്വാധീനമുണ്ട്.<br>• ബഷീറിന്റെ ഭാഷാപരമായ സവിശേഷതകൾ തിരിച്ചറിയുന്നു.<br>• ജീവിതാനുഭവങ്ങളിൽ നിന്നാണ് ബഷീർ കഥാപാത്രങ്ങളെ സൃഷ്ടിക്കുന്നത്. | • ലഘു ഉപന്യാസം തയാറാക്കൽ<br>• സെമിനാർ<br>• കഥാപാത്ര നിരൂപണം തയാറാക്കൽ | • ലഘൂപന്യാസം<br>• സെമിനാർ പ്രബന്ധം<br>• കഥാപാത്ര നിരൂപണം | • തലക്കെട്ട്<br>• ആമുഖം<br>• ഉള്ളടക്കം<br>• സ്വന്തം നിരീക്ഷണം<br>• ഭാഷ<br>• ആശയസമഗ്രത<br>• ആധികാരികത<br>• അവതരണരീതി<br>• ഭാഷ<br>• കഥാപാത്ര സവിശേഷതകൾ<br>• സ്വന്തം നിരീക്ഷണം |

# 3 കുതുകമോടാലപിച്ചാലും

എൻ.പി. മുഹമ്മദിന്റെ 'ദൈവത്തിന്റെ കണ്ണ്' എന്ന നോവലിൽ നിന്നുള്ള 'കളിപ്പാവകൾ' എന്ന ഭാഗം, എം.എൻ. വിജയന്റെ 'ആർഭാട ത്തിൽനിന്ന് ലാളിത്യത്തിലേക്ക്' എന്ന ലേഖനം, മഹാകവി ഉള്ളൂരിന്റെ 'നവയുഗോദയം' എന്ന കവിതയിൽനിന്നെടുത്ത 'വിശ്വം ദീപമയം' എന്ന ഭാഗം, കെ.എം. മാത്യുവിന്റെ 'എട്ടാമത്തെ മോതിരം' എന്ന ആത്മകഥയിൽനിന്നുള്ള 'ജീവിതം ഒരു പ്രാർഥന' എന്നിവയാണ് ഈ യൂണിറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള രചനകൾ.

സമൂഹത്തിൽ നിലനിന്നിരുന്ന അന്ധവിശ്വാസങ്ങൾ, അനാചാരങ്ങൾ എന്നിവയെ തുറന്നുകാണിക്കുന്ന രചനയാണ് 'ദൈവത്തിന്റെ കണ്ണ്.' 'ഇതൊന്നും ഓന്റെ സക്തിയല്ല. പൂതത്തിന്റെ സക്തിയാണ്. മൂന്നു മൂർത്തികളാ ഓന്റെ മേത്ത്, അനക്കറിയൂലേ?' മൂത്താപ്പയുടെ ഈ വാക്കുകളിൽ ആ അന്ധവിശ്വാസം നമുക്ക് തെളിഞ്ഞു കാണാം. ഭീകരമായ മർദ്ദനത്തിനൊടുവിൽ ഓലമടൽ വലിച്ചു കൊണ്ടുപോകു ന്നതുപോലെ, ചങ്ങലയ്ക്കിട്ട് മൊയമ്മതാലിക്കാക്കയെ വലിച്ചുകൊ ണ്ടുപോകുന്നു. ഒരുകാലത്ത് ശരിയായ ചികിത്സ കിട്ടാതെ എത്രയോ ജീവിതങ്ങൾ ഇത്തരത്തിൽ തകർന്നുപോയിരിക്കുന്നു. 'ഇരുട്ടിന്റെ ആത്മാവി'ലെ വേലായുധൻ ഒരു സാങ്കൽപ്പികകഥാപാത്രമല്ലെന്നും അങ്ങനെയൊരാൾ തന്റെ വീടിനടുത്തുണ്ടായിരുന്നെന്നും എം.ടി. സാക്ഷ്യപ്പെടുത്തുന്നുണ്ട്. എന്നാൽ വരുംതലമുറ ഇതിനെ മറികടക്കും എന്ന തിരിച്ചറിവും 'ദൈവത്തിന്റെ കണ്ണി'ലെ അയ്മദ് എന്ന കുട്ടി നൽകുന്നുണ്ട് : 'മൊയമ്മതാലിക്കാക്കാ, നിങ്ങൾക്ക് ഞാനുണ്ട്. ഞാൻ വലുതായി നിങ്ങളെ സുഖക്കേട് മാറ്റിച്ചു...'

ആർഭാടം ഒരു ഉന്മാദമായി മാറുന്ന കാലത്താണ് നാം ജീവിക്കുന്നത്. ആർഭാടജീവിതത്തിനായി ഏതു മാർഗത്തിലാണെങ്കിലും പണം സമ്പാദിക്കണം എന്ന ചിന്ത സമൂഹത്തിൽ വേരുറയ്ക്കുന്നുണ്ടോ? അങ്ങനെ പണക്കാരാകുന്നവർക്ക് അനർഹമായ പരിഗണന സമൂഹം നൽകുന്നുണ്ടോ? സാമൂഹികമുന്നേറ്റങ്ങൾക്കനുഗുണമായ പൊതുകാഴ്ചപ്പാടിനനുസരിച്ച് രൂപംകൊള്ളേണ്ട മൂല്യങ്ങൾക്കു പകരം സ്വാർഥതനിറഞ്ഞ കാഴ്ചപ്പാടുകളാണ് കാണുന്നത്. മുതലാളിത്തസമൂഹം വിവിധ പരസ്യങ്ങളിലൂടെയാണ് ഉപഭോഗാസ ക്തിനിറഞ്ഞ ചിന്താഗതികൾ വളർത്തിയെടുക്കുന്നത്. സമൂഹത്തിനു

ഗുണകരമല്ലാത്ത ഇത്തരം ചിന്തകളെയും പ്രവൃത്തികളെയും പ്രതിരോധിക്കേണ്ടതുണ്ട്. ഇവിടെയാണ് നവോത്ഥാനചിന്തകൾ പ്രാധാന്യമർഹിക്കുന്നത്. വിവേചനങ്ങളില്ലാത്ത പൊതുയിടങ്ങൾ രൂപപ്പെട്ടതാണ് നവോത്ഥാനത്തിന്റെ ഒരു പ്രധാന നേട്ടം. അന്ധവിശ്വാസങ്ങൾ, ദുരാചാരങ്ങൾ, വിവിധ ചടങ്ങുകളുടെ പേരിലുള്ള ആർഭാടങ്ങൾ എന്നിവയ്ക്കെതിരെയുള്ള മുന്നേറ്റങ്ങളാണ് അക്കാലത്തുണ്ടായത്. വിദ്യാലയങ്ങൾ, തൊഴിൽശാലകൾ എന്നിവ സ്ഥാപിച്ച് തിരിച്ചറിവും സ്വന്തം കാലിൽ നിൽക്കാനുള്ള കരുത്തും നവോത്ഥാനം മലയാളികൾക്കു നൽകി. മനുഷ്യമനസ്സുകളിൽ പുതിയ ആദർശങ്ങളുടെ വെളിച്ചം പകരാനാണ് നവോത്ഥാനനേതാക്കൾ ശ്രമിച്ചത്. വ്യക്തികളുടെ പേര്, ചടങ്ങുകൾ, വേഷം തുടങ്ങിവയിലൊക്കെത്തന്നെ ഈ മാറ്റം ദൃശ്യമായി. പൊതുജന വായനശാലകൾ, പൊതുവിദ്യാലയങ്ങൾ, പൊതുവഴികൾ, പൊതുകിണറുകൾ... ഇങ്ങനെ പൊതുവായ പലതും രൂപപ്പെട്ടു. ഇത്തരത്തിൽ രൂപപ്പെട്ട ഉന്നതമായ ജീവിതമൂല്യങ്ങൾ തിരസ്കരിക്കാനുള്ള ബോധപൂർവമായ പുതിയ ശ്രമങ്ങൾ നടക്കുമ്പോൾ മലയാളിയെ മലയാളിയാക്കിയ നവോത്ഥാനത്തെക്കുറിച്ചും അതിന്റെ നേതാക്കളെക്കുറിച്ചുമുള്ള തിരിച്ചറിവുകൾ നമ്മുടെ കുട്ടികൾക്ക് ലഭിക്കേണ്ടതുണ്ട്. ഗാന്ധിജിയെയും ശ്രീനാരായണഗുരുവിനെയും അയ്യങ്കാളിയെയും മറ്റു നവോത്ഥാന നേതാക്കളെയും കുട്ടികൾ അറിയേണ്ടതുണ്ട്, പഠിക്കേണ്ടതുണ്ട്. അത്തരം ചിന്തകൾക്കു സഹായകമാണ് എം.എൻ. വിജയന്റെ ലേഖനം.

ജീവിതപ്രശ്നങ്ങളിൽ നിരാശപ്പെട്ടിരിക്കാതെ അവയെ സധൈര്യം നേരിടാനുള്ള ആത്മവിശ്വാസമാണ് ആർജിക്കേണ്ടത്. ഇത്തരത്തിൽ ആത്മവിശ്വാസം നൽകുന്ന കവിതാഭാഗമാണ് ഉള്ളൂരിന്റെ 'വിശ്വം ദീപമയം.'

സ്വാർഥതയ്ക്കും തിരക്കുകൾക്കുമപ്പുറം കൂട്ടായ്മയും സ്നേഹവുമാണ് ശാശ്വതം എന്ന സന്ദേശമാണ് 'ജീവിതം ഒരു പ്രാർഥന' എന്ന ആത്മകഥാഭാഗം നൽകുന്നത്.

# ആർഭാടത്തിൽനിന്ന് ലാളിത്യത്തിലേക്ക്

- എം.എൻ. വിജയൻ

## പാഠാപഗ്രഥനം

ഈ ലോകത്ത് മനുഷ്യന് ജീവിക്കാനാവശ്യമുള്ളതെല്ലാമുണ്ട്. പക്ഷേ, ഒരാളുടെ പോലും അത്യാഗ്രഹത്തിനുള്ളതില്ല എന്ന് ഗാന്ധിജി പറഞ്ഞതോർക്കുക. ബുദ്ധനും എല്ലാ ദുഃഖങ്ങൾക്കും അടിസ്ഥാനം മോഹമാണെന്നു തിരിച്ചറിഞ്ഞു. ആർഭാടവും ഈ അത്യാഗ്രഹത്തിന്റെ തുടർച്ചതന്നെ. ആർഭാടമായി ജീവിക്കുക എന്നത് വ്യക്തികളെ മാത്രമല്ല, രാഷ്ട്രങ്ങളെയും ബാധിക്കുന്ന രോഗമാകുന്നു. ആർഭാടങ്ങൾക്കു പിന്നാലെ പോകുന്ന വ്യക്തി എല്ലാ ധാർമ്മികതകളെയും ഉപേക്ഷിക്കുന്നു. യാചനയും കടംവാങ്ങലും മോഷണവുമെല്ലാം അവനു ശരിയാണ്. ആഘോഷങ്ങളെയും ആചാരങ്ങളെയും ആർഭാടപൂർണമാക്കാനുള്ള കടംവാങ്ങലുകൾ വ്യക്തിയെ ചിലപ്പോൾ ആത്മഹത്യയിലേക്കു പോലും എത്തിക്കുന്നു. അത്യാഗ്രഹത്തിന്റെയും ആർഭാടത്തിന്റെയും ഉന്മാദം ബാധിച്ച രാഷ്ട്രങ്ങൾ യുദ്ധങ്ങളിലേക്കും കീഴടക്കലുകളിലേക്കും ജനദ്രോഹങ്ങളിലേക്കും നീങ്ങുന്നു.

ആർഭാടം ഒരു ഉന്മാദമായി പടരുമ്പോൾ, പ്രണയനഷ്ടംകൊണ്ട് ആത്മഹത്യയിലേക്കു നീങ്ങുന്ന ദുർബലരെപ്പോലെ അരുകുവൽക്കരിക്കപ്പെട്ട മനുഷ്യർക്കും തങ്ങൾക്കുള്ളതല്ല ഈ ലോകം എന്ന നിരാശപടരുന്നു. ആർഭാടത്തെ ആദർശമാക്കുന്ന മനോഭാവത്തിനു തടയിട്ടത് ഗുരുവാണ്. സമൂഹത്തെ ഗ്രസിച്ച ഈ രോഗത്തെ നിരോധിക്കാനുള്ള ശ്രമമാണ് അദ്ദേഹം നടത്തിയത്. വിവാഹം പോലുള്ള ചടങ്ങുകളെ അദ്ദേഹം ആർഭാടങ്ങളിൽനിന്നു മോചിപ്പിക്കാൻ ശ്രമിച്ചു. ഒരു കല്ല് പ്രതിഷ്ഠിക്കുന്നതിലൂടെ ആരാധനയെപ്പോലും ഗുരു നിരാഡംബരമാക്കി. പിൽക്കാലത്തും സ്വർണവിഗ്രഹങ്ങളല്ല, തന്നെത്തന്നെ കാണാവുന്ന കണ്ണാടിയാണ് പ്രതിഷ്ഠിച്ചത്. സമ്പത്ത് ആരാധനാലയങ്ങളിലേക്കെത്തിക്കുകയല്ല, വിദ്യാലയങ്ങളും വ്യവസായങ്ങളും ആരംഭിക്കുകയാണ് ഗുരു ചെയ്തത്. ഭക്തിയുടെ പേരിൽ നടക്കുന്ന ആർഭാടങ്ങൾ സമൂഹത്തെ തകർക്കും. അവ പലപ്പോഴും ജാതിമത സംഘടനകൾ തമ്മിലുള്ള ആർഭാടമത്സരങ്ങളായി മാറുകയും ചെയ്യും. ആർഭാടങ്ങൾക്കു പകരം ആദർശവും ലാളിത്യവും മഹത്ത്വത്തിന്റെ അളവുകോലാവണം. ജാതിമതങ്ങൾക്കു സ്വാധീനമുള്ള സമൂഹമാണ് നമ്മുടേത്. ഏറെ ആചാരബദ്ധവുമാണത്. ജനനം മുതൽ മരണം വരെയുള്ള അനേകം ആചാരങ്ങൾ നാം പുലർത്തുന്നു. അത്തരം ആചാരങ്ങൾ പലപ്പോഴും ആർഭാടങ്ങളുടെ കൂത്തരങ്ങായി മാറാറുണ്ട്. മതാത്മകമായ സമൂഹങ്ങളിൽ രാഷ്ട്രീയപ്പാർട്ടികളേക്കാൾ സ്വാധീനം ജാതി-മതസംഘടനകൾക്കുണ്ടാകും. ആധുനികകാലത്തിനിണങ്ങാത്ത പല ആചാരങ്ങളും അവയിൽ കുടികൊള്ളുന്ന വിവേചനങ്ങളും ഇല്ലാതാക്കാനോ

പരിഷ്കരിക്കാനോ ജാതി-മതസംഘടനകളാണ് മുൻകൈയെടുക്കേണ്ടത്. മതനവീകരണപ്രസ്ഥാനങ്ങൾ മുന്നോട്ടുവച്ച ഇത്തരം പ്രവർത്തനങ്ങളിലൂടെയാണ് നമ്മുടെ നവോത്ഥാനം ആരംഭിക്കുന്നത്. അതുകൊണ്ടുതന്നെ ആചാരങ്ങളിലും ആഘോഷങ്ങളിലും ആർഭാടങ്ങളൊഴിവാക്കാൻ സമുദായസംഘടനകൾക്കു പലതും ചെയ്യാൻ കഴിയും.

## പ്രധാനാശയങ്ങൾ

- ഇന്നത്തെ സമൂഹത്തിന് ആഡംബരഭ്രമം പിടിപെട്ടിരിക്കുന്നു.
- പണം സമ്പാദിക്കുന്നതിനായി എന്തും ചെയ്യാവുന്ന അവസ്ഥയിലേക്ക് മനുഷ്യർ മാറിക്കൊണ്ടിരിക്കുന്നു.
- ആഡംബരഭ്രമം വളർത്തുന്നതിൽ കമ്പോളത്തിനും പരസ്യങ്ങൾക്കും വലിയ പങ്കുണ്ട്.
- ആഡംബരജീവിതത്തിനെതിരായ, ലളിതജീവിതത്തിനുതകുന്ന ചിന്തകളാണ് നമുക്കാവശ്യം.
- ശ്രീനാരായണഗുരുവിനെപ്പോലുള്ളവർ ആഡംബരത്തെയും അനാചാരങ്ങളെയും എതിർത്തു; ജനങ്ങളെ വിദ്യാഭ്യാസത്തിലേക്കും വ്യവസായത്തിലേക്കും തിരിച്ചുവിട്ടു.
- പണക്കാരുടെ ആഡംബരജീവിതത്തോടു മത്സരിച്ച് പാവങ്ങൾ പാപ്പരാകുന്നു.
- ജീവിതം ആദർശവും ലാളിത്യവും നിറഞ്ഞതായിരിക്കണം.
- ഓരോ മേഖലയിലും ആർഭാടത്തിനെതിരായ ആദർശങ്ങളും ചിന്തകളും വളർത്തണം.
- ലളിതജീവിതചിന്തകളിലേക്കു നയിക്കാനുള്ള ചുമതല സമുദായത്തിനുതന്നെയാണ്. അവർ സാമൂഹികനവോത്ഥാനത്തിൽ ഗണ്യമായ പങ്കുവഹിച്ചിരുന്നു.
- പൊതുനന്മയ്ക്കുവേണ്ടി ആഡംബരത്തിന്റെ വിപരീതങ്ങളെ നമ്മൾ ആദർശവൽക്കരിക്കണം.

## പഠനപ്രവർത്തനങ്ങൾ

### പ്രവേശകപ്രവർത്തനം

**വിവാഹം മുങ്ങിക്കപ്പലിൽ**

വേറിട്ട വിവാഹരീതിയുമായി വ്യവസായകുടുംബം ശ്രദ്ധേയരായി. ഇതുവരെ ആരും നടത്തിയിട്ടില്ലാത്ത വിധം കടലിന്നടിയിൽ വച്ചാണ് വ്യവസായിയുടെ മകളുടെ വിവാഹം നടന്നത്. പ്രത്യേകം ക്ഷണിക്കപ്പെട്ടവർ മാത്രം പങ്കെടുത്ത ചടങ്ങിനു ശേഷം പഞ്ചനക്ഷത്രഹോട്ടലിൽ വിരുന്നു സൽക്കാരവും നടന്നു. എട്ടുകോടി രൂപയാണ് വിവാഹത്തിനു ചെലവെന്ന് ബന്ധുക്കൾ അറിയിച്ചു.

**ബൈക്ക് മോഷണം: കൗമാരക്കാരായ വിദ്യാർഥികൾ അറസ്റ്റിൽ**

ബൈക്കുകൾ മോഷ്ടിച്ചു വിറ്റ കൗമാരക്കാരായ വിദ്യാർഥികൾ അറസ്റ്റിലായി. ആഡംബരജീവിതം നയിക്കുന്നതിനു പണം കണ്ടെത്താനാണത്രേ അവർ ബൈക്കുകൾ മോഷ്ടിച്ചിരുന്നത്. വാഹനമോഷണ മാഫിയ കുട്ടികളുടെ ആഡംബരഭ്രമത്തെ ചൂഷണം ചെയ്യുകയായിരുന്നു.

- ഇത്തരത്തിൽ അടുത്തകാലത്തായി വന്ന ആഡംബരവുമായി ബന്ധപ്പെട്ട വാർത്തകളുടെ - സ്ലൈഡ് പ്രദർശിപ്പിക്കുന്നു.

കുട്ടികൾ വ്യക്തിഗതമായി വാർത്തകളോടു പ്രതികരിക്കുന്നു.

- വിവാഹമുൾപ്പെടെയുള്ള ചടങ്ങുകൾ ഇത്തരത്തിൽ നടത്തുന്നതിനോടു നിങ്ങൾ യോജിക്കുന്നുണ്ടോ?
- കുട്ടികളെ വഴിതെറ്റിക്കുന്നതിൽ ഇത്തരം ആർഭാടങ്ങൾക്കു പങ്കുണ്ടോ?

ചർച്ച.

(പണക്കാരുടെ ആർഭാടം മറ്റുള്ളവർക്കും പ്രചോദനമാകുന്നതിനെക്കുറിച്ചും പരസ്യങ്ങൾ വഹിക്കുന്ന പങ്കിനെക്കുറിച്ചും ചർച്ചയിലൂടെ ക്രോഡീകരിക്കണം.)

- നമ്മുടെ നാട്ടിൽ ഇത്തരത്തിൽ ആർഭാടം നടക്കുന്നത് ഏതെല്ലാം മേഖലകളിലാണ്?

വിവാഹം, വീട്, ആഘോഷം, വസ്ത്രം, ഭക്ഷണം, യാത്ര, വിദ്യാഭ്യാസം .......

കുട്ടികൾ വിവിധ മേഖലകളുടെ പേരിൽ കൂട്ടങ്ങളാകുന്നു.

ഓരോ കൂട്ടവും അതതു മേഖലകളിലെ ആർഭാടങ്ങൾ, അവ സമൂഹത്തിൽ സൃഷ്ടിക്കുന്ന പ്രത്യാഘാതങ്ങൾ, അവ കുറയ്ക്കാനുള്ള നിർദേശങ്ങൾ എന്നിവ ചർച്ചചെയ്യുന്നു.

കണ്ടെത്തലുകൾ കുട്ടികൾ അവതരിപ്പിക്കുന്നു.

ചർച്ച-ക്രോഡീകരണം.

## സന്ദേശം കണ്ടെത്താം

■ 'ആദർശത്തിന്റെയും ലാളിത്യത്തിന്റെയും ഊന്നുവടികൊണ്ട് സാധാരണക്കാരന്റെ ഉയരം കൂട്ടേണ്ടിയിരിക്കുന്നു.' (വാക്യം സ്ലൈഡ് പ്രദർശിപ്പിക്കുന്നു)

വിശകലനച്ചോദ്യങ്ങൾ ഉന്നയിക്കുന്നു.

- തങ്ങൾക്ക് ഉയരം കുറവാണ് എന്ന് സാധാരണക്കാർ ചിന്തിക്കുന്നത് എന്തുകൊണ്ട്?
- ഉയരം കൂട്ടുക എന്നതുകൊണ്ട് അർഥമാക്കുന്നതെന്ത്?
- ഉയരം കൂട്ടാൻ അവർ എന്താണ് ചെയ്യുന്നത്?
- ഈ അനുകരണം അവരുടെ ജീവിതത്തെ നയിക്കുന്നത് എങ്ങോട്ടാണ്?

- ഇതിനു പ്രതിവിധിയായി ലേഖകൻ നിർദേശിക്കുന്നതെന്ത്?
- ആദർശപൂർണവും ലളിതവുമായ ജീവിതം ഒരുവന്റെ ഉയരം കൂട്ടുന്നതെങ്ങനെ?

ചർച്ച

**ക്രോഡീകരണം**

ധനികന്റെ ജീവിതമാണ് ഉയർന്നത് എന്ന് സാധാരണക്കാരൻ ചിന്തിക്കുന്നു. അവരെ അനുകരിക്കാൻ അവൻ ശ്രമിക്കുന്നു. അതിനുവേണ്ടി കടം വാങ്ങിയും ആഡംബരം കാട്ടുന്നു. ഇത് കടക്കെണിയിലേക്കും കൂട്ട ആത്മഹത്യയിലേക്കും നയിക്കുന്നു. ആദർശപൂർണവും ലാളിത്യമാർന്നതുമായ ജീവിതമാണ് മഹത്ത്വപൂർണമെന്നും അതുകൊണ്ടുതന്നെ ഉന്നതമെന്നും ലേഖകൻ ഗാന്ധിജിയെ ചൂണ്ടി സമർഥിക്കുന്നു. അങ്ങനെ ആ ഊന്നുവടി സാധാരണക്കാരന് താങ്ങായി ഉയരം വർധിപ്പിക്കുന്നു. ആദർശവും ലാളിത്യവും മഹത്ത്വത്തിന്റെ അളവുകോലാവണം.

## ഉപന്യാസം തയാറാക്കാം

'ആർഭാടത്തിൽനിന്നു ലാളിത്യത്തിലേക്ക് ' എന്ന ലേഖനം വായിക്കുന്നു. കണ്ടെത്തലുകൾ പൊതുവായി അവതരിപ്പിക്കുന്നു.

തുടർന്ന് കുട്ടികളുടെ നാലോ അഞ്ചോ പേരുള്ള കൂട്ടങ്ങളിൽ ചർച്ചാസൂചനകൾ നൽകുന്നു. ഓരോ കൂട്ടവും ഒരു സൂചന വീതം ചർച്ചചെയ്യുന്നു.

ഉന്നതമായ ജീവിതാദർശങ്ങൾ, നവോത്ഥാനകാലത്തെ കാഴ്ചപ്പാടുകൾ, ആർഭാടത്തിനെതിരായ നിലപാടുകൾ എന്നിവയിലൂന്നി ചർച്ചയിലിടപെടാൻ അധ്യാപിക ശ്രദ്ധിക്കണം.

**ചർച്ചാസൂചനകൾ**

- 'ആർഭാടം ഒരു ഉന്മാദാവസ്ഥയാണ്.' ലേഖകന്റെ അഭിപ്രായത്തോടു നിങ്ങൾ യോജിക്കുന്നുണ്ടോ? എന്തുകൊണ്ട്?
    - ഈ ഉന്മാദാവസ്ഥ മനുഷ്യരെ നയിക്കുന്നതെങ്ങോട്ട്?
    - സാമ്പത്തികമായ ഉയർച്ചതാഴ്ചകൾ ഈ ഉന്മാദാവസ്ഥ വർധിപ്പിക്കുന്നുണ്ടോ?
- Beg, borrow or steal എന്ന മുദ്രാവാക്യം ഇന്നത്തെ സമൂഹത്തിൽ എത്രമാത്രം ദൃശ്യമാണ്?
    - ഈ മുദ്രാവാക്യം നൽകുന്ന സന്ദേശമെന്ത്?
    - ഈ അവസ്ഥ /മനോഭാവം നമ്മളെ നയിക്കുന്നതെവിടേക്ക്?

പരസ്യങ്ങളിലെ പ്രലോഭനങ്ങൾ സമൂഹത്തെ ഈ മനോഭാവത്തിലേക്കു നയിക്കുന്നതിന് കാരണമാകുന്നുണ്ടോ?

■ 'നിറവേറാത്ത മോഹം, പ്രണയത്തെപ്പോലെ നിങ്ങളെ ആത്മഹത്യയിലേക്കു കൂട്ടിക്കൊണ്ടു പോകുന്നു.'

- മോഹങ്ങൾ സൃഷ്ടിക്കുന്നതാര്?
- നമ്മുടെ മോഹങ്ങളും മോഹഭംഗങ്ങളും തീരുമാനിക്കുന്നതിൽ കമ്പോള ങ്ങളുടെയും പരസ്യങ്ങളുടെയും പങ്കെന്താണ്?
- അവ നിറവേറ്റപ്പെടാത്ത മോഹങ്ങളായി മാറുന്നതെന്തുകൊണ്ട്?

■ "അനാവശ്യമായ ധനവ്യയം ഒരു മംഗളകർമ്മത്തിനും പാടില്ല."

ശ്രീനാരായണഗുരുവിന്റെ ഈ ഉപദേശം ഇന്നത്തെ കേരളത്തിൽ എത്രമാത്രം പ്രസക്തമാണ്?

- ആർഭാടത്തിനും അന്ധവിശ്വാസങ്ങൾക്കും എതിരായി ശ്രീനാരായണഗുരു നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാം?
- മറ്റു നവോത്ഥാനനായകർ നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാം?

■ 'സമുദായ സംഘടനകൾക്ക് ഇക്കാര്യത്തിൽ പലതും ചെയ്യാൻ കഴിയും. പക്ഷേ, അവർക്ക് ഇച്ഛാശക്തി നഷ്ടപ്പെട്ടിരിക്കുന്നു.

- സാമൂഹികപരിഷ്കരണത്തിൽ സമുദായസംഘടനകൾ വഹിച്ചിരുന്ന പങ്കെന്ത്?
- 'സമുദായസ്ഥാപനങ്ങൾക്കു മാത്രമേ ഇപ്പോൾ ധൂർത്താചാരങ്ങളെ സാമാന്യനിലയിലേക്ക് ഇറക്കിക്കൊണ്ടുവരാൻ കഴിയൂ.'

  ഇതിനായി സമുദായസംഘടനകൾ ചെയ്യേണ്ടതെന്തെല്ലാം?

■ 'ആർഭാടമാകുന്നു സ്വന്തം തെളിവ്.'

'മത്സരിക്കുന്ന പാവങ്ങൾ പതുക്കെ പാപ്പരായിത്തീരും.'

- ഇക്കാലത്ത് ആർഭാടം സ്വന്തം സാമൂഹികപദവിയുടെ തെളിവായി മാറു ന്നുണ്ടോ? ഈ മനോഭാവം സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ എന്തെല്ലാം?

■ 'ആദർശത്തിന്റെയും ലാളിത്യത്തിന്റെയും ഊന്നുവടികൊണ്ട് സാധാരണക്കാരന്റെ ഉയരം കൂട്ടേണ്ടിയിരിക്കുന്നു.'

- ഈ വാക്യം നൽകുന്ന സന്ദേശമെന്ത്? ആദർശത്തിന്റെയും ലാളിത്യത്തിന്റെയും ഊന്നുവടി എന്ന പ്രയോഗത്തിൽ തെളിയുന്ന മഹാത്മാവ് ആര്?
- 'എന്റെ ജീവിതമാണ് എന്റെ സന്ദേശം' എന്ന മഹാത്മജിയുടെ വാക്കുകളുമായി ബന്ധപ്പെടുത്തി ലേഖകന്റെ നിരീക്ഷണത്തിന്റെ പൊരുൾ വിശദമാക്കുക.

■ 'അതുകൊണ്ട് ഇപ്പോൾ നേതൃത്വം വിപരീതങ്ങളെ ആദർശവൽക്കരിക്കണം.'

- വിപരീതങ്ങളെ ആദർശവൽക്കരിക്കുക എന്നാലെന്ത്?
- ധൂർത്താചാരങ്ങളെ സാമാന്യനിലയിലേക്കു കൊണ്ടുവരാൻ നാം ചെയ്യേണ്ടതെന്തെല്ലാം?

ലേഖകന്റെ നിർദേശങ്ങൾ ചർച്ചചെയ്യുക.

– ചർച്ച, ക്രോഡീകരണം

തുടർന്ന് 'ലളിതജീവിതം സാമൂഹികനന്മയ്ക്ക്' എന്ന വിഷയത്തിൽ ഉപന്യാസം തയാറാക്കുന്നു. (വ്യക്തിഗതം).

**ഉപന്യാസം വിലയിരുത്തുന്നു.**

- ഉപന്യാസവിഷയം വിശകലനം ചെയ്തിട്ടുണ്ട്.
- ലേഖനത്തിലെ ആശയങ്ങൾ ഉൾക്കൊണ്ടിട്ടുണ്ട്.
- സ്വന്തം നിരീക്ഷണങ്ങൾ യുക്തിപൂർവം അവതരിപ്പിച്ചിട്ടുണ്ട്.
- ആശയക്രമീകരണം പാലിച്ചിട്ടുണ്ട്.

## പ്രഭാഷണം തയാറാക്കാം

**മുത്തച്ഛൻ – ഒരനുഭവക്കുറിപ്പ്**

എനിക്കന്ന് 13 വയസ്സ്. ഒരു ദിവസം ഞാൻ സ്കൂളിൽനിന്നു മടങ്ങുകയായിരുന്നു. കൈയിലുള്ള പെൻസിലിലേക്ക് ഞാനൊന്നു നോക്കി. തീരെ ചെറുതായിരിക്കുന്നു. കൈയിൽ പിടിച്ച് എഴുതാനുള്ള വലുപ്പമില്ല. മുത്തച്ഛൻ പുതിയതൊന്നു വാങ്ങിത്തരുമെന്ന് ഉറപ്പല്ലേ. ഞാനതു വലിച്ചെറിഞ്ഞു.

സന്ധ്യയോടെ വീട്ടിലെത്തി. മുത്തച്ഛനോട് പുതിയൊരു പെൻസിലിനാവശ്യപ്പെട്ടു. ചോദിച്ച മാത്രയിൽ പേരക്കുട്ടിക്ക് പുതിയതൊന്നു വാങ്ങിത്തരുമെന്ന പ്രതീക്ഷ തെറ്റിച്ചുകൊണ്ട് തുരുതുരാ ചോദ്യങ്ങൾ ഉന്നയിക്കുകയാണ് അദ്ദേഹം ചെയ്തത്.

"നിന്റെ പെൻസിലിനെന്തുപറ്റി?

രാവിലെ വലിയ പെൻസിലായിരുന്നല്ലോ കൈയിലുണ്ടായിരുന്നത്?

അതെങ്ങനെ ഇത്രയും പെട്ടെന്ന് ചെറുതായി.

നീ അതെവിടെയാണ് കളഞ്ഞത്?"

ഒരു കുറ്റിപ്പെൻസിലിനു വേണ്ടി എന്തിനാണിത്രയും ചോദ്യങ്ങളെന്ന് എനിക്കു മനസ്സിലായില്ല.

പുറത്തുപോയി പെൻസിൽ തിരഞ്ഞ് കണ്ടെത്തിക്കൊണ്ടുവരാൻ എന്നോട് നിർദേശിച്ചു.

അപ്പോഴേക്കും ഇരുട്ടിക്കഴിഞ്ഞിരുന്നു. ഒരു ടോർച്ചും കൈയിൽ തന്നു. രണ്ടോ മൂന്നോ മണിക്കൂറിനു ശേഷം ആ കുറ്റിപ്പെൻസിൽ കിട്ടി.

മുത്തച്ഛൻ എന്നെ അടുത്തിരുത്തി രണ്ടു പാഠങ്ങൾ പറഞ്ഞുതന്നു :

'നമ്മൾ ഒരു പെൻസിൽ ഉപയോഗിക്കുമ്പോൾ പ്രകൃതിസമ്പത്താണ് ഉപയോഗപ്പെടുത്തുന്നത്. അത് പ്രകൃതിയുടെ നേരെയുള്ള അക്രമമാണ്.'

'നമ്മൾ അമിതമായി വിഭവങ്ങൾ ഉപയോഗപ്പെടുത്തുമ്പോൾ നമ്മുടെ രാഷ്ട്രത്തിൽ കൂടുതൽ ദരിദ്രരെ സൃഷ്ടിക്കുന്നു.'

**(അരുൺഗാന്ധി - മഹാത്മാഗാന്ധിയുടെ പൗത്രൻ)**

കുറിപ്പ് വായിക്കുന്നു.

- ഈ അനുഭവക്കുറിപ്പ് നിങ്ങൾക്കു നൽകുന്ന ജീവിതപാഠങ്ങൾ എന്തെല്ലാമാണ്?

  ചർച്ച, ക്രോഡീകരണം.

- "എല്ലാവർക്കും ആവശ്യത്തിനുള്ളത് ഈ ഭൂമിയിലുണ്ട്; എന്നാൽ ഒരാളുടെ പോലും അത്യാർത്തിക്കുള്ളത് ഒട്ടുമില്ലതാനും" - ഗാന്ധിജിയുടെ ഈ മുന്നറിയിപ്പ് ജീവിതത്തിലെ നമ്മുടെ ആവശ്യങ്ങളെക്കുറിച്ച് നൽകുന്ന തിരിച്ചറിവുകൾ എന്തൊക്കെ?

- നമ്മുടെ ജീവിതത്തെയും ജീവിതാവശ്യങ്ങളെയും ഇപ്പോൾ നിയന്ത്രിക്കുന്നത് വിപണികളാണോ?

- നാം വിപണിയിൽ നിന്ന് വാങ്ങിക്കൂട്ടുന്നവയെല്ലാം നമുക്കത്യാവശ്യമുള്ളവയാണോ?

ഇത്തരത്തിൽ വാങ്ങുന്ന/വാങ്ങിയ അല്ലെങ്കിൽ വീട്ടിലിരിക്കുന്ന വസ്തുക്കളെ പട്ടികപ്പെടുത്തുന്നു.

പട്ടികയുടെ സ്ലൈഡ് പ്രദർശിപ്പിക്കുന്നു.

| വിഭവങ്ങൾ | അത്യാവശ്യമായത്/ നിരന്തരം ഉപയോഗിക്കുന്നത് | ആവശ്യമുള്ളത് / ഇടയ്ക്കെല്ലാം ഉപയോഗിക്കുന്നത് | എപ്പോഴെങ്കിലും മാത്രം ഉപയോഗിക്കുന്നത് | വീട്ടിൽ ആവശ്യമില്ലാത്തത് / ഉപയോഗിക്കാത്തത് | ഉപയോഗിച്ചില്ലെങ്കിൽ ഒരു പ്രശ്നവുമില്ലാത്തത് |
|---|---|---|---|---|---|
| ഭക്ഷ്യ വിഭവങ്ങൾ | | | | | |
| വസ്ത്രം | | | | | |
| വിനോദോപാധികൾ | | | | | |
| വീട്ടുപകരണങ്ങൾ | | | | | |

പട്ടിക വിശകലനം ചെയ്ത് കണ്ടെത്തലുകൾ കുറിക്കുന്നു.

അത്യാവശ്യ വസ്തുക്കൾ വാങ്ങുമ്പോൾ നാം എന്തെല്ലാം ശ്രദ്ധിക്കേണ്ടതുണ്ട്? നാം വിപണികളുടെ ഇരകളായിത്തീരുന്നുണ്ടോ? അത് സമൂഹത്തിനും പ്രകൃതിക്കും സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ എന്തെല്ലാം? ഗാന്ധിജി സ്വജീവിതംകൊണ്ട് മാനവരാശിക്ക് നൽകിയ സന്ദേശങ്ങൾ എന്തെല്ലാം?

ചർച്ച –ക്രോഡീകരണം

'ഗാന്ധിജി നൽകുന്ന ജീവിതപാഠങ്ങൾ' എന്ന വിഷയത്തിൽ പ്രഭാഷണം തയാറാക്കുക.

■ താരതമ്യക്കുറിപ്പ് തയാറാക്കാം

- "കിട്ടും പണമെങ്കിലിപ്പോൾ മനുഷ്യർക്കു
  ദുഷ്ടത കാട്ടുവാനൊട്ടും മടിയില്ല
  കിട്ടിയതൊന്നും മതിയല്ല പിന്നെയും
  കിട്ടിയാലും മതിയല്ല ദുരാഗ്രഹം"

  – *കുഞ്ചൻനമ്പ്യാർ*

- "നാണം കെട്ടും പണം നേടിക്കൊണ്ടാൽ
  നാണക്കേടാപ്പണം തീർത്തുകൊള്ളും"

  – *ചൊല്ല്*

(സ്ലൈഡ് പ്രദർശിപ്പിക്കുന്നു).

വരികളിലെ ആശയം കുറിക്കുന്നു. (വ്യക്തിഗതം)

മൂന്നോ നാലോ കുട്ടികൾ അവതരിപ്പിക്കുന്നു.

– വരികളിൽ തെളിയുന്ന സാമൂഹികവിമർശനം

പൊതുചർച്ച

ക്രോഡീകരണം

Beg, borrow or steal (സ്ലൈഡ് പ്രദർശിപ്പിക്കുന്നു).

കുഞ്ചൻനമ്പ്യാർക്കവിതയിലെയും ചൊല്ലിലെയും സ്ലൈഡിലെ വരികളിലെയും ആശയങ്ങൾ താരതമ്യം ചെയ്ത് കുറിപ്പ് തയാറാക്കുന്നു. (വ്യക്തിഗതം)

4, 5 പേരടങ്ങുന്ന ഗ്രൂപ്പിൽ കൈമാറി വിലയിരുത്തുന്നു. മികച്ചവ കണ്ടെത്തുന്നു. അവതരിപ്പിക്കുന്നു.

**എം. എൻ. വിജയന്റെ എഴുത്തിനെപ്പറ്റി**

"അനേകം മാനവികപ്രശ്നങ്ങളെ, ധർമസങ്കടങ്ങളെ, മൂല്യച്യുതികളെ, ആശകളെ, അത്യാർത്തികളെ എല്ലാംതന്നെ തന്റേതുമാത്രമായ വീക്ഷണകോണിലൂടെ നിരീക്ഷിക്കാനും ശരസമാനമായ വാക്കുകളാൽ കേൾവിക്കാരുടെ/വായനക്കാരുടെ മനസ്സിൽ കൃത്യമായി പതിപ്പിക്കാനും അവരെ പിന്തിരിപ്പിക്കാനും ചിരിപ്പിക്കാനും വിജയൻ മാഷ്ക്ക് കഴിഞ്ഞു. സാധാരണമനുഷ്യരുടെ കൈപിടിച്ച് ജീവിതത്തിൽ അവരുടെ ഒപ്പം നടന്നുകൊണ്ടാണ്, ആഢ്യപണ്ഡിതനായി അകന്നു നിന്നുകൊണ്ടല്ല അദ്ദേഹം ഇതെല്ലാം ചെയ്തത്. അതിവിപുലമായ ജ്ഞാനവും അത്യന്തം മാനവികമായ സാംസ്കാരിക അവബോധവും മനസ്സിൽ കൊണ്ടുനടക്കുന്ന ഒരു വ്യക്തിക്ക് മാത്രം കഴിയുന്ന ഒന്നാണിത്.

കൊള്ളേണ്ടതിനെ കൊണ്ടും തള്ളേണ്ടതിനെ തള്ളിയും തിരുത്തേണ്ടതിനെ തിരുത്തിയും പരിഹാസം കൊണ്ട് അടിച്ചിരുത്തേണ്ടതിനെ പരിഹസിച്ച് തളർത്തിയും മുനയൊടിക്കേണ്ട ക്രൂരതകളെ ചങ്കൂറ്റം കൊണ്ട് നേരിട്ടും ആ തൂലികയും വാക്കുകളും സഞ്ചരിക്കുമ്പോൾ വായനക്കാരന്റെ മനസ്സിൽ ബൗദ്ധികമായ ഉണർവിന്റെ അലകൾ പിന്നെയും പിന്നെയും രൂപംകൊള്ളുന്നു.

**(എം.എൻ. വിജയൻ സമ്പൂർണകൃതികളുടെ അവതാരികയിൽ ഡോ. പി.ജി. പത്മിനി)**

# യൂണിറ്റ്‌വിശകലനം

| പഠനനേട്ടങ്ങൾ | പാഠഭാഗങ്ങൾ | ആശയം/ ധാരണ | പ്രധാന പ്രവർത്തനങ്ങൾ | പഠനത്തെളിവുകൾ (വ്യവഹാരരൂപങ്ങൾ/ പ്രകടിതരൂപങ്ങൾ) | വിലയിരുത്തൽ |
|---|---|---|---|---|---|
| • ലേഖനം, നിരൂപണം, പഠനം, ഉപന്യാസം എന്നിവ വായിച്ച് പ്രമേയപരവും, സാമൂഹികവും ആസ്വാദനപരവുമായ അംശങ്ങൾ തിരിച്ചറിഞ്ഞ് രചനകളിലും ജീവിതസന്ദർഭങ്ങളിലും ഔചിത്യപൂർവം പ്രയോജനപ്പെടുത്തുന്നു.<br>• ആദർശത്തിന്റെയും ലാളിത്യത്തിന്റെയും പ്രാധാന്യം ജീവിതത്തിൽ എത്രത്തോളമുണ്ടെന്ന് തിരിച്ചറിഞ്ഞ് ജീവിതസന്ദർഭങ്ങളിൽ പ്രയോജനപ്പെടുത്തുന്നു.<br>• വിവിധ വ്യവഹാരരൂപങ്ങളുടെ സവിശേഷതകൾ തിരിച്ചറിയുന്നു. | ആർഭാടത്തിൽനിന്ന് ലാളിത്യത്തിലേക്ക് | • ആർഭാടമായി ജീവിക്കാനുള്ള കൊതി മനുഷ്യരെ കൊണ്ടെത്തിച്ചിരിക്കുന്നത് എവിടെയെന്ന് തിരിച്ചറിയുന്നു.<br>• ആർഭാടവും ഉന്മാദം തന്നെയെന്ന് തിരിച്ചറിയുന്നു. 'beg, borrow or steal.'<br>• ഇല്ലാത്തവർ ചെലവാക്കി മുടിയുന്നതിനെയും ആർഭാടത്തിനെതിരായും ആദ്യമുയർന്ന ശബ്ദം ഗുരുവിന്റേതാണെന്ന് തിരിച്ചറിയുന്നു.<br>• മത്സരിക്കുന്ന പാവങ്ങൾ പാപ്പരായിത്തീരും.<br>• ആദർശത്തിന്റെയും ലാളിത്യത്തിന്റെയും ഊന്നുവടിയെന്തെന്ന ധാരണ നേടുന്നു.<br>• പരസ്യങ്ങളുടെ സ്വാധീനം തിരിച്ചറിയുന്നു. | • താരതമ്യക്കുറിപ്പ് തയാറാക്കുക.<br>• വിശകലനക്കുറിപ്പ് തയാറാക്കുക.<br>• ഭാഷണം തയാറാക്കുക.<br>• സന്ദേശം കണ്ടെത്താം.<br>• ഉപന്യാസം തയാറാക്കുക. | • താരതമ്യക്കുറിപ്പ്<br>• വിശകലനക്കുറിപ്പ്<br>• പ്രഭാഷണം<br>• വിശകലനക്കുറിപ്പ്<br>• ഉപന്യാസം | • ആശയവ്യക്തത<br>• പരസ്പരബന്ധം<br>• ഭാഷയുടെ അനുയോജ്യത<br>• സന്ദർഭം വിശകലനം ചെയ്തിട്ടുണ്ട്.<br>• ആശയസമർഥനം<br>• ഭാഷ<br>പ്രഭാഷണം<br>• ഘടന<br>• ആശയവ്യക്തത<br>• നിലപാടുകൾ<br>• ആശയക്രമീകരണം<br>• ഉയരം കൂടുക എന്നതുകൊണ്ട് അർഥമാക്കുന്നതെന്തെന്ന് കണ്ടെത്തുന്നു.<br>• വിശകലനശേഷി<br>ഉപന്യാസം<br>• ആമുഖം<br>• തലക്കെട്ട്<br>• ഉള്ളടക്കം<br>• നിഗമനങ്ങൾ<br>• സമകാലികപ്രസക്തി<br>• ഉപസംഹാരം |

# 1 പൂക്കളൊക്കെയും വാക്കുകളാകുമ്പോൾ

## അതേ പ്രാർഥന

മനുഷ്യനും മറ്റു ജീവജാലങ്ങൾക്കും പ്രകൃതിയുമായുള്ള ബന്ധവും പ്രകൃതിയുടെ അജയ്യതയും വിവിധ സാഹിത്യകൃതികൾക്ക് വിഷയമായിട്ടുണ്ട്. പാരിസ്ഥിതികമായ ജീവിതത്തിൽ നിന്ന് അകന്നുപോകുമ്പോൾ, മനുഷ്യൻ മാത്രമല്ല, മറ്റു ജീവജാലങ്ങളും ദുരന്തമുഖത്തേക്ക് എത്തിപ്പെടുന്നതിന്റെ വേഗം കൂടുകയാണ്. 'ഭൂമി നമ്മുടേതല്ല, നാം ഭൂമിയുടേതാണ്'എന്നത് അവശ്യം സ്വീകരിക്കേണ്ട ദർശനമായിരിക്കുന്നു. വളരെ പരിമിതമായ ആവശ്യങ്ങൾക്കുപോലും പ്രകൃതിയെ നോവിക്കേണ്ടിവരുമ്പോൾ ക്ഷമചോദിക്കുന്ന പാരമ്പര്യമാണ് ഭാരതീയസംസ്കാരത്തിലുണ്ടായിരുന്നത്. മറ്റു ജീവജാലങ്ങളെല്ലാം പ്രകൃതിനിയമങ്ങൾക്കിണങ്ങി ജീവിക്കുമ്പോൾ മനുഷ്യൻ അതിനു വിരുദ്ധമായി സ്വന്തം നിയമങ്ങൾ സൃഷ്ടിച്ച് പ്രകൃതിയെ തന്റെ ഹിതത്തിന് അനുഗുണമാംവിധം മാറ്റിത്തീർത്ത് ദുരന്തങ്ങൾ ക്ഷണിച്ചുവരുത്തുകയാണ്.

'നിങ്ങളെൻ ലോകത്തെയെന്തുചെയ്തു' എന്ന സുഗതകുമാരിയുടെ കവിതയിലെ കിളിയുടെ ചോദ്യം നമ്മോടുതന്നെയാണ്. മറുപടി പറയേണ്ടതിന്റെ ഉത്തരവാദിത്വത്തിൽനിന്ന് നമുക്ക് ഒഴിഞ്ഞുമാറാനുമാവില്ല.

പ്രകൃതിക്കുവേണ്ടി ചിന്തിക്കുകയും മണ്ണിനെയും ചെടികളെയും സ്നേഹിക്കുകയും ചെയ്യുന്ന അവശേഷിക്കുന്ന മനുഷ്യരുടെ പ്രതിനിധിയായ അരവിന്ദാക്ഷൻ കേന്ദ്രകഥാപാത്രമായി വരുന്ന കഥയാണ് സുസ്മേഷ് ചന്ത്രോത്തിന്റെ 'ഹരിതമോഹനം'. ആധുനിക നാഗരികജീവിതത്തിനിടയിലും പച്ചപ്പിനെയും മണ്ണിനെയും കൈവിടാത്ത മനുഷ്യന്റെ കരുതലിന്റെ കഥകൂടിയാണിത്.

പ്രകൃതിസൗന്ദര്യത്തെ ആവോളം നുകരാനുള്ള മനുഷ്യന്റെ ആഗ്രഹങ്ങളാണ് അവന്റെ ഓരോ യാത്രയും. 1949 – ൽ എസ്.കെ. പൊറ്റെക്കാട്ട് ആഫ്രിക്കയെ പരിചയപ്പെടുത്തിയതു മുതൽ മലയാളികൾക്ക് ആ രാജ്യം കേരളംപോലെ ചിരപരിചിതമായ ഒരിടമായി ത്തീർന്നു. രണ്ടായിരത്തിനുശേഷമുള്ള ആഫ്രിക്കൻജീവിതത്തെ മലയാളികൾ പിന്നീട് വായിച്ചറിയുന്നത് സക്കറിയയുടെ 'ഒരു ആഫ്രിക്കൻയാത്ര'എന്ന യാത്രാവിവരണകൃതിയിലൂടെയാണ്. പ്രകൃതിയുടെ സൃഷ്ടിയും വിസ്മയസാന്നിധ്യവുമായ വിക്ടോറിയാ വെള്ളച്ചാട്ടത്തിന്റെ വിവരണമാണ് 'വെള്ളച്ചാട്ടത്തിന്റെ ഇടിമുഴക്കം'എന്ന പാഠഭാഗം.

സഫലയായ മാവിന്റെ ആത്മസമർപ്പണത്തിന്റെയും അർഥനയുടെയും ആവിഷ്കാരം എന്നതിലുപരി സർഗാത്മകജീവിതത്തിന്റെ പ്രതീകം എന്ന നിലയ്ക്കും പരിശോധിക്കപ്പെടേണ്ട കവിതയാണ് ഇടശ്ശേരി ഗോവിന്ദൻനായരുടെ 'അതേ പ്രാർഥന'. മാവ് എന്ന പാരിസ്ഥിതികബിംബം പ്രകൃതിദർശനത്തിന്റെയും തത്ത്വബോധത്തിന്റെയും മാനവീയവും കേരളീയവുമായ മൂല്യസങ്കൽപ്പത്തിന്റെ പ്രതീകംകൂടിയാവുന്ന കവിതയാണിത്.

"എന്റെ കൃതികൾ അധികവും കഥാത്മകമാകക്കൊണ്ട് കഥകൾക്കാവശ്യമായ രംഗങ്ങളുടെയും പാത്രങ്ങളുടെയും കാര്യത്തിലേ ആദ്യം ശ്രദ്ധ പതിയാറുള്ളൂ. ഒരൊഴുക്കിൽ എഴുതിപ്പോയത് തികച്ചും ബോധപൂർവം പരിശോധിക്കുകയും പലതിന്റെയും ആകൃതി മാറ്റുക, ചിലതിന്റെ സ്ഥാനം മാറ്റുക, മറ്റുചിലതിനു മോക്ഷംകൊടുക്കുക ഇങ്ങനെ ബുദ്ധിപരമായ പലതിനും വിധേയമാക്കുകയും ചെയ്തശേഷമേ ബഹുജനസമക്ഷം പ്രദർശിപ്പിക്കാറുള്ളൂ."

**(എന്റെ പണിപ്പുര – ഇടശ്ശേരി)**

കഥാത്മകങ്ങളായ ഇതിവൃത്തങ്ങളോട് ഇടശ്ശേരിക്കുള്ള കൂറ് ഈ വാകൃങ്ങളിൽ വ്യക്തമാണ്. മലയാളിയുടെ കഥാപാരമ്പര്യത്തോടുള്ള ഹൃദയബന്ധത്തെക്കൂടിയാണ് ഇത് സൂചിപ്പിക്കുന്നത്. 'അതേ പ്രാർഥന' എന്ന ഇടശ്ശേരിക്കവിത ചെറുതാണെങ്കിലും കഥാത്മകസ്വഭാവമുള്ളതാണ്. ഒരു ബാലകഥയുടെ സ്വരൂപമാണതിനുള്ളത്. ദേവന്മാരോടുള്ള പ്രാർഥന, അതിന്റെ അപ്രതീക്ഷിത പരിണതി എന്ന മട്ടിലുള്ള കഥകൾ നമ്മുടെ കഥാപാരമ്പര്യത്തിൽ ധാരാളമുണ്ട്. അത്തരമൊരു ആഖ്യാനശൈലിയാണ് 'അതേ പ്രാർഥന' എന്ന കവിതയുടെ രചനയിലും കവി സ്വീകരിച്ചിരിക്കുന്നത്.

ഒരു തേന്മാവ് വസന്തദേവനോട് പ്രാർഥന നടത്തുന്നിടത്താണ് കാവ്യാരംഭം. പ്രാർഥനയെന്തെന്ന് കവി നേരിട്ട് പറയുന്നില്ല. തേന്മാവ് അടിമുടി പൂങ്കുലകളണിഞ്ഞു നിന്നു എന്ന ഫലപ്രാപ്തിയെക്കുറിച്ചുള്ള പ്രസ്താവനയിലൂടെ പ്രാർഥനയെന്തായിരുന്നു എന്നു വ്യക്തം. ദേവതാനുഗ്രഹമല്ലേ, ഉണ്ണിമാങ്ങകളിലൊന്നുപോലും പാഴായില്ല. തേന്മാവ് നിറയെ കായ്ച്ചു. മാവിലാകെ മാമ്പഴം നിറഞ്ഞു. സമൃദ്ധി വർധിക്കുന്തോറും സജ്ജനങ്ങൾ കൂടുതൽ വിനീതരാകുമെന്ന പാഠം വിദ്വാന്മാർ ആ മാവിൽനിന്നു പഠിച്ചു, മറ്റുള്ളവരെ പഠിപ്പിച്ചു. ആയിരം അണ്ണാറക്കണ്ണന്മാർ അതിൽ പാഞ്ഞുകയറി. ആയിരം കാക്കകൾ പറന്നെത്തി. കൊച്ചടികൾ വച്ച് കൊച്ചുകുട്ടികൾ മാഞ്ചോട്ടിലെത്തി. അതോടെ ഒരു മായികനഗരത്തിന്റെ ഭംഗി ആ തോപ്പിനു കൈവന്നു. ഇങ്ങനെ ചുറ്റുപാടുകളെ ഉത്സാഹഭരിതമാക്കുമാറ് തേന്മാവ് ഫലസമൃദ്ധമായി നിൽക്കുമ്പോഴാണ് പാതവക്കത്തെ കൽച്ചീളുകൾക്ക് ചിറകുമുളച്ചത് (ഏതൊന്നിനും ചിറകുമുളയ്ക്കുന്ന കാലമാണല്ലോ വസന്തം).

കല്ലുകൾ ചീറിപ്പാഞ്ഞു. തേന്മാവ് ശൂന്യമായി. ആ മാമ്പഴക്കാലം കഴിഞ്ഞപ്പോൾ തേന്മാവ് സ്വർലോകനടയിലെത്തി (കലുഷമാം സ്വർലോകമെന്നാണ് കവിപ്രയോഗം. സാധുവായ തേന്മാവിനുപോലും ഇത്രയധികം വേദന അനുഭവിക്കേണ്ടിവരുന്നത് കാണേണ്ടിവന്നതിനാലാവാം സ്വർലോകംപോലും കലുഷമായത്). മാവ് വസന്തത്തോട് തനിക്കിനിയും സഫലജന്മം തന്നാലുമെന്ന് അഭ്യർഥിക്കുന്നു (ഫലപ്രദമെന്നും പഴങ്ങൾ നിറഞ്ഞതെന്നുമുള്ള രണ്ടർഥവും ഇവിടെ സംഗതമാണ്). ഇതുകേട്ട വസന്തദേവൻ 'വേറെന്തുള്ളൂ വരമെങ്കൽ' എന്ന് ആക്രോശിച്ചുകൊണ്ട്, 'ഇനിയുമിനിയും വേദനകൾക്കു വേണ്ടിയാണോ നിന്റെ പ്രാർഥന?' എന്നു ചോദിക്കുകയാണുണ്ടായത് (വേദനകളൊഴി

ഞൊരു സഫലജീവിതം സാധ്യമല്ല എന്ന ആശയത്തോടൊപ്പം സഫലജീവിതത്തിൽ വേദന അനുഭവിക്കേണ്ടിവരുന്നതിലെ വൈരുധ്യത്തോടുള്ള വസന്തദേവന്റെ അസഹിഷ്ണുതയും ഇവിടെ ധ്വനിക്കുന്നു. കലുഷമാം സ്വർലോകമെന്ന കവിപ്രയോഗവും ഇവിടെ ചേർത്തുവായിക്കേണ്ടതാണ്). എന്നാൽ വെയിൽവീണ തളിരിലകൾ ഇളകുമാറ് ആ മാവ് പറഞ്ഞു:

> "സമൃദ്ധിതൻ കണ്ണീരെത്ര പുളിച്ചാലും വരം; അയ്യോ,
> ദരിദ്രന്റെ മരവിപ്പാണസഹനീയം"

ദാരിദ്ര്യത്തിന്റെ അഥവാ നിഷ്ഫലതയുടെ മരവിപ്പാണ് അസഹനീയം എന്നും സമൃദ്ധിയുടെ അഥവാ സഫലതയുടെ കണ്ണീർപ്പുളിപ്പാണ് ശ്രേഷ്ഠമെന്നുമുള്ള മാവിന്റെ മറുപടി മഹത്തായ ഒരു ജീവിതവീക്ഷണമാകുന്നു.

പരിമിതമായ ഒരൊറ്റയർഥത്തിലേക്ക് ചുരുങ്ങുന്നവയല്ല നല്ല കവിതകൾ. വ്യാഖ്യാന സാധ്യതയുടെ അനേകം അടരുകളുള്ള സർഗസൃഷ്ടികളാണവ. ഓരോ വായനയിലും വൈവിധ്യമാർന്ന ആശയങ്ങളിലേക്കും അനുഭൂതികളിലേക്കും അവ വായനക്കാരെ നയിക്കുന്നു. ഈ നിലയ്ക്ക് 'അതേ പ്രാർഥന' യിലെ തേന്മാവിനെ വിശകലനം ചെയ്യാം. ഗ്രാമീണകേരളത്തിന്റെ വൃക്ഷനിബിഡതയിൽനിന്ന് എന്തുകൊണ്ടാവാം ഇടശ്ശേരി മാവിനെത്തന്നെ തിരഞ്ഞെടുത്തത്? ഇതു കേവലം യാദൃച്ഛികമല്ല. തന്റെ സർഗാത്മക ജീവിതത്തിന്റെയും പ്രകൃതിദർശനത്തിന്റെയും തത്ത്വബോധത്തിന്റെയും തലങ്ങൾ ധ്വനിപ്പിക്കാൻ പര്യാപ്തമായൊരു പ്രതീകമായാണ് കവി മാവിനെ കാണുന്നത്. ഇടശ്ശേരിക്ക് മാവ്, മാനവീയവും കേരളീയവുമായ മൂല്യസങ്കൽപ്പങ്ങളുടെ പ്രതീക വൃക്ഷമാണ്.

'അതേ പ്രാർഥന' എന്ന കവിതയിലെ മാവ് വെറുമൊരു മാവല്ല. അതിനപ്പുറമുള്ള വിവക്ഷകൾ അത് ഉൾക്കൊള്ളുന്നുണ്ട്. ഒരു കവിയുടെ സർഗാത്മകജീവിതത്തിന്റെ യാതനകളെയും ധന്യതയെയും പ്രതിഫലിപ്പിക്കാൻ പര്യാപ്തമായ കവിതയാണിത്. പൂക്കുകയും കായ്ക്കുകയും ഫലം നൽകുകയും ചെയ്യുക എന്ന കാവ്യവൃത്തിയിൽ ആഹ്ലാദിക്കുകയും അണ്ണാറക്കണ്ണന്മാരും കാക്കകളും കൊച്ചുകുട്ടികളുമാകുന്ന ആസ്വാദകർ വന്നുചേരുന്നതിൽ ആനന്ദനിർവൃതി അനുഭവിക്കുകയും കല്ലേറുകളാകുന്ന വിമർശനങ്ങളെ തന്റെ ജീവിതധന്യതയുടെ ഭാഗമായിക്കാണുകയും ചെയ്യുന്ന തേന്മാവ് ഒരു കവിയുടെ സർഗാത്മകജീവിതത്തെ പ്രതിഫലിപ്പിക്കുന്നുണ്ട്. മാത്രമല്ല, മാവ് ഏതുതരം സർഗാത്മകജീവിതത്തിന്റെയും പ്രതീകമായിത്തീരുന്നുണ്ടിവിടെ. യാതനകളും വേദനകളും ഏറ്റുവാങ്ങേണ്ടിവരുമ്പോഴും സർഗാത്മകജീവിതത്തെ വീണ്ടും വീണ്ടും വരിക്കാനാഗ്രഹിക്കുന്ന മനുഷ്യചേതനയെത്തന്നെയാണ് കവി കാണുന്നത്.

കവി തേന്മാവാണ്; കവിതകൾ മാമ്പഴങ്ങളും. മാവിൻതോപ്പ് മായികനഗരവുമാകുന്നു എന്ന കൽപ്പന കവിത പകരുന്ന അലൗകികാനന്ദത്തെ സൂചിപ്പിക്കുന്നുണ്ട്. എന്നാൽ, നിറഞ്ഞ മാവിനുനേരെ ചീറിപ്പായുന്ന കരിങ്കൽച്ചീളുകളോ? മാർദവവും വിവേചന വുമില്ലാത്ത കവിതാവിമർശനങ്ങളാവാം ആ കല്ലേറുകൾ. പക്ഷേ, ഈ വിമർശനങ്ങളെ ഭയന്നു പിന്മാറാനോ ഒളിച്ചോടാനോ ഉൾവലിയാനോ കവി തയാറല്ല. കായ്ച്ച മാവിലേ കല്ലേറുള്ളൂ എന്ന യാഥാർഥ്യത്തെ അംഗീകരിക്കാനും അതിനെയും ഉൾക്കൊണ്ടു തന്നെ മുന്നേറാനുമുള്ള ഉത്സാഹമാണ് ഇവിടെ കാണാനാവുക. കല്ലേറേറ്റു കരഞ്ഞുനിൽക്കുന്ന തേന്മാവിലല്ല കവിത അവസാനിക്കുന്നത്. വസന്തദേവനോട് ഇനിയുമെനിക്ക് സഫലജന്മം

തരണമേ എന്നതാണ് തേന്മാവിന്റെ പ്രാർഥന. സർഗാത്മകത വെല്ലുവിളികളെയും പീഡനങ്ങളെയും അതിജീവിക്കാനുള്ള കരുത്തുകൂടിയാണെന്ന് കവിത ധ്വനിപ്പിക്കുന്നു. കവിമനസ്സിന്റെ അതിജീവന പ്രാർഥനയായി 'അതേ പ്രാർഥന' എന്ന കവിത മാറുന്നു.

കഥാത്മകമായ ആഖ്യാനശൈലിയാണ് 'അതേ പ്രാർഥന'യുടേത്. അതുകൊണ്ടുതന്നെ അത് നാടകീയമാണ്. കഥപറച്ചിലിൽ കഥ പറയുന്നയാളും കഥ കേൾക്കുന്നവരും കഥാപാത്രങ്ങളുമൊക്കെയുണ്ട്. അവിടെ ചോദ്യങ്ങളും ഉത്തരങ്ങളും വരും. ഇങ്ങനെ സംവാദാത്മകമാകുന്ന ഒന്നാണ് 'അതേ പ്രാർഥനയും.' വരത്തിനുവേണ്ടിയുള്ള പ്രാർഥനയും വസന്തദേവന്റെ ചോദ്യവും മാവിന്റെ മറുപടിയുമൊക്കെ ചേർന്ന് കവിതയ്ക്ക് മനോഹരമായ ഭാവതലം നൽകുന്നു.

### 'മാവ് ' ഇടശ്ശേരിക്കവിതകളിൽ

ഇടശ്ശേരിക്കവിതകളിൽ മാവ് കേവലമൊരു സാന്നിധ്യമല്ല. അത് കേരളീയവും മാനവീയവുമായ പ്രതീകമെന്ന നിലയിലാണ് പ്രവർത്തിക്കുന്നത്. 'ഇടശ്ശേരിത്തൊടി' യിൽ നിറയെ മാവുകളുണ്ട്. മാവിൻചോട്ടിലെ നാടകം, പൂത്ത മാവിനെപ്പറ്റി, പുളിമാവു വെട്ടി എന്നീ കവിതകളിൽ മാവ് ശീർഷകമായിത്തന്നെ കടന്നുവരുന്നു. പ്രകൃതിചൂഷണത്തിനെതിരെയുള്ള ഭാവതീവ്രമായ ഒരു താക്കീതാണ് 'പുളിമാവു വെട്ടി'. കുരുത്ത നാളുതൊട്ടിന്നോളം തലകുനിച്ചിടാത്ത വൃദ്ധനോട്, പുളിമാവിനോട് അങ്ങയെ വെട്ടിയിട്ട് 'മർത്യൻ നേടിയത് അഞ്ചു കാശിൻ കൈവല്യ'മെന്ന് പരിതപിക്കുന്നുണ്ട്, ഈ കവിതയിൽ. പ്രസ്തുതാർഥത്തിൽ യഥാതഥമായി മാത്രമല്ല, പ്രതീകാർഥത്തിലും മാവുകൾ ഇടശ്ശേരിക്കവിതകളിൽ തലയുയർത്തിനിൽപ്പുണ്ട്. 'തൊഴുകൈയോടെ' എന്ന കവിതയിൽ 'വിഹായസ്സു പിളർന്നുയരും കൊമ്പുകൾ / മഹീതലം തുരന്നിറങ്ങും വേരുകൾ' എന്നു കവി പ്രകീർത്തിക്കുന്ന 'പുരാതനാമ്രം' (മുതിർന്ന മാവ്) തനിക്ക് ആദരണീയനായ പണ്ഡിതശ്രേഷ്ഠൻ ഉള്ളാട്ടിൽ ഗോവിന്ദൻകുട്ടിനായരാണ്. 'കാറ്റും വെളിച്ചവും' എന്ന കവിതയിലെ കൊടുങ്കാറ്റിലും പേമാരിയിലും അടർന്നുവീണുപോവാതെ കന്നികായ്ച്ച ഉണ്ണിക്കുരുന്നുകളെ കാത്തുപോരുന്ന മാവിൻതൈ ദുർബലതയെ അതിജീവിക്കുന്ന മാതൃത്വസിദ്ധിയെന്ന ഇടശ്ശേരിയുടെ ഇഷ്ടസങ്കൽപ്പത്തിൽനിന്ന് നാമ്പെടുത്തതത്രേ.

'പാടത്തിൻ കരയ്ക്കിതു നിൽപ്പൂ/നമ്മുടെ കുടിലിന്നടയാളം' എന്നു കവി വിശേഷിപ്പിക്കുന്നത് നാട്ടുമാവിനെയാണ്. കേരളീയ ഗ്രാമജീവിതത്തിന്റെ സഫലപ്രതീകമാവാൻ മാവിനോളം പോരുന്ന മറ്റൊരു മരമില്ല. ചുനയും പുളിയും ഇനിപ്പുമൊക്കെ ആവോളമതിലുണ്ട്. ഉദാരതയെന്ന ഗ്രാമലക്ഷണം തികഞ്ഞുനിൽക്കുന്നതും മാവിൽത്തന്നെ. ആരുടെ തൊടിയിൽനിന്നാലും വീഴുന്ന മാമ്പഴം എല്ലാരുടേതുമായിരുന്നല്ലോ.

മാവിന്റെ വിപുലമായ സാന്നിധ്യം മലയാളകവിതയിലുണ്ട്. വൈലോപ്പിള്ളിക്കവിതകളിൽ ഗന്ധബിംബമായി മാമ്പൂമണം അനുഭവിക്കാം. കുടിയൊഴിക്കൽ, ഊഞ്ഞാലിൽ, കണ്ണീർപ്പാടം, യുഗപരിവർത്തനം മുതലായ കവിതകൾ ഉദാഹരണങ്ങൾ. 'മാമ്പഴം' എന്ന കവിത ആർക്കും വിസ്മരിക്കാനാവാത്തതാണല്ലോ. പി.കുഞ്ഞിരാമൻനായരുടെ 'കൊടുത്തുമുടിഞ്ഞ മാവ്' എന്ന പ്രയോഗവും ഓർക്കാം. കാമദേവന്റെ അഞ്ചമ്പുകളിൽ ഒന്ന് മാമ്പൂവാണെന്നാണു സങ്കൽപ്പം.

### പ്രകൃതിയും മനുഷ്യചേതനയും

സർഗാത്മകജീവിതത്തിന്റെ പ്രതീകമെന്ന നിലയ്ക്കാണല്ലോ 'അതേ പ്രാർഥന' എന്ന കവിത പരിശോധിച്ചത്. വാക്കുകളും പ്രയോഗങ്ങളും മാനുഷികമായ അർഥത്തിൽ ഔചിത്യപൂർവം വിന്യസിച്ചുകൊണ്ടാണ് കവി അതു സാധിച്ചിരിക്കുന്നത്. അതേസമയം തന്നെ പാരിസ്ഥിതികമായൊരു വായനയും ഇവിടെ സാധ്യമാണ്. കാവ്യാന്തരീക്ഷ സൃഷ്ടിയിലാണ് അത് പ്രകടമാവുന്നത്. മാവ് എന്ന ബിംബം തന്നെ പാരിസ്ഥിതികമാണ്. വസന്തവും പൂങ്കുലകളും വേനലും കാറ്റും തോപ്പും അണ്ണാറക്കണ്ണന്മാരും കാക്കകളും പ്രഭാതവും തളിരുമൊക്കെച്ചേർന്ന കേരളീയപരിസ്ഥിതി ഇവിടെ പ്രഫുല്ലമായി നിൽക്കുകയാണ്. മാത്രവുമല്ല, ഇവയെല്ലാം ചേർന്നുണ്ടാകുന്ന പാരസ്പര്യവും ആ പാരസ്പര്യത്തിൽ വികസിക്കുന്ന സർഗാത്മകതയും അതിന്റെ ആനന്ദവും ഇവിടെ ദൃശ്യമാണ്. പ്രകൃതിയുടെ വിപുലമായ സർഗാത്മകതയുടെ ഭാഗമായി വികസിക്കുന്നതാണ് മാനുഷികസർഗാത്മകത എന്നതും ശ്രദ്ധേയമാണ്. എല്ലാ പ്രതികൂലാവസ്ഥകളെയും സർഗാത്മകമാക്കിമാറ്റുന്ന പ്രകൃതിയാണ് മനുഷ്യചേതനയിലും പ്രവർത്തിക്കുന്നത് എന്നു കാണാനും വിഷമമില്ല.

## പ്രവേശകപ്രവർത്തനം

പ്രവേശകമായി നൽകിയിരിക്കുന്ന കവിതാശകലം കുട്ടികൾ വ്യക്തിഗതമായി വായിക്കുന്നു.

- കിളി നടുങ്ങാൻ കാരണമെന്തായിരിക്കും?
- നിങ്ങളെൻ ലോകത്തെയെന്തു ചെയ്തു? എന്ന ചോദ്യത്തിലെ 'ലോകം' പ്രതിനിധാനം ചെയ്യുന്നതെന്തിനെയൊക്കെ?

തുടങ്ങിയ ചോദ്യങ്ങളുന്നയിച്ച് ചർച്ച.

- കുഞ്ഞുങ്ങളെ കാണുന്നില്ല.
- കൂട് കാണുന്നില്ല.
- മരത്തെത്തന്നെ കാണുന്നില്ല.
- 

കിളിയുടെ കുഞ്ഞുങ്ങളും കൂടും മരവും മാത്രമല്ല, പക്ഷികളുടെ ആവാസവ്യവസ്ഥതന്നെ ഇല്ലാതായിരിക്കുന്നു. പരിസ്ഥിതിതന്നെ തകർക്കപ്പെട്ടിരിക്കുന്നു.

കിളിയുടെ ചോദ്യത്തോടുള്ള കുട്ടികളുടെ പ്രതികരണം ചർച്ചചെയ്യുന്നു. കുറിപ്പ് തയാറാക്കുന്നു.

- മനുഷ്യർ ഇത്തരം പ്രവർത്തനങ്ങൾ നടത്തുമ്പോഴും പ്രകൃതി നമുക്ക് പകർന്നു നൽകുന്ന പാഠമെന്താണ്?

'അതേ പ്രാർഥന' എന്ന കവിത വായിക്കാൻ നിർദേശിക്കുന്നു.

## സാമാന്യാശയം കണ്ടെത്താം

കുട്ടികൾ കവിതചൊല്ലി അവതരിപ്പിക്കുന്നു.

സാമാന്യാശയം സ്വതന്ത്രമായി കണ്ടെത്താൻ അവസരം നൽകാം.

തുടർന്ന് ചർച്ച.

## ജീവിതപാഠം

"ആരല്ലെൻ ഗുരുനാഥ –
രാരല്ലെൻ ഗുരുനാഥർ?
പാരിതിലെല്ലാമെന്നെ
പഠിപ്പിക്കുന്നുണ്ടെന്തോ!"

(എന്റെ വിദ്യാലയം – ഒളപ്പമണ്ണ)

ഒളപ്പമണ്ണയുടെ കവിതാഭാഗം അവതരിപ്പിച്ച് ചർച്ചചെയ്യുന്നു.

കവിതയിൽ സൂചിപ്പിക്കുന്ന ഗുരുനാഥർ ആരൊക്കെയാണ്?

അവർ എന്തൊക്കെ പാഠങ്ങളാണ് നമ്മെ പഠിപ്പിക്കുന്നത്?

- പ്രകൃതിതന്നെയാണ് ഗുരുനാഥർ.
- പ്രകൃതിയിൽനിന്നു നാം ഒരുപാടു പാഠങ്ങൾ പഠിക്കുന്നു.
- പറഞ്ഞാൽ തീരാത്തത്ര കാര്യങ്ങൾ.
- വായിച്ചാലും വായിച്ചാലും തീരാത്ത പാഠപുസ്തകമെന്നും പ്രകൃതിയെ വിശേഷിപ്പിക്കാറുണ്ടല്ലോ.

പാഠഭാഗത്ത് ഇത്തരം ആശയങ്ങൾ വരുന്ന വരികൾ കുട്ടികൾ കണ്ടെത്തട്ടെ.

കണ്ടെത്തിയ വരികൾ വിശകലനം ചെയ്യാൻ അവസരം നൽകുന്നു.

"സമൃദ്ധി മുറ്റിടും തോറും കുനിയുകെന്നറിവുറ്റാ–

രനധ്യായം പഠിപ്പിച്ചിതതിനെച്ചൂണ്ടി "

അനധ്യായം എന്ന പ്രയോഗത്തിന്റെ സവിശേഷത ചർച്ചചെയ്യാം.

'അധ്യയനം' അനധ്യയനം എന്നീ വാക്കുകൾ തമ്മിൽ എന്താണ് വ്യത്യാസം?

വിദ്യാലയത്തിൽനിന്നു ലഭിക്കുന്ന ഔപചാരികവിദ്യാഭ്യാസം അധ്യയനം.

പ്രകൃതിയിൽനിന്ന് സ്വാഭാവികമായി ലഭിക്കുന്നത് (അനുഭവങ്ങളിൽനിന്നു ലഭിക്കുന്നത്) അനധ്യയനം.

അതിജീവനത്തിനുള്ള പാഠം പ്രകൃതിയിൽനിന്നു ലഭിക്കുന്നു.

- പ്രകൃതിയിൽനിന്ന് എന്തൊക്കെ പാഠങ്ങൾ പഠിച്ചു എന്നാണ് കവിത കാട്ടിത്തരുന്നത്? ചർച്ചചെയ്യാം.

- ഉയരത്തിലെത്തുന്തോറും എളിമ ഉണ്ടാകുമെന്ന പാഠം.
- കൊടുംചൂടേറ്റും മറ്റുള്ളവർക്കായി ഏറ്റവും മികച്ചതു തന്നെ നൽകണമെന്ന മാവിന്റെ മോഹം.
- ബുദ്ധിമുട്ടുകൾ ഏറെ സഹിച്ചും പിന്നെയും പൂക്കാനുള്ള ആഗ്രഹം.
- നൽകുന്നതിന്റെ വേദന ആനന്ദകരമാണ്, ആത്മസംതൃപ്തി നൽകുന്നതാണ്.

ലഭിച്ച ആശയങ്ങൾ ഉപയോഗപ്പെടുത്തി കുട്ടികൾ കുറിപ്പുകൾ തയാറാക്കട്ടെ.

## കൽപനാഭംഗി

"തുംഗമാം മീനച്ചൂടാൽ തൈമാവിൻ മരതക-
ക്കിങ്ങിണി സൗഗന്ധികസ്വർണമായ്ത്തീരും മുമ്പേ"

ഈ കവിതാഭാഗം അവതരിപ്പിച്ചശേഷം ഇതിനോട് സാദൃശ്യമുള്ള വരികൾ പാഠഭാഗത്തു നിന്നു കണ്ടെത്താൻ പറയാം.

"വേനൽ ചുഴന്നൂതിയതിൻ നിക്ഷേപമോരോന്നും
മാണിക്യരത്നങ്ങളാകാൻ മുതിർന്നേയുള്ളൂ"

വരികളിലെ സാദൃശ്യകൽപ്പനയിലെ ഭംഗി ചർച്ചചെയ്യുന്നു.

- പച്ചമാങ്ങ പഴുത്തമാങ്ങയായി മാറിയതിനെ രണ്ടു കവിതകളിലും എങ്ങനെയാണ് ആവിഷ്കരിച്ചിരിക്കുന്നത്?
- മീനച്ചൂടാൽ മരതകക്കിങ്ങിണി സൗഗന്ധികസ്വർണമാകുന്നു.

മീനച്ചൂടിന്റെ തീവ്രത, കണ്ണിമാങ്ങയുടെ വലുപ്പവും നിറവും, കിങ്ങിണി എന്നു പറയുന്നതിലൂടെ ലഭിക്കുന്ന ആഭരണഭംഗി, സ്വർണനിറമാക്കിമാറ്റുന്ന പ്രകൃതിയുടെ മാന്ത്രികത, സുഗന്ധമെന്ന അധികമാനം...

പച്ചമാങ്ങ കൊടിയ വേനൽച്ചൂടേറ്റാണ് പഴുത്ത് സ്വർണവർണമായ മധുരഫലങ്ങളാകുന്നത്.

വേനലൂതിയൂതി മാവിന്റെ നിക്ഷേപങ്ങൾ മാണിക്യരത്നങ്ങളാക്കുന്നു.

ചോന്ന പൂങ്കുലകളും വേനൽക്കാറ്റിന്റെ സാന്നിധ്യവും, കായ്കൾ പഴുക്കാനാവശ്യമായ ചൂട്, നിക്ഷേപങ്ങൾ എന്ന പ്രയോഗത്തിന്റെ സവിശേഷത, മാണിക്യരത്നങ്ങളാക്കുന്ന പ്രകൃതിയുടെ മാന്ത്രികത, മാണിക്യരത്നത്തിന്റെ മൂല്യം...

(നിധിയുടെ കാവൽക്കാരായ സർപ്പങ്ങൾ ഊതിയൂതി തെളിച്ചെടുത്തതാണ് മാണിക്യരത്നമെന്ന ഐതിഹ്യം കവിയെ സ്വാധീനിച്ചിരിക്കാം).

### കൽപനാഭംഗിയുള്ള കൂടുതൽ വരികൾ കണ്ടെത്താം

> "അയൽവക്കത്തെന്നു വഴിപ്പണിക്കുടച്ചിട്ടോ–
> രുരുളൻകല്ലുകൾക്കൊക്കെച്ചിറകും വന്നു"

'കല്ലുകൾക്കു ചിറകുംവന്നു' എന്ന പ്രയോഗത്തിന്റെ സൂചിതാർഥമെന്ത്? ഔചിത്യമെന്ത്?

- ചിറകും വന്നു എന്നത് പക്ഷികളുടെ വരവിനെ ഓർമിപ്പിക്കുന്നു.
- പക്ഷികൾ വരുന്നത് പഴുത്ത മാങ്ങ കഴിക്കാനാണ്.
- കുട്ടികൾ കല്ലെറിയുന്നതും മാമ്പഴം വീഴ്ത്തി കഴിക്കാൻ തന്നെയാണ്.

ഇതു രണ്ടും മാവിനെ സംബന്ധിച്ചിടത്തോളം ഒരുപോലെ സന്തോഷകരമാണ്.

കുട്ടികൾ കൂട്ടുചേർന്ന് മാഞ്ചോട്ടിൽ സൃഷ്ടിക്കുന്ന ഉല്ലാസഭരിതമായ അന്തരീക്ഷവും ഇവിടെ ചേർത്തുവായിക്കാം.

'വഴിപ്പണിക്കുടച്ചിട്ടോരുരുളൻകല്ലുകൾ' - ഇവിടെ വ്യക്തമാകുന്ന ആശയതലം ചർച്ച ചെയ്യാം.

വഴിപ്പണിക്കുടച്ചിട്ട കല്ലുകൾ, വഴിവെട്ടുക എന്ന പ്രക്രിയ, കവിതയിലേക്കുള്ള വഴിവെട്ടുന്ന നിരൂപണം/ വിമർശനം, വാക്കുകൾകൊണ്ടുള്ള കല്ലേറ്, തേന്മാവും കവിയും ഒരുപോലെ കല്ലേറിനെ സ്വീകരിക്കുന്നത്.

വിമർശനങ്ങളെ അതിജീവിച്ച് വീണ്ടും വീണ്ടും തന്റെ കാവ്യവൃക്ഷത്തിൽ മധുരഫലങ്ങൾ നിറയ്ക്കുകയാണ് കവി.

## കവിയും കവിതയും

> "സമൃദ്ധിതൻ കണ്ണീരെത്ര പുളിച്ചാലും വരം; അയ്യോ,
> ദരിദ്രന്റെ മരവിപ്പാണസഹനീയം!"

- സമൃദ്ധിതൻ കണ്ണീർ എന്നതുകൊണ്ട് എന്താണ് അർഥമാക്കുന്നത്?
- കണ്ണീരിന്റെ പുളിപ്പ് എന്ന പ്രയോഗത്തിന്റെ ഔചിത്യം എന്ത്?
- കണ്ണീരിന്റെ പുളിപ്പ് സ്വീകാര്യമാകുന്നതെന്തുകൊണ്ട്?
- ദരിദ്രന്റെ മരവിപ്പ് എന്താണ്?
- അത് അസഹനീയമെന്നു പറയാൻ കാരണമെന്തായിരിക്കാം?

സമൃദ്ധിയിലും ഏൽക്കേണ്ടിവരുന്ന കല്ലേറുകൾ, അതിൽ നിന്നുമുണ്ടാകുന്ന സങ്കടം

കണ്ണീരിന്റെ രുചി, കയ്പൻ അനുഭവത്തെ മയപ്പെടുത്തിയെടുക്കുന്ന സമീപനം

യാതനയ്ക്കു കാരണമാകുന്നത് സമൃദ്ധിയാണല്ലോ എന്ന അഭിമാനവും ആഹ്ലാദവും സമൃദ്ധി തന്റെ സർഗാത്മകതയാണ് എന്ന തിരിച്ചറിവ് (കായുള്ള മാവിലേ കല്ലെറിയൂ എന്ന ചൊല്ല് ഓർക്കാം).

ദാരിദ്ര്യം എല്ലാ സർഗാത്മകതയെയും മരവിപ്പിക്കുന്നു.

സർഗാത്മകമല്ലാത്ത ജീവിതത്തെക്കുറിച്ച് ആലോചിക്കാനേ കവിക്ക് ആകുന്നില്ല.

അതത്രയ്ക്ക് അസഹനീയമാണ്.

- തേന്മാവ് കവിയുടെയും മാമ്പഴം കവിതയുടെയും പ്രതീകമാവുന്ന തരത്തിൽ എന്തെല്ലാം സൂചനകൾ കവിതയിലുണ്ട്? വിശകലനം ചെയ്യുക.

## സഹായകഗ്രന്ഥങ്ങളും വെബ്സൈറ്റും

| | | | |
|---|---|---|---|
| 1 | എന്റെ പണിപ്പുര | – | ഇടശ്ശേരി |
| 2 | മാവിൻചോട്ടിലെ നാടകം | – | ഇടശ്ശേരി |
| 3 | പൂത്തമാവിനെപ്പറ്റി | – | ഇടശ്ശേരി |
| 4 | പുളിമാവു വെട്ടി | – | ഇടശ്ശേരി |
| 5 | ഇടശ്ശേരിയുടെ പ്രബന്ധങ്ങൾ | | |
| 6 | മാമ്പഴം | – | വൈലോപ്പിള്ളി |
| 7 | ഭൂമിക്ക് ഒരു ചരമഗീതം | – | ഒ.എൻ.വി. |
| 8 | സുഖം സുഖം | – | ഉള്ളൂർ |
| 9 | പൂക്കാതിരിക്കാനെനിക്കാവതില്ലേ | – | അയ്യപ്പപ്പണിക്കർ |
| 10 | എന്റെ വിദ്യാലയം | – | ഒളപ്പമണ്ണ |
| 11 | ഇടശ്ശേരി : കവിതയും ജീവിതവും | – | പി. കൃഷ്ണവാര്യർ |
| 12 | www.edasseri.org | | |

# യൂണിറ്റ്‌വിശകലനം

പ്രവർത്തനസമയം : 24 പിരീഡ്

| പഠനനേട്ടങ്ങൾ | പാഠഭാഗങ്ങൾ | ആശയം/ ധാരണ | പ്രധാന പ്രവർത്തനങ്ങൾ | പഠനത്തെളിവുകൾ (വ്യവഹാരരൂപങ്ങൾ/ പ്രകടിതരൂപങ്ങൾ) | വിലയിരുത്തൽ |
|---|---|---|---|---|---|
| • കവിതയിലെ ആശയം, കാവ്യഭംഗി എന്നിവ കണ്ടെത്തി അവതരിപ്പിക്കുന്നു.<br>• സാഹിത്യകൃതികൾ വായിച്ചാസ്വദിച്ച് കുറിപ്പുകൾ, ലഘുനിരൂപണങ്ങൾ എന്നിവ തയാറാക്കുന്നു.<br>• സാമൂഹികപ്രാധാന്യമുള്ള വിഷയങ്ങളെക്കുറിച്ച് നടത്തുന്ന സെമിനാറിൽ പങ്കെടുത്ത് ആശയങ്ങൾ അവതരിപ്പിക്കുന്നു. | അതേ പ്രാർത്ഥന | • പാരിസ്ഥിതികദർശനവും പരോപകാരപ്രദമായിത്തീരുന്ന ജീവിതവും പ്രമേയമാവുന്ന നിരവധി കവിതകളും കഥകളുമുണ്ട്.<br>• കവിയുടെ കാവ്യജീവിതത്തിന്റെ സൂചനകളടങ്ങിയിട്ടുണ്ട്.<br>• സവിശേഷപ്രയോഗങ്ങൾ കവിതയ്ക്ക് ചമൽക്കാരഭംഗി നൽകുന്നു.<br>• വഞ്ചിപ്പാട്ടിന്റെ ഈണവും നതോന്നത വൃത്തവും പരിചയപ്പെടുന്നു.<br>• സെമിനാർസംഘാടനത്തിന് വിവിധ ഘട്ടങ്ങളുണ്ട്.<br>• ആശയസംവാദത്തിനുള്ള ഒരു മാർഗമാണ് സെമിനാർ.<br>• പരിസ്ഥിതിയും സാഹിത്യവും തമ്മിൽ ബന്ധമുണ്ട്. | • പ്രയോഗഭംഗി കണ്ടെത്തൽ<br>• താരതമ്യക്കുറിപ്പ് തയാറാക്കൽ<br>• പ്രതികരണക്കുറിപ്പ് തയാറാക്കൽ<br>• ആസ്വാദനക്കുറിപ്പ് തയാറാക്കൽ<br>• സെമിനാർ | • കുറിപ്പ്<br>• താരതമ്യക്കുറിപ്പ്<br>• പ്രതികരണക്കുറിപ്പ്<br>• ആസ്വാദനക്കുറിപ്പ്<br>• സെമിനാർ പ്രബന്ധം | • പ്രയോഗഭംഗി കണ്ടെത്തിയിട്ടുണ്ട്.<br>• താരതമ്യം ചെയ്യുന്നതിനുള്ള സൂചകങ്ങൾ കണ്ടെത്തിയിട്ടുണ്ട്.<br>• ഭിന്നാഭിപ്രായങ്ങളെ പരിഗണിച്ചിട്ടുണ്ട്.<br>• ആസ്വാദനാംശങ്ങൾ കണ്ടെത്തിയിട്ടുണ്ട്.<br>• ഉചിതമായ ഭാഷാഘടന<br>സെമിനാർ<br>• പരസ്യം<br>• നോട്ടീസ്<br>• ക്ഷണക്കത്ത്<br>• അവതരണം<br>• ക്രോഡീകരണം |

## യൂണിറ്റ്‌വിശകലനം

പ്രവർത്തനസമയം : 24 പിരീഡ്

| പഠനനേട്ടങ്ങൾ | പാഠഭാഗങ്ങൾ | ആശയം/ധാരണ | പ്രധാന പ്രവർത്തനങ്ങൾ | പഠനത്തെളിവുകൾ (വ്യവഹാരരൂപങ്ങൾ/ പ്രകടിതരൂപങ്ങൾ) | വിലയിരുത്തൽ |
|---|---|---|---|---|---|
| • കവിത, കഥ, സഞ്ചാരസാഹിത്യം എന്നിവയുടെ സവിശേഷതകൾ പരിചയപ്പെട്ട് അവയിലെ ആശയങ്ങൾ, പ്രയോഗങ്ങൾ, ശൈലികൾ എന്നിവ പ്രയോജനപ്പെടുത്തി രചനകൾ നിർവഹിക്കുന്നു. | ഹരിതമോഹനം | • പാരിസ്ഥിതികദർശനം പ്രമേയമാവുന്ന നിരവധി കഥകളുണ്ട്.<br>• ഭാഷയെയും സംസ്കാരത്തെയും അടയാളപ്പെടുത്തുന്ന കഥകൾ മലയാളത്തിലുണ്ട്.<br>• ജീവിതം പ്രത്യാശാനിർഭരമാണ്.<br>• നഗരജീവിതത്തിന്റെ തിരക്കുകൾക്കിടയിലും മണ്ണിനോടും പ്രകൃതിയോടുമുള്ള ബന്ധം നിലനിർത്താൻ കഴിയും.<br>• മനസ്സിൽ നന്മയും ആർദ്രതയും സൂക്ഷിക്കുന്നവർക്ക് കുടുംബബന്ധങ്ങളും ഊഷ്മളമാക്കാം. | • ആസ്വാദനക്കുറിപ്പ്<br>• വിശകലനക്കുറിപ്പ്<br>• ലഘുനിരൂപണം തയാറാക്കൽ | • ആസ്വാദനക്കുറിപ്പ്<br>• വിശകലനക്കുറിപ്പ്<br>• ലഘുനിരൂപണക്കുറിപ്പ് | **ആസ്വാദനക്കുറിപ്പ്**<br>• ആസ്വാദനാംശങ്ങൾ കണ്ടെത്തിയിട്ടുണ്ട്.<br>• ഉചിതമായ ഭാഷ, ഘടന<br>**വിശകലനക്കുറിപ്പ്**<br>• വിശകലനക്കുറിപ്പ്<br>• സ്വന്തം നിരീക്ഷണം<br>• ഉചിതമായ ഭാഷ<br>• തലക്കെട്ട്<br>• ആമുഖം<br>• ഉള്ളടക്കം<br>• സ്വന്തം നിരീക്ഷണം<br>• ഉപസംഹാരം |

# യൂണിറ്റ്‌വിശകലനം

പ്രവർത്തനസമയം : 24 പിരീഡ്

| പഠനനേട്ടങ്ങൾ | പാഠഭാഗങ്ങൾ | ആശയം/ ധാരണ | പ്രധാന പ്രവർത്തനങ്ങൾ | പഠനത്തെളിവുകൾ (വ്യവഹാരരൂപങ്ങൾ/ പ്രകടിതരൂപങ്ങൾ) | വിലയിരുത്തൽ |
|---|---|---|---|---|---|
| • സഞ്ചാരസാഹിത്യചരിത്രം, സവിശേഷതകൾ എന്നിവ പരിചയപ്പെട്ട് അവയിലെ ആശയങ്ങൾ, പ്രയോഗങ്ങൾ, ശൈലികൾ, വാങ്മയചിത്രങ്ങൾ, കാവ്യാത്മകമായ ഭാഷ എന്നിവ പരിചയപ്പെടുന്നു.<br><br>• ഭാഷ, സാഹിത്യം, സംസ്കാരം എന്നിവയുടെ പ്രത്യേകതകളും പരസ്പരബന്ധവും തിരിച്ചറിഞ്ഞ് വിശകലനം ചെയ്ത് വിവിധ വ്യവഹാരരൂപങ്ങളിലൂടെ പ്രകടിപ്പിക്കുന്നു. | വെള്ളച്ചാട്ടത്തിന്റെ ഇടിമുഴക്കം | • സഞ്ചാരത്തിലൂടെ സംസ്കാരത്തെയും പ്രകൃതിയെയും തിരിച്ചറിയാൻ കഴിയുന്നു.<br><br>• യാത്രാനുഭവം പകരുന്ന വാങ്മയചിത്രങ്ങൾ സഞ്ചാരസാഹിത്യത്തെ അനുഭവവേദ്യമാക്കുന്നു.<br><br>• കാവ്യാത്മകമായ ഭാഷ തിരിച്ചറിയുന്നു. | • താരതമ്യക്കുറിപ്പ് തയാറാക്കൽ<br><br>• ശീർഷകത്തിന്റെ ഔചിത്യം കണ്ടെത്തൽ<br><br>• ലഘൂപന്യാസം തയാറാക്കൽ<br><br>• വാങ്മയചിത്രങ്ങൾ കണ്ടെത്തൽ<br><br>• വിഗ്രഹാർഥം കണ്ടെത്തൽ | • താരതമ്യക്കുറിപ്പ്<br><br>• കുറിപ്പ്<br><br>• ലഘൂപന്യാസം<br><br>• കുറിപ്പ് | **താരതമ്യക്കുറിപ്പ്**<br>• സാമ്യവ്യത്യാസങ്ങൾ<br>• സ്വന്തം നിരീക്ഷണം<br>• ഭാഷ, ഘടന<br>• ഔചിത്യം കണ്ടെത്തിയിട്ടുണ്ട്.<br><br>**ലഘൂപന്യാസം**<br>• തലക്കെട്ട്<br>• ആമുഖം<br>• ഉള്ളടക്കം<br>• നിഗമനങ്ങൾ<br>• സോദാഹരണ സമർഥനം<br>• ഭാഷ<br>വാങ്മയചിത്രം<br>• വരികൾ കണ്ടെത്തി വിശദമാക്കിയിട്ടുണ്ട്. |

# വെള്ളച്ചാട്ടത്തിന്റെ ഇടിമുഴക്കം

## ഒരു യാത്രാപഥത്തിലൂടെ രണ്ടു യാത്രികർ

അന്യനാടുകൾ, അവിടുത്തെ ജനത, അവിടുത്തെ സാമൂഹിക സാംസ്കാരിക അവസ്ഥകൾ എന്നിവയെക്കുറിച്ച് അറിയാനുള്ള ആഗ്രഹം ഏതൊരു വ്യക്തിയിലുമുണ്ട്. ലോകം കൈവിരൽത്തുമ്പിലെത്തുന്നതിനും മുൻപ് മലയാളത്തിൽനിന്നു ലോകം കാണാനിറങ്ങിയവർ നിരവധിയാണ്. അനുഭവിച്ചറിഞ്ഞ ലോകത്തെ, അതിന്റെ വൈവിധ്യത്തെ, സംസ്കാരങ്ങളുടെ, വ്യത്യസ്തതയെ വായനക്കാർക്ക് അനുഭവവേദ്യമാക്കാൻ കഴിഞ്ഞവരാണ് മികച്ച സഞ്ചാരസാഹിത്യകാരന്മാർ.

യാത്രയുടെ ഭൗതികവശം വർത്തമാനകാലത്തിൽ മാത്രം ഒതുങ്ങിനിൽക്കുമ്പോൾ സാംസ്കാരികബോധവും ചരിത്രബോധവുമുള്ള യാത്രികന്റെ മനസ്സ് എല്ലാ അതിർവരമ്പുകളെയും ഭേദിക്കുന്നു. യാത്രാനുഭവങ്ങൾ പകർന്നുതരുന്ന നവ്യാനുഭൂതികൾ–അവ വാക്കുകളിലേക്ക് പ്രസരിപ്പിക്കാൻ എഴുത്തുകാരനെ പ്രേരിപ്പിക്കുന്നു.

യാത്രാവിവരണങ്ങൾ പല തരമുണ്ട്. വസ്തുനിഷ്ഠമായവ, വിജ്ഞാനം പകരുന്നവ, ആത്മാംശം നിറഞ്ഞുനിൽക്കുന്നവ, ചരിത്രത്തിലും സംസ്കാരത്തിലും ഊന്നിനിൽക്കുന്നവ, കണ്ടുമുട്ടിയ മനുഷ്യർ, ദേശം, ചരിത്രം എന്നിവ നിറഞ്ഞുനിൽക്കുന്നവ – ഇവയ്ക്കെല്ലാം മലയാളത്തിൽ മാതൃകകളുണ്ട്.

ആദ്യയാത്രാവിവരണഗ്രന്ഥമായ പാറേമാക്കൽ തോമാകത്തനാരുടെ 'വർത്തമാനപ്പുസ്തകം' മുതൽ അടുത്തകാലത്ത് പുറത്തിറങ്ങിയ സന്തോഷ് ഏച്ചിക്കാനത്തിന്റെ 'പാറക്കല്ലോ ഏതൻസ്' വരെ നിരവധി യാത്രാവിവരണങ്ങൾ മലയാളത്തിൽ നിറഞ്ഞുനിൽക്കുന്നു.

നിരവധി സഞ്ചാരസാഹിത്യകാരന്മാരുണ്ടെങ്കിലും 'ലോകം മുഴുവൻ ഞാൻ ചുറ്റിക്കണ്ടു. അത്യാനന്ദത്തോടെ, ആത്മനിർവൃതിയോടെ. ആരോഗ്യവും സാഹചര്യവും അനുവദിക്കുമെങ്കിൽ ഇനിയും സഞ്ചാരം തുടരും" എന്നു പറഞ്ഞു എസ്.കെ. പൊറ്റെക്കാട്ട്. യാത്രാനുഭവങ്ങൾ യാത്രാവിവരണങ്ങൾക്കു മാത്രമല്ല, മികച്ച കഥകൾക്കും നോവലുകൾക്കും വിഷയമാക്കാൻ പൊറ്റെക്കാട്ടിനു കഴിഞ്ഞു. 'കറാമ്പൂ' എന്ന നോവലിന്റെ കാൻവാസ് പൂർണമായും ആഫ്രിക്കയാണ്. ഏഷ്യ, ആഫ്രിക്ക, യൂറോപ്പ് എന്നീ ഭൂഖണ്ഡങ്ങളിൽ പൊറ്റെക്കാട്ട് മൂന്ന് വർഷത്തോളം പര്യടനം നടത്തിയിട്ടുണ്ട്. പുതുമയും ഊർജസ്വലതയും നിറഞ്ഞ പൊറ്റെക്കാട്ടിന്റെ ആഖ്യാനങ്ങൾ വായനക്കാരന് ദൃശ്യാനുഭവം നൽകുന്നു.

സഞ്ചാരത്തെ കലയായി സ്വീകരിച്ച എസ്.കെ. പൊറ്റെക്കാട്ട് അറുപതു വർഷങ്ങൾക്കു മുൻപ് ആഫ്രിക്കയുടെ കിഴക്കൻതീരത്തുള്ള, മൊസാംബിയിൽനിന്നു പുറപ്പെട്ട് വടക്ക് ഈജിപ്തുവരെ യാത്രചെയ്ത പാതകളിലൂടെ മറ്റു മലയാളികളാരും സഞ്ചരിച്ചതിന്റെ

രേഖകളില്ല. പൊറ്റെക്കാട്ട് സഞ്ചരിച്ച ആഫ്രിക്കയുടെ ഇന്നത്തെ സ്വരൂപം അന്വേഷിച്ച് കഥാകാരൻ സക്കറിയ ഇറങ്ങിത്തിരിക്കുന്നു. എസ്.കെയുടെ തൂലിക നിർമ്മിച്ച വിസ്മയ ലോകത്തിന്റെ ഓർമ്മകളും പിന്നീടു ലഭിച്ച അനവധി ആഫ്രിക്കൻ പ്രതിച്ഛായകളും രാഷ്ട്രീയ വിശകലനവും കൂടിച്ചേർന്ന് മനസ്സിൽ രൂപപ്പെടുത്തിയ ഒരു ചിത്രമാണ് സക്കറിയ 'ഒരു ആഫ്രിക്കൻയാത്രയിലൂടെ' അവതരിപ്പിക്കുന്നത്.

എസ്.കെ.പൊറ്റെക്കാട്ടിന്റെ ആദ്യവിദേശയാത്ര ആഫ്രിക്കയിലേക്കായിരുന്നു. 1949 ൽ ബോംബെ തുറമുഖത്തുനിന്ന് കപ്പൽമാർഗം പത്തുദിവസം സഞ്ചരിച്ച് മൊസാംബിക്കിലെ 'മൊംബാസ' തുറമുഖം വഴി അദ്ദേഹം ആഫ്രിക്കയിലെത്തി. 'ഇരുണ്ട ഭൂഖണ്ഡം' എന്ന് വിശേഷിപ്പിക്കപ്പെട്ട നാടിന്റെ സംസ്കാരവൈവിധ്യവും വന്യസൗന്ദര്യവും തേടിയുള്ള സാഹസികയാത്ര ഒമ്പതുമാസം നീണ്ടു നിന്നു. മൊസാംബിക്, മലാവി, ടാൻസാനിയ, കെനിയ, സുഡാൻ, ഉഗാണ്ട തുടങ്ങിയ രാജ്യങ്ങളിലൂടെ 11000 മൈൽ അദ്ദേഹം ഈ കാലയളവിൽ സഞ്ചരിച്ചു. ഒടുവിൽ അലക്സാൻഡ്രിയ വഴി ഇറ്റലിയിലേക്ക് സഞ്ചാര പഥം നീണ്ടു.

കോളനിവാഴ്ചയുടെ, ചൂഷണത്തിന്റെ പരമകോടിയിലാണ് എസ്.കെ.പൊറ്റെക്കാട്ട് ആഫ്രിക്കയിലെത്തുന്നത്. 'കാപ്പിരികളുടെ നാട്ടിൽ' എന്നാണ് ആഫ്രിക്കൻയാത്രയെ അദ്ദേഹം വിശേഷിപ്പിക്കുന്നത്. ഒരു ജനതയുടെ സംസ്കാരത്തെ, ആവാസവ്യവസ്ഥയെ, സ്വാതന്ത്ര്യത്തെ തകർത്ത് അവരുടെ ഖനികളിൽനിന്ന് സ്വർണവും രത്നവും അമൂല്യമായ മറ്റു സമ്പത്തുക്കളും കൊള്ളയടിക്കുന്ന കിരാതവാഴ്ച അദ്ദേഹം നേരിൽക്കണ്ടു. പോർച്ചുഗീസ്, നെതർലാൻഡ്സ്, ഫ്രാൻസ്, ഇംഗ്ലണ്ട്, ബെൽജിയം എന്നീ രാജ്യങ്ങളുടെ കോളനികളായിരുന്നു അന്നത്തെ ആഫ്രിക്ക. സജീവമായ ഇന്ത്യൻസാന്നിധ്യം അക്കാലത്ത് ആഫ്രിക്കയിലുണ്ടായിരുന്നു. മലയാളികളുടെയും ഗുജറാത്തികളുടെയും ആതിഥ്യം എസ്.കെ.യുടെ യാത്രയിലുടനീളം ലഭിച്ചു.

2001 ൽ സക്കറിയ എസ്.കെ. പൊറ്റെക്കാട്ടിന്റെ സഞ്ചാരപഥത്തിലൂടെ ആഫ്രിക്കയിലേക്കു തിരിക്കുമ്പോൾ ലോകം ആഗോളഗ്രാമമായി മാറിക്കഴിഞ്ഞിരുന്നു. നവസാങ്കേതികവിദ്യയുടെ സഹായത്താൽ വാർത്താവിനിമയ-മാധ്യമസംവിധാനങ്ങളും ഗതാഗതസൗകര്യങ്ങളും അടിമുടി മാറി. ആഫ്രിക്കയുടെ രാഷ്ട്രീയഭൂപടം തന്നെ മാറിമറിഞ്ഞു. റൊഡേഷ്യ സിംബാബ്‌വെയും ന്യൂസിലാന്റ് മലാവിയും ടാങ്കനിക്ക ടാൻസാനിയയായും മാറി. അതിരുകളും മാറി. ആഫ്രിക്കൻ വൻകര വൈദേശികാധിപത്യത്തിൽനിന്ന് പൂർണമോചനം നേടിക്കഴിഞ്ഞിരുന്നു.

പൊറ്റെക്കാട്ടിന്റെ പാത പൂർണമായും പിന്തുടരാൻ കഴിയാത്തതിലുള്ള ദുഃഖം സക്കറിയയ്ക്കുണ്ട്. സുഡാനിലും മലാവിയിലും അദ്ദേഹത്തിന് പ്രവേശനം നിഷേധിക്കപ്പെട്ടു. പകരം ബോട്സ്വാനയും ദക്ഷിണാഫ്രിക്കയും കണ്ടാണ് സക്കറിയ മടങ്ങുന്നത്.

യൂറോപ്പിൽനിന്ന് കേവലം ഇരുപതുകിലോമീറ്റർ അകലം പോലുമില്ലാത്ത ആഫ്രിക്കൻ വൻകരയെ 'ഇരുണ്ട ഭൂഖണ്ഡ'മെന്ന് യൂറോപ്യർ നിന്ദിച്ചത് എന്തിനെന്ന വിമർശനം സക്കറിയ ഉയർത്തുന്നുണ്ട്. ആഫ്രിക്ക പ്രകാശത്തിന്റെ വൻകരയാണെന്നാണ് അദ്ദേഹത്തിന്റെ വാദം. യൂറോപ്പിനെക്കാൾ പ്രകാശമാനമാണ് എക്കാലത്തും ആഫ്രിക്ക. പുതിയ വികസന കാഴ്ചപ്പാടുകൾ, തദ്ദേശീയ ഭരണകൂടം, രാഷ്ട്രീയനിലപാടുകൾ, രൂപപ്പെട്ട സങ്കര സംസ്കാരം, അധികാരകേന്ദ്രങ്ങൾ എന്നിവ വിശദമായി 'ഒരു ആഫ്രിക്കൻ യാത്ര'യിൽ അവതരിപ്പിക്കുന്നുണ്ട്.

ആഫ്രിക്കൻ ദേശസംസ്കൃതിയെ കാഴ്ചാവിശേഷങ്ങളെ കേരളീയപരിസരത്തിൽ വിവരിക്കുന്ന പൊറ്റെക്കാട്ടിന്റെ ശൈലിതന്നെയാണ് സക്കറിയയും പിന്തുടരുന്നത്. പൊറ്റെക്കാട്ടിനെപ്പോലെ ആഫ്രിക്കൻ ചരിത്രപാരമ്പര്യത്തെയും സംസ്കാരത്തെയും ആഴത്തിൽ പഠിച്ചാണ് സക്കറിയ സഞ്ചാരസാഹിത്യരചന നടത്തുന്നത്.

പുതിയ ആഫ്രിക്കൻ കാഴ്ചകൾക്കിടയിലും എസ്.കെ.യുടെ കാഴ്ചയിൽ നിറഞ്ഞ ദൃശ്യങ്ങൾ ഇപ്പോഴും മറയാതെനിൽക്കുന്നത് സക്കറിയ വിവരിക്കുന്നുണ്ട്. കേവലമായ യാത്രാഖ്യാനങ്ങൾക്കപ്പുറം തങ്ങൾ ദർശിച്ച അനുഭൂതിവിശേഷങ്ങളെ വാങ്മയചിത്രങ്ങളാക്കി വായനക്കാരനു പകർന്നുനൽകുന്ന, ദേശത്തെയും സംസ്കാരത്തെയും വൈവിധ്യങ്ങളെയും മാനവികചിന്തകളെയും ആഴത്തിൽ അറിയുന്ന വൈജ്ഞാനിക സംഭാവനകളാണ് രണ്ടു യാത്രാവിവരണകൃതികളും.

ദൃശ്യങ്ങളുടെ വസ്തുനിഷ്ഠവിവരണവും വിശകലനവും ചരിത്രപിൻബലത്തോടെ അവതരിപ്പിക്കുന്ന രീതി 'വിക്ടോറിയാ വെള്ളച്ചാട്ടം' എന്ന എസ്.കെ. പൊറ്റെക്കാട്ടിന്റെ രചനയിലും 'വെള്ളച്ചാട്ടത്തിന്റെ ഇടിമുഴക്കം' എന്ന സക്കറിയയുടെ രചനയിലും കാണാവുന്നതാണ്. വിക്ടോറിയാ വെള്ളച്ചാട്ടത്തെ വാങ്മയചിത്രങ്ങളാക്കുമ്പോൾ രണ്ട് എഴുത്തുകാരുടെയും പ്രയോഗങ്ങൾ വ്യത്യസ്തവും രസകരവുമാണ്.

കൊളോണിയൽ കാലത്തോടുള്ള ആഫ്രിക്കൻയുവത്വത്തിന്റെ സമീപനവും ആഫ്രിക്കൻ സ്വത്വബോധവും സക്കറിയ വിവരിക്കുന്നുണ്ട്. നീഗ്രോ-കാപ്പിരിപ്രയോഗങ്ങൾ വെറുക്കുന്ന പുതിയ തലമുറ ബ്ലാക്ക്സ് (കറുത്തവർ) എന്നറിയപ്പെടാനാണ് ആഗ്രഹിക്കുന്നത്.

വെള്ളച്ചാട്ടത്തിന്റെ ഇടിമുഴക്കം എന്ന് സക്കറിയ വിശേഷിപ്പിക്കുമ്പോൾ ആയിരം സിംഹങ്ങളുടെ ഒന്നിച്ചുള്ള ഗർജനമായാണ് പൊറ്റെക്കാട്ട് അവതരിപ്പിക്കുന്നത്. പുകമഞ്ഞിൻ കോട്ട, ജലധൂളികളുടെ തിരശ്ശീല എന്നൊക്കെ വെള്ളച്ചാട്ടത്തെ സക്കറിയ ഉപമിക്കുമ്പോൾ പൊറ്റെക്കാട്ടിന് ആ ദൃശ്യങ്ങൾ 'നിലാവിൽ പാൽക്കുടം മറിക്കുന്ന പോലുള്ളതും നീരാണുക്കളുടെ തിരശ്ശീലയുമാണ്, മഴവില്ല് 'രത്നഖചിതമായ കമാന'മാവുന്നു.

തിരതല്ലിയൊഴുകുന്ന ജലം ക്ഷുഭിതവ്യാളങ്ങളെപ്പോലെ വഴിപിരിഞ്ഞ് പാറയിടുക്കുകളിൽ പതഞ്ഞ് പുളയുന്നുവെന്ന് എഴുതിയ സക്കറിയ തുടർന്ന് പൊറ്റെക്കാട്ടിന്റെ വിവരണമാണ് എടുത്തുചേർക്കുന്നത് :

"വീഴ്ചപറ്റിയ സാംബസി തലചുറ്റലോടെ വായിൽ നുരപ്പിണ്ഡവുമായി കിടന്നു മുരളുന്നു. എങ്ങോട്ടു നീങ്ങണമെന്നറിയാതെ വിരളുന്നു. ഒടുവിൽ മെല്ലെ ഒരു നാഗത്തെപ്പോലെ മുമ്പിൽ കണ്ട അളയിലേക്ക് ഇഴഞ്ഞുപോവുകയും ചെയ്യുന്നു." പൊറ്റെക്കാട്ടിന്റെ വർണനാചാതുര്യത്തെ, സൗന്ദര്യബോധത്തെ വായനക്കാർക്കുമുമ്പിൽ ഒരിക്കൽക്കൂടി വെളിപ്പെടുത്തുകയാണ് സക്കറിയ.

രണ്ടു രചനകളും പലപ്പോഴും പരസ്പരപൂരകമാവുന്നുണ്ട്. ജ്ഞാനാന്വേഷണമായി മാറുന്ന യാത്രാവിവരണങ്ങൾക്ക് ഉത്തമോദാഹരണമാണ് സക്കറിയയുടെയും പൊറ്റെക്കാട്ടിന്റെയും സഞ്ചാരസാഹിത്യകൃതികൾ.

*എസ്.കെ യുടെ യാത്രാവിവരണങ്ങൾക്ക് സവിശേഷമായ ചരിത്രപ്രാധാന്യ മുണ്ട്. അമ്പതുകളിലും അറുപതുകളിലുമാണ് ലോകസാഹിത്യത്തിൽനിന്ന് ഏറ്റ വുമധികം കൃതികൾ മലയാളത്തിലേക്കു വിവർത്തനം ചെയ്യപ്പെട്ടിട്ടുള്ളത്. ആൻഡേഴ്സന്റെ 'യക്ഷിക്കഥകൾ' മുതൽ 'മൂലധന'വും 'യുദ്ധവും സമാധാന' വും വരെ മലയാളത്തിലേക്കു വന്നെത്തി. പരദേശങ്ങളെപ്പറ്റിയുള്ള സാഹിത്യാ ധിഷ്ഠിതമായ അവബോധം ശക്തിമത്തായ ഒരു സാംസ്കാരികതരംഗം കേരള ത്തിൽ വ്യാപരിച്ചുകൊണ്ടിരിക്കുന്ന കാലഘട്ടത്തിലാണ് പൊറ്റെക്കാട്ട് ആഫ്രി ക്കയിൽനിന്നും യൂറോപ്പിൽനിന്നും ഇന്തോനേഷ്യയിൽനിന്നുമുള്ള പുതുമയും ഊർജസ്വലതയും നിറഞ്ഞ ദൃക്സാക്ഷിവിവരണങ്ങൾ മലയാളിയുടെ കണ്ണു കൊണ്ട് കണ്ട്, മലയാളികൾക്കായി എഴുതി അവതരിപ്പിച്ചത്. മലയാളിയുടെ ചരിത്രത്തിലാദ്യമായിരുന്നു അവർക്ക് ഇങ്ങനെ വിശാലമായ ഒരു പുറം ലോകവിവരണം മറ്റൊരു മലയാളിയുടെ വാക്കുകളിലൂടെ ലഭിക്കുന്നത്.*

*(സഞ്ചാരസാഹിത്യം ഭാഗം -1 ആമുഖം. സക്കറിയ)*

**പാഠാവതരണം**

വിക്ടോറിയാവെള്ളച്ചാട്ടത്തിന്റെ വീഡിയോ പ്രദർശിപ്പിക്കുന്നു. കണ്ട ദൃശ്യത്തിലെ വെള്ള ച്ചാട്ടത്തിന്റെ സൗന്ദര്യം ആകർഷകമായ രണ്ട്/മൂന്ന് വാക്യങ്ങളിൽ എഴുതാൻ നിർദേശി ക്കുന്നു. പരസ്പരം കൈമാറി വായിച്ച് മെച്ചപ്പെടുത്തുന്നു. ഏതാനും പേർ അവതരിപ്പി ക്കുന്നു.

വിക്ടോറിയാവെള്ളച്ചാട്ടമെന്ന വിസ്മയകരമായ ഭൗമികപ്രതിഭാസം ലേഖകന്റെ മനസ്സിൽ ഉണർത്തിയ വികാരവിചാരങ്ങൾ എന്തെല്ലാമാണ്?

പാഠഭാഗം വായിച്ച് കണ്ടെത്തുന്നു. (വ്യക്തിഗതം). നാല്/അഞ്ച് പേരുള്ള കൂട്ടത്തിൽ ചർച്ച ചെയ്യുന്നു. ക്രോഡീകരിച്ച് അവതരിപ്പിക്കുന്നു.

- കരിമ്പാറകളിൽ പുകഞ്ഞുകൊണ്ട് കുത്തനെ കുതിച്ചുയരുന്ന ധവളഭിത്തി. വെൺപാ തയായി ഒഴുകിവീഴുന്ന വെള്ളച്ചാട്ടത്തെ പൊതിഞ്ഞുകൊണ്ട് ഉയരുകയും താഴു കയും ചെയ്യുന്ന ജലധൂളികളുടെ തിരശ്ശീല ജലത്തിന്റെ ഗതി താഴേക്കോ മേലേക്കോ എന്ന മതിഭ്രമം ഉണ്ടാക്കുന്നു.
- ജലകണികകളുടെ പറക്കുന്ന ശീലയിൽ മഴവില്ലുകൾ ജനിക്കുകയും മായുകയും ചെയ്യുന്നു.
- താഴേക്ക് പതിക്കുന്ന ജലം ക്ഷുഭിതവ്യാളങ്ങളെപ്പോലെ വഴിപിരിഞ്ഞ് പാറയിടുക്കു കളിലേക്ക് പതഞ്ഞുപുളയുന്നതായി അനുഭവപ്പെടുന്നു.
- തിരിച്ചറിവിന്റെ ഭാഷകൾക്ക് അപ്പുറമാണ് ജലപാതത്തിന്റെ നിൽപ്പ്.
- വെള്ളച്ചാട്ടം നമ്മെ കിടിലംകൊള്ളിക്കുകയും അതിന്റെ അമ്പരപ്പിക്കുന്ന അഴകു കൊണ്ട് ആലിംഗനം ചെയ്യുകയും കോരിത്തരിപ്പിക്കുകയും ചെയ്യുന്നു.
- 

കാഴ്ചകൾ യാത്രികനെ ഏതെല്ലാം വിധത്തിൽ സ്വാധീനിക്കുന്നുണ്ട്? പാഠഭാഗം വിശകലനം ചെയ്ത് സ്വന്തം നിരീക്ഷണങ്ങൾ കുറിക്കുക. (വ്യക്തിഗതം). പരസ്പരം കൈമാറി വായിച്ച് മെച്ചപ്പെടുത്തുന്നു. മികച്ചവ അവതരിപ്പിക്കുന്നു.

## യാത്രാവിവരണം തയാറാക്കാം

ഏതൊരു യാത്രികനെയും അമ്പരപ്പിക്കുകയും കോരിത്തരിപ്പിക്കുകയും ചെയ്യുന്ന വിക്ടോറിയാ വെള്ളച്ചാട്ടത്തെ ലേഖകൻ ആവിഷ്കരിച്ചിരിക്കുന്നതെങ്ങനെ?

അപൂർവസുന്ദരമായ പ്രകൃതിപ്രതിഭാസത്തെ വായനക്കാരുടെ മനസ്സിൽ മിഴിവോടെ തെളിക്കുന്നതിന് അദ്ദേഹം ഉപയോഗിക്കുന്ന വിശേഷണങ്ങളും സാദൃശ്യകല്പനകളും എന്തെല്ലാം?

ചോദ്യമുന്നയിക്കുന്നു.

പാഠഭാഗം വായിച്ച് കണ്ടെത്തുന്നു. അവതരിപ്പിക്കുന്നു.

- കരയിൽനിന്നു കരയിലേക്കു പടർന്നുകിടന്ന നീലജലപ്പരപ്പ് ഒറ്റനിമിഷത്തിൽ ഇടിമുഴക്കത്തോടെ അഗാധതയിൽ പാറക്കെട്ടുകളിൽനിന്ന് പൊങ്ങുന്ന പുകമഞ്ഞിൻ കോട്ടയായിത്തീരുന്നു.
- വെൺപതയായി ഒഴുകിവീഴുന്ന വെള്ളച്ചാട്ടത്തെ പൊതിഞ്ഞുകൊണ്ട് ഉയരുകയും താഴുകയും ചെയ്യുന്ന ജലധൂളികളുടെ തിരശ്ശീല ജലത്തിന്റെ ഗതി താഴേക്കോ മേലേക്കോ എന്ന മതിഭ്രമം നമ്മിലുണ്ടാക്കുന്നു.
- എന്തായിരിക്കും പിളർപ്പിന്റെ വക്കിൽനിന്ന് 350 അടി താഴെയുള്ള പാതാളത്തിലേക്ക് ഊർന്നുവീഴുന്ന ധവളധാരയുടെ സൗന്ദര്യത്തിനുള്ളിലെ ഭീകരസത്യം?
- ഒറ്റക്കടിക്ക് നമ്മളോ നമ്മുടെ പ്രിയപ്പെട്ട അവയവങ്ങളോ എന്നന്നേക്കുമായി ചീങ്കണ്ണികളുടെ ദന്താരണ്യനിബിഡമായ നീളൻവായയിലേക്ക് അപ്രത്യക്ഷമാകും.
- 

സവിശേഷപ്രയോഗങ്ങൾ, വാങ്മയചിത്രങ്ങൾ എന്നിവയിൽനിന്ന് ഓരോന്നു വീതം ഓരോ ഗ്രൂപ്പിന് നൽകുന്നു.

പ്രയോഗസവിശേഷതകളും അവയുടെ ഔചിത്യവും ഭംഗിയും കണ്ടെത്തുന്നു. അവതരിപ്പിക്കുന്നു.

വിക്ടോറിയാ വെള്ളച്ചാട്ടമുണർത്തിയ ഇന്ദ്രിയാനുഭൂതികൾ വാക്കുകളിലേക്ക് ആവാഹിക്കാൻ എത്രത്തോളം കഴിഞ്ഞിട്ടുണ്ട്? നിങ്ങളുടെ നിഗമനങ്ങൾ സമർഥിച്ച് കുറിപ്പ് തയാറാക്കുക. (വ്യക്തിഗതം)

ഏതാനും പേർ അവതരിപ്പിക്കുന്നു. പൊതുചർച്ച.

## ക്രോഡീകരണം

“പക്ഷേ, നമ്മെ കിടിലം കൊള്ളിച്ചുകൊണ്ടുതന്നെ വെള്ളച്ചാട്ടം അതിന്റെ അമ്പരപ്പിക്കുന്ന അഴകുകൊണ്ട് ആലിംഗനം ചെയ്യുകയും കോരിത്തരിപ്പിക്കുകയും ചെയ്യുന്നു”- സക്കറിയ വിക്ടോറിയാ വെള്ളച്ചാട്ടത്തെ ആവിഷ്കരിച്ചിരിക്കുന്ന ഭാഷ ഇത്തരത്തിൽ നമ്മെ കോരിത്തരിപ്പിക്കുന്നു. തുടർന്ന്, വിക്ടോറിയാ വെള്ളച്ചാട്ടത്തെക്കുറിച്ചുള്ള എസ്.കെ. പൊറ്റെക്കാട്ടിന്റെയും സക്കറിയയുടെയും വാക്യങ്ങൾ - സ്ലൈഡ് പ്രദർശിപ്പിക്കുന്നു -

> വീഴ്ചപറ്റിയ സാംബസി തലചുറ്റലോടെ വായിൽ നുരപ്പിണ്ഡവുമായി കിടന്നു മുരളുന്നു; എങ്ങോട്ടു നീങ്ങണമെന്നറിയാതെ വിരളുന്നു. ഒടുവിൽ മെല്ലെ ഒരു നാഗത്തെപ്പോലെ മുമ്പിൽ കണ്ട അളയിലേക്ക് ഇഴഞ്ഞു പോവുകയും ചെയ്യുന്നു...
>
> - എസ്.കെ.പൊറ്റെക്കാട്ട്

> വെൺപതയായി ഒഴുകിവീഴുന്ന വെള്ളച്ചാട്ടത്തെ പൊതിഞ്ഞുകൊണ്ട് ഉയരുകയും താഴുകയും ചെയ്യുന്ന ജലധൂളികളുടെ തിരശ്ശീല ജലത്തിന്റെ ഗതി താഴേക്കോ മേലേക്കോ എന്ന മതിഭ്രമം നമ്മിലുണ്ടാക്കുന്നു. ജലകണികകളുടെ ഈ പറക്കുന്ന ശീലയുടെ വമ്പിച്ച വിസ്തൃതിയിൽ മഴവില്ലുകൾ ജനിക്കുകയും മായുകയും ചെയ്യുന്നു.
>
> - സക്കറിയ

വിക്ടോറിയാ വെള്ളച്ചാട്ടത്തിന്റെ സവിശേഷതകൾ അതിസൂക്ഷ്മമായും ഹൃദ്യമായും അവതരിപ്പിക്കുന്നതിന് രണ്ടെഴുത്തുകാരും സ്വീകരിച്ച രചനാതന്ത്രങ്ങൾ എന്തെല്ലാം?

ചർച്ച

ക്രോഡീകരണം

- സാംബസിനദിയെ ഒരു ഭീകരസർപ്പത്തോടാണ് ഉപമിച്ചിരിക്കുന്നത്. ഉയരങ്ങളിൽ നിന്ന് താഴേക്കു പതിക്കുന്ന സാംബസിയെ ഭീകരസർപ്പത്തിന്റെ ഭാവചലനങ്ങളിലൂടെ അതിസൂക്ഷ്മമായി അവതരിപ്പിക്കുന്നു. വായിലെ നുരപ്പിണ്ഡം, തലചുറ്റൽ, വിരളലും ഇഴയലും ഒടുവിൽ അളയിലേക്കുള്ള ഇഴഞ്ഞുപോകലുമെല്ലാം ഒരു ചലച്ചിത്രത്തിലെന്നപോലെ വായനക്കാരന്റെ മനസ്സിൽ തെളിയുന്നു.
- വെള്ളച്ചാട്ടത്തിന്റെ ഓരോ അവിസ്മരണീയമായ നിമിഷവും ചലച്ചിത്രത്തിലെന്നപോലെ ആവിഷ്കരിക്കുന്നു. ഉയരുകയും താഴുകയും ചെയ്യുന്ന ജലധൂളികളുടെ തിരശ്ശീലയിൽ മഴവില്ലുകൾ ജനിക്കുകയും മായുകയും ചെയ്യുന്നു. കാഴ്ചക്കാരനിൽ വെള്ളച്ചാട്ടം സൃഷ്ടിക്കുന്ന മതിഭ്രമവും തന്റെ ഇന്ദ്രിയാനുഭൂതികളും ഹൃദയാവർജകമായ വാങ്മയചിത്രങ്ങളായി മാറുന്നു സക്കറിയയുടെ വർണനയിൽ.

വായനയുടെയും ചർച്ചകളുടെയും വെളിച്ചത്തിൽ വിക്ടോറിയാ വെള്ളച്ചാട്ടത്തെ ക്കുറിച്ച് കുട്ടികൾ എഴുതിയ വാക്യങ്ങൾ മെച്ചപ്പെടുത്തിയെഴുതുന്നു. ഏതാനും പേർ അവതരിപ്പിക്കുന്നു. തുടർന്ന് കുട്ടികളുടെ യാത്രാനുഭവത്തെ ഹൃദ്യമായി ആവിഷ്കരി ക്കാൻ നിർദേശിക്കുന്നു. (വ്യക്തിഗതം)

കൈമാറി വായിച്ച് മെച്ചപ്പെടുത്തുന്നു.

യാത്രപ്പതിപ്പ് തയാറാക്കുന്നു.

## വിലയിരുത്തൽക്കുറിപ്പ് തയാറാക്കാം

യാത്രയുടെ ലക്ഷ്യങ്ങൾ എന്തെല്ലാം?

യാത്രാവിവരണങ്ങളുടെ സവിശേഷതകൾ എന്തൊക്കെ?

ചോദ്യങ്ങൾ ഓരോന്നായി ഉന്നയിക്കുന്നു.

**ചർച്ച - ക്രോഡീകരണം**

- യാത്രികന്റെ ഇന്ദ്രിയാനുഭൂതി വായനക്കാരനു പകർന്നു നൽകുന്നു.
- വായനക്കാരനെ അനുയാത്രികനാക്കുന്നു.
- സഞ്ചാരി കണ്ട നാടിന്റെ പ്രകൃതിഭംഗി, ജീവിതരീതികൾ, ആചാരാനുഷ്ഠാനങ്ങൾ, ചരിത്രം, പാരമ്പര്യം, ഭൂമിശാസ്ത്രപരമായ സവിശേഷതകൾ, സാമൂഹികവ്യവസ്ഥ രാഷ്ട്രീയ-സാമ്പത്തിക അവസ്ഥകൾ എന്നിവ സംബന്ധിച്ച ധാരണകൾ ലഭി ക്കുന്നു.
- സാമൂഹിക - സാംസ്കാരിക അവസ്ഥകളെ വിമർശനപരമായി വിലയിരുത്തുന്നു.

സാമൂഹിക-സാംസ്കാരിക വിശകലനവും വിമർശനാത്മകമായ വിലയിരുത്തലും ഈ യാത്രാവിവരണത്തിൽ ഉണ്ടോ? തെളിവുകൾ കണ്ടെത്തി അവതരിപ്പിക്കുന്നു.

- വെള്ളക്കാരന്റെ കണ്ണുപതിക്കുന്നത് മാത്രമേ 'കണ്ടുപിടിത്ത' മാവുകയുള്ളോ?
- കൊളോണിയലിസത്തിന്റെ അവകാശവാദങ്ങളുടെ ഭാഗമാണ് ഇത്തരം 'കണ്ടുപി ടിത്ത' ചരിത്രങ്ങൾ.
- സക്കറിയയുടെ ഈ നിരീക്ഷണങ്ങളോട് നിങ്ങൾ യോജിക്കുന്നുണ്ടോ?

"ലിവിങ്സ്റ്റൺ വിക്ടോറിയാ വെള്ളച്ചാട്ടം കണ്ടുപിടിച്ചു എന്നു പറയുന്നത് എന്തൊരു അസംബന്ധമാണ്."

വെള്ളക്കാരുടെ അവകാശവാദങ്ങളെ അസംബന്ധമെന്നു വിശേഷിപ്പിച്ചത് എന്തുകൊ ണ്ടാവും?

കുട്ടികൾ കുറിക്കുന്നു.

അവതരിപ്പിക്കുന്നു.

## ക്രോഡീകരണം

വെള്ളക്കാരുടെ സാമൂഹികവും സാംസ്കാരികവും ചരിത്രപരവുമായ അധിനിവേശത്തോടും ശ്രേഷ്ഠചിന്തയോടുമുള്ള പ്രതിഷേധവും പ്രതിരോധവുമാണ് ലേഖകന്റെ വാക്കുകളിൽ തെളിയുന്നത്.

- ഞാൻ നമ്മുടെ കാവേരി കാര്യങ്ങൾ ഓർത്തു, മറന്നു കളഞ്ഞു.

കാവേരി കാര്യങ്ങൾ ഓർക്കാൻ കാരണമെന്ത്? അതു മറന്നുകളഞ്ഞു എന്നു പറയുന്നതിലൂടെ ധ്വനിപ്പിക്കുന്നതെന്ത്?

### ചർച്ച - ക്രോഡീകരണം

കാവേരീനദീജല തർക്കത്തിന്റെ പേരിലുണ്ടായ കലാപങ്ങൾ ഓർക്കുന്നു.

ആഫ്രിക്കയിലെ രണ്ടു രാജ്യങ്ങൾ സാംബസിനദിയെ സൗഹാർദപരമായി പങ്കിടുന്നു. ആദായമുണ്ടാക്കുന്നു. എന്നാൽ ഇന്ത്യയിൽ നദീജലസമ്പത്തിന്റെ പേരിൽ കലാപങ്ങളുണ്ടാകുന്നുണ്ട്.

ഇതിന് അറുതിവരുത്താൻ കഴിയുന്നില്ല എന്ന നിരാശയും സങ്കടവുംകൊണ്ടാവും ലേഖകൻ അത് മറന്നുകളയാൻ ശ്രമിക്കുന്നത്. ആഫ്രിക്കയിലെ രണ്ടു രാജ്യങ്ങളാണ് ഒരുമയോടെ പ്രവർത്തിച്ചുവരുന്നത്. എന്നാൽ ഇന്ത്യയിലെ രണ്ടു സംസ്ഥാനങ്ങൾ തമ്മിലുള്ള തർക്കത്തിന് സമാധാനപൂർണമായു ഒരു പരിഹാരം കാണാൻ കഴിയുന്നില്ല എന്നത് അപമാനകരമായി ലേഖകന് തോന്നുന്നുണ്ടാവും.

സഞ്ചാരസാഹിത്യമെന്നാൽ കേവലം കാഴ്ചകളുടെ വിവരണം മാത്രമല്ല, ഗൗരവപൂർണമായ സാമൂഹിക-സാംസ്കാരിക വിശകലനംകൂടി അവയിൽ ഉൾച്ചേർന്നിട്ടുണ്ട്. മുകളിൽ നൽകിയ സൂചനകൾ പരിഗണിച്ച് വിലയിരുത്തുക.

## ലഘുലേഖ തയാറാക്കാം

പക്ഷേ, ഇക്കൂട്ടർക്കെല്ലാം എന്തോ അദ്ഭുതകരമായ ബോധജ്ഞാനത്തിലൂടെ, കുറച്ചു താഴെ തങ്ങളെ കാത്തിരിക്കുന്ന എടുത്തുചാട്ടത്തെപ്പറ്റി അറിയാമെന്നതിനാൽ, ജലപാതത്തിനു തൊട്ടുപിന്നിലുള്ള ഭാഗം നമുക്കു സുരക്ഷിതമാണ്. മീനുകളെ ഞാൻ കണ്ടു. പക്ഷേ, അവപോലും വെള്ളച്ചാട്ടത്തിനു പിന്നിൽ എവിടെയോ ഒരു ലക്ഷ്മണരേഖ വരച്ചായിരിക്കണം ജീവിക്കുന്നത്.

സ്ലൈഡ് പ്രദർശിപ്പിക്കുന്നു.

ഈ ജീവികൾ നമുക്കു നൽകുന്ന സന്ദേശമെന്താണ്?

### ചർച്ച

ലേഖകനും കൂട്ടുകാരും കുളിക്കാനിറങ്ങിയതെവിടെ? ആ സ്ഥലം തിരഞ്ഞെടുത്തതിന്റെ കാരണമെന്ത്? കുട്ടികൾ പ്രതികരിക്കുന്നു.

തുടർന്ന് സമീപകാലത്ത് വിനോദസഞ്ചാരകേന്ദ്രങ്ങളിൽ ഉണ്ടായ അപകടങ്ങളുമായി ബന്ധപ്പെട്ട വാർത്തകളുടെ സ്ലൈഡ് പ്രദർശിപ്പിക്കുന്നു.

ഇത്തരത്തിലുണ്ടായ ദുരന്തവാർത്തകൾ കുട്ടികൾ പങ്കുവയ്ക്കുന്നു. ആഹ്ലാദകരമായ യാത്രകൾ കണ്ണീരിൽ ഒടുങ്ങുന്നതിന്റെ വാർത്തകൾ വളരെ സങ്കടകരമാണ്.

- ഇങ്ങനെ അപകടങ്ങൾ നിരന്തരം ആവർത്തിക്കപ്പെടുന്നതിന്റെ കാരണങ്ങൾ എന്തെല്ലാം?
- നാം സന്ദർശിക്കുന്ന ഓരോ പ്രദേശത്തുമുള്ള അപകടസാധ്യതകൾ എന്തെല്ലാം?
- സ്വീകരിക്കേണ്ട മുൻകരുതലുകൾ എന്തെല്ലാം?

കുട്ടികളെ കടൽ, മല, പുഴ, വെള്ളച്ചാട്ടം, വാട്ടർതീം പാർക്ക് എന്നിങ്ങനെ സംഘങ്ങളാക്കുന്നു.

സംഘത്തിൽ ചർച്ച- അവതരണം

തുടർന്ന് ഓരോ ഗ്രൂപ്പിനോടും 'വിനോദസഞ്ചാരമേഖലകളിലെ സുരക്ഷ'എന്ന വിഷയത്തിൽ ലഘുലേഖ തയാറാക്കാൻ നിർദേശിക്കുന്നു. (വ്യക്തിഗതം)

ഗ്രൂപ്പുകൾ കൈമാറി വിലയിരുത്തുന്നു. അവതരിപ്പിക്കുന്നു.

## യാത്രാ വീഡിയോ നിർമ്മിക്കാം

ക്ലാസ്തലത്തിൽ ഒരു യാത്രാ വീഡിയോ തയാറാക്കാം. ഒരു ദൃശ്യാത്മക യാത്രാവിവരണത്തിന്റെ വീഡിയോ പ്രദർശിപ്പിക്കുന്നു.

വിദ്യാലയത്തിൽനിന്ന് ഒരു ചെറുയാത്ര സംഘടിപ്പിക്കാം. ചരിത്രപ്രാധാന്യമുള്ള ഇടമോ, വിനോദസഞ്ചാരകേന്ദ്രമോ പ്രാദേശികമായി സാധ്യതകളുള്ള ഇടമോ കണ്ടെത്തി മുൻകൂട്ടി യാത്ര നിശ്ചയിക്കാം.

### ആവശ്യമായ മുന്നൊരുക്കങ്ങൾ

- കുട്ടികളിൽനിന്ന് വിവിധ മേഖലകളിൽ താൽപ്പര്യമുള്ളവരെ കണ്ടെത്തുന്നു.
- യാത്ര നിശ്ചയിച്ച സ്ഥലത്തിന്റെ ചരിത്രപ്രാധാന്യം, പ്രാദേശിക പ്രത്യേകതകൾ, വിനോദസഞ്ചാരസാധ്യതകൾ, ജനങ്ങളുടെ ജീവിതരീതി തുടങ്ങിയവ കണ്ടെത്തുന്നു. ലഘുകുറിപ്പുകൾ തയാറാക്കുന്നു.
- ലഘുകുറിപ്പുകൾ വിവരണപാഠങ്ങളാക്കി മാറ്റുന്നു.
- മികച്ച ഭാവത്തോടെയും അക്ഷരശുദ്ധിയോടെയും അവതരിപ്പിക്കാൻ മിടുക്കുള്ളവരെ കണ്ടെത്തുന്നു.
- ശബ്ദലേഖനം നടത്തുന്നു.
- ഗൂഗ്ൾമാപ്പ്, വിക്കിമാപ്പിയ എന്നിവയുടെ സഹായത്താൽ കുട്ടികൾ യാത്രാപഥം, മറ്റു വിശദാംശങ്ങൾ തയാറാക്കുന്നു.
- താൽപ്പര്യമുണർത്തുന്ന അവതരണരീതിയാവണം.

- ക്രമാനുഗതമായ അവതരണം
- സാങ്കേതികത്തികവ് (എഡിറ്റിങ്, വീഡിയോ, ഓഡിയോ ടൈറ്റിൽ കാർഡ്) പുലർത്തുന്നു. കുട്ടികൾ തയാറാക്കിയ വീഡിയോ പൊതുവായി പ്രദർശിപ്പിക്കുന്നു.

  എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കാൻ പ്രത്യേകം ശ്രദ്ധിക്കണം.

  മികച്ച യാത്രാ വീഡിയോ കണ്ടെത്തുന്നു.

**ഡേവിഡ് ലിവിങ്സ്റ്റൺ**

1855-ൽ ഡേവിഡ് ലിവിങ്സ്റ്റൺ എന്ന പര്യവേക്ഷകൻ ഈ വെള്ളച്ചാട്ടത്തെക്കുറിച്ച് ആദ്യമായി ലോകത്തെ അറിയിച്ചു. വിക്ടോറിയരാജ്ഞിയോടുള്ള ബഹുമാനസൂചകമായി 'വിക്ടോറിയാ ഫാൾസ്' എന്ന പേരിട്ടതും ലിവിങ്സ്റ്റൺ ആണ്. തദ്ദേശീയരായ കൊലോലൊ വർഗക്കാർക്ക് മൊസ്യൊറ്റോണിയ (mosi-oa-Tunya) ആണിത്. 'ഇരമ്പിയാർക്കുന്ന നുര' എന്നർഥം. സിംബാബ്‌വെയുടെയും സാംബിയയുടെയും അതിർത്തിയിൽ സാംബസിനദിയിലാണ് വിക്ടോറിയാ വെള്ളച്ചാട്ടം. ഇരു രാജ്യങ്ങളിൽനിന്നും വിക്ടോറിയയുടെ സൗന്ദര്യം നുകരാം. 108 മീറ്റർ ഉയരത്തിൽ നിന്ന് 1.7 കി.മീ വീതിയിൽ സാംബസി താഴേക്ക് പതിക്കുകയാണിവിടെ. ഒരു സെക്കന്റിൽ പത്തുലക്ഷം ലിറ്റർ ശരാശരി ജലപാതം.

**വിക്ടോറിയാ വെള്ളച്ചാട്ടം**

ആഫ്രിക്കയിലെ സാംബസിനദിയിൽ സാംബിയയുടെയും സിംബാബ്‌വെയുടെയും അതിർത്തിയിൽ സ്ഥിതിചെയ്യുന്ന വിക്ടോറിയാ വെള്ളച്ചാട്ടം, വലുപ്പത്തിൽ ഏറ്റവും വലുത് എന്ന ബഹുമതിക്ക് അർഹമാണ്. ഇത് ലോകത്തിലെ ഏറ്റവും ഉയരമുള്ളതോ നീളമുള്ളതോ ആയ വെള്ളച്ചാട്ടം അല്ല. പക്ഷേ, ഭൂമിയിലെ ഏറ്റവും വലിയ വെള്ളത്തിന്റെ പാളി (largest single sheet of flowing water) ഇവിടെയാണ് ഉള്ളത്. പ്രാദേശികഭാഷയിൽ മൊസിയോവ-തുനിയ (Mosi-oa-Tunya (the smoke that thunders) എന്നു പേരുള്ള വിക്ടോറിയാ വെള്ളച്ചാട്ടം അദ്ഭുതങ്ങളുടെ കലവറയാണ്.

## യാത്രാവിവരണപ്രസ്ഥാനം

യാത്രകൾ എക്കാലത്തുമുണ്ട്. ഉപജീവനത്തിനായി നടത്തിയ യാത്രകൾ, പുതിയ മേച്ചിൽപ്പുറങ്ങളും കൃഷിയിടങ്ങളും തേടിയുള്ള യാത്രകൾ, കാഴ്ചകൾ കാണാനായി നടത്തിയ ചെറുയാത്രകൾ. ഇവയിലൊതുങ്ങിയായിരുന്നു പരിമിതമായ ആവാസമേഖലയിൽ ജീവിച്ചവരുടെ യാത്രകളെങ്കിൽ കാലാന്തരത്തിൽ യാത്രയുടെ ലക്ഷ്യങ്ങൾക്ക് മാറ്റം വന്നു. അറിയപ്പെടാത്ത ദേശങ്ങളിലേക്ക് ആസൂത്രണത്തോടെ നടത്തിയ യാത്രകൾക്ക് പിന്നിൽ അധികാരാതിർത്തി വികസിപ്പിക്കുന്ന ലക്ഷ്യമുണ്ടായിരുന്നു; ഒപ്പം കച്ചവട താല്പര്യങ്ങളും, വിനോദത്തിനും, വിജ്ഞാനത്തിനും ആത്മീയാന്വേഷണത്തിനും യാത്രകൾ സാധാരണമായി.

ഓരോ യാത്രയും വ്യത്യസ്തമായ അനുഭവങ്ങളാണ് സമ്മാനിക്കുക. യാത്രാനുഭവങ്ങളെ ആവിഷ്ക്കരിക്കലാണ് സഞ്ചാരസാഹിത്യം. ഓരോ യാത്രാവിവരണവും പലവിധ അനുഭവ തലങ്ങളാണ് വായനക്കാരന് സമ്മാനിക്കുന്നത്. താൻ നേരിട്ടനുഭവിച്ച അനുഭൂതി വിശേഷങ്ങളെ സത്യസന്ധമായും ഏറ്റവും ഹൃദയഹാരിയായും വസ്തുതാവിശകലനത്തിലൂന്നിയും അവതരിപ്പിക്കുമ്പോഴാണ് യാത്രാവിവരണങ്ങൾ സമഗ്രവും വൈകാരികാനുഭവങ്ങളുടെ നേർക്കാഴ്ചയുമാകുന്നത്. എഴുത്തുകാരൻ കടന്നുപോയ വഴികളിലൂടെ വായനക്കാരനെയും അനുയാത്ര നടത്തിക്കുകയും അവിടങ്ങളിലെ പ്രകൃതിഭംഗി, ജീവിതരീതികൾ, ആചാരാനുഷ്ഠാനങ്ങൾ, ചരിത്രം, പാരമ്പര്യം, ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ, രാഷ്ട്രീയ-സാമ്പത്തിക അവസ്ഥകൾ എന്നിവ വിവരണങ്ങളിലൂടെ പകർന്നു നൽകുകയും ചെയ്യുന്നു. സഞ്ചാരസാഹിത്യകാരൻ ഭാവനയുടെ ലോകത്തുനിന്നു മാത്രമല്ല, വസ്തുനിഷ്ഠവും സൂക്ഷ്മവുമായ അനുഭവങ്ങളുടെയും യാഥാർഥ്യങ്ങളുടെയും അടിസ്ഥാനത്തിലുമാണ് രചനാപ്രക്രിയയിൽ ഏർപ്പെടുന്നത്.

വൈദികകാലം മുതൽക്കേ യാത്രയുടെ അടയാളപ്പെടുത്തലുകൾ ഉണ്ടായിരുന്നു. ഋഗ്വേദത്തിലും ഇതിഹാസങ്ങളിലും യാത്രാസൂചനകളുണ്ട്. രഘുവംശം, മേഘസന്ദേശം തുടങ്ങിയ കൃതികളും ഭാരതീയസാഹിത്യത്തിലെ ആദ്യകാല യാത്രാവിവരണ ഭാഗങ്ങൾ ഉൾക്കൊള്ളുന്നവയാണ്.

ലോകത്ത് അതിരുകൾക്കപ്പുറത്തേക്ക് യാത്രകൾ നടത്താൻ ഏറെ താൽപ്പര്യപ്പെട്ടവരാണ് പാശ്ചാത്യർ. അവയാകട്ടെ ഏറെയും കടൽകടന്നുള്ള സാഹസികയാത്രകളായിരുന്നു. അറബികളും ചീനരും കച്ചവടതാൽപ്പര്യത്തോടെയാണ് സഞ്ചാരം നടത്തിയതെങ്കിൽ പാശ്ചാത്യർ അതോടൊപ്പം മിഷനറിപ്രവർത്തനവും ലക്ഷ്യം വച്ചിരുന്നു. മതപ്രചാരണത്തിനുള്ള യാത്രകൾ ബുദ്ധന്റെ കാലം മുതലേയുണ്ട്. ഇസ്ലാംമതപ്രചാരണത്തിന് മാലിക് ദീനാറും ക്രിസ്തുമതപ്രചാരണത്തിന് തോമാശ്ലീഹായും വന്നത് മതപരമായ യാത്രയുടെ ഉദാഹരണങ്ങളാണ്.

മാർക്കോപോളോ, ഹുയാൻസാങ്, ഫാഹിയാൻ, അൽബിറൂണി, ഇബ്നുബത്തൂത്ത, മെഗല്ലൻ, ജെയിംസ് കുക്ക്, ഡേവിഡ് ലിവിങ്സ്റ്റൺ എന്നിവർ ഇന്ത്യ സന്ദർശിച്ച പ്രശസ്ത യാത്രികരാണ്. സാഹസികത, കോളനി കണ്ടെത്താനുള്ള അന്വേഷണം, വ്യാപാരതാൽപ്പര്യം, വിജ്ഞാനതാൽപ്പര്യം എന്നിവയാണ് ആദ്യകാല സഞ്ചാരികളെ യാത്രയ്ക്ക് പ്രേരിപ്പിച്ച ഘടകങ്ങൾ.

14-ാം നൂറ്റാണ്ടിൽ രചിക്കപ്പെട്ട ഉണ്ണുനീലിസന്ദേശം യാത്രാവിവരണ സൂചനകളുള്ള ആദ്യകാല കൃതിയാണ്. മിഷനറിപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട യാത്രയാണ് മലയാളത്തിലെ ആദ്യയാത്രാവിവരണ ഗ്രന്ഥമായ 'വർത്തമാനപ്പുസ്തക' (റോമായാത്ര) ത്തിന്റെ പ്രതിപാദ്യം. പാറേമാക്കൽ തോമാ കത്തനാർ(1736-99) 1790-99 കാലത്ത് എഴുതിയതാണ് ഈ കൃതി. പദ്യരൂപത്തിലെ ആദ്യത്തെ മലയാള യാത്രാവിവരണകൃതി 'ധർമ്മരാജാവിന്റെ രാമേശ്വരയാത്ര' യാണ്. ഇതിന്റെ രചയിതാവ് ആരാണെന്ന് വ്യക്തമല്ല. യാത്രാനുഭവങ്ങൾ പദ്യരൂപത്തിൽ ആവിഷ്കരിച്ച കൃതിയാണ് വൈക്കത്ത് പാച്ചുമൂത്തതിന്റെ 'കാശീയാത്രാവർണനം' (1854), നടുവത്തച്ഛൻ നമ്പൂതിരി, വെൺമണിമഹൻ, കെ.സി. കേശവപിള്ള എന്നിവരും യാത്രാവിവരണകാവ്യങ്ങൾ രചിച്ചവരാണ്. ആദ്യകാല യാത്രാവിവരണങ്ങൾ ഭാരതയാത്രകളുടേതാണ്.

മാനവവിക്രമൻ തമ്പുരാന്റെ കാശീയാത്രാചരിത്രം (1903), തരമത്ത് അമ്മാളു അമ്മയുടെ ഒരു തീർഥയാത്ര (1925), കെ.പി.ദാമോദരൻനായരുടെ 'എന്റെ കന്യാകുമാരിയാത്ര (1925), മാധവനാരുടെ ഒരു ഹിമാലയയാത്ര (1927), കൊച്ചിമഹാരാജാവിന്റെ ഡയറി (1938) എന്നിവ ദേശാതിർത്തിയിൽ ഒതുങ്ങിയ യാത്രാവിവരണങ്ങളാണ്. ബാരിസ്റ്റർ ജി.പി.പിള്ളയുടെ ലണ്ടനും പാരീസും (1897), കെ.പി. കേശവമേനോന്റെ ബിലാത്തിവിശേഷം (1916), കെ.എം. പണിക്കരുടെ ആപത്കരമായ യാത്ര (1944) എന്നിവ ആദ്യകാലത്തെ രചനകളാണ്. ഹ്യൂയാൻസാങ്ങിന്റെ സഞ്ചാരപഥത്തിലൂടെ 125 ദിവസമെടുത്ത് നടത്തിയ യാത്രയാണ് കെ.പി.എസ്. മേനോൻ രചിച്ച 'ഡൽഹി ചുങ്കിംഗ്' (1944). പ്രാദേശിക-വിദേശയാത്രകളുടെയും സാഹസികയാത്രകൾ, തീർഥയാത്രകൾ എന്നിവയുടെയും വിവരണങ്ങൾ മലയാളത്തിലുണ്ട്.

ലോകത്തെമ്പാടുമായി താൻ നടത്തിയ യാത്രകളും അതിൽനിന്നു നേടിയ ജീവിതാനുഭവങ്ങളും മലയാള സഞ്ചാരസാഹിത്യത്തിന്റെ ഈടുവയ്പുകളാക്കിയ എഴുത്തുകാരനാണ് എസ്.കെ. പൊറ്റെക്കാട്ട്. സഞ്ചാരസാഹിത്യത്തെ ജനപ്രിയമാക്കിയതിന്റെ അംഗീകാരം എസ്.കെ.യ്ക്കുള്ളതാണ്. അറിയാത്ത ഭൂഖണ്ഡങ്ങളിലേക്കും അപരിചിതദേശങ്ങളിലേക്ക് മലയാളികൾ എസ്.കെ.പൊറ്റെക്കാട്ടിനോടൊപ്പം സഞ്ചരിച്ചു. 1947-ൽ അദ്ദേഹത്തിന്റെ ആദ്യ യാത്രാവിവരണഗ്രന്ഥം 'കാശ്മീർ' പുറത്തിറങ്ങി. നൈൽ ഡയറി, യൂറോപ്പിലൂടെ, പാതിരാസൂര്യന്റെ നാട്ടിൽ, ബാലിദ്വീപ്, ലണ്ടൻ നോട്ട്ബുക്ക്, സിംഹഭൂമി തുടങ്ങിയ നിരവധി കൃതികൾ അദ്ദേഹത്തിന്റെതായിട്ടുണ്ട്. യാത്രയിൽനിന്ന് നേടിയ അനുഭവങ്ങൾ-അതിജീവനങ്ങൾ-പ്രണയകഥകൾ എല്ലാം അദ്ദേഹത്തിന്റെ മറ്റു സാഹിത്യരചനകളുടെ പ്രമേയമായി മാറി.

പൊറ്റെക്കാട്ടിനുശേഷം മലയാളത്തിൽ നിരവധി യാത്രാവിവരണഗ്രന്ഥങ്ങൾ പുറത്തിറങ്ങിയിട്ടുണ്ട്. രാജൻ കാക്കനാടൻ, രവീന്ദ്രൻ, ആഷാമേനോൻ, സച്ചിദാനന്ദൻ, സക്കറിയ തുടങ്ങിയവരുടെ യാത്രാവിവരണങ്ങൾ ഏറെ വൈവിധ്യമാർന്ന രചനകളാണ്.

## സഹായകഗ്രന്ഥങ്ങൾ


1. കഥ തേടുന്ന സഞ്ചാരി, എഡി: ചെലവൂർ വേണു, ചിന്ത പബ്ലിഷേഴ്സ്
2. സഞ്ചാരസാഹിത്യം ഭാഗം 1,2 എസ്.കെ. പൊറ്റെക്കാട്ട്, ഡി.സി.ബുക്സ്
3. ഒരു ആഫ്രിക്കൻയാത്ര, സക്കറിയ, ഡി.സി.ബുക്സ്
4. ഡോക്യുമെന്ററി, ആൾപ്പലമയുടെ ആഖ്യാതാവ്
   നിർമാണം: എസ്.കെ. പൊറ്റെക്കാട്ട് സാംസ്കാരികകേന്ദ്രം

# 3

# ഒരു കുടന്ന വെളിച്ചമായ്

## കവിയും സമൂഹജീവി

"സാഹിത്യകാരന്റെ അല്ലെങ്കിൽ കവിയുടെ ഹൃദയം പ്രകൃതിവസ്തുക്കളിൽ ലയിക്കുന്നതിൽ നിന്ന് സാഹിത്യം അഥവാ കവിത ഉത്ഭവിക്കുന്നു. സഹൃദനായ ഒരനുവാചകന്റെ ഹൃദയം ആ കാവ്യരസത്തിൽ ലയിക്കുന്നതിന്റെ ഫലമായി നിരൂപണം ഉണ്ടാകുന്നു. കവിയും നിരൂപകനും തങ്ങൾക്കനുഭവപ്പെട്ട മാനസികവികാരങ്ങളുടെ പ്രകടനരൂപമാണ് കാവ്യരൂപത്തിലും നിരൂപണരൂപത്തിലും പ്രകാശിപ്പിക്കുന്നത്. അതിനാൽ നിർമാണകലപോലെ തന്നെ നിരൂപണകലയും സാഹിത്യത്തിൽ മഹനീയസ്ഥാനം അർഹിക്കുന്നു. സാഹിത്യകലയുടെ രണ്ടു ചക്രങ്ങളോ ചിറകുകളോ ആണ് നിർമാണവും വിമർശനവും. വിമർശനം ഗ്രന്ഥങ്ങളുടെ സാഹിത്യധർമത്തെ അധികരിച്ചും ആശ്രയിച്ചും ചെയ്യുന്ന വിചാരമാണ്. ഗ്രന്ഥങ്ങളുടെ ശ്രീകോവിലിന്റെ ബന്ധിക്കപ്പെട്ട കവാടങ്ങൾ ഭേദിച്ച് ഉള്ളിൽക്കടന്ന് അവിടത്തെ രസമയമായ പ്രകാശമരീചികളെ വെളിയിൽ ആവിഷ്കരിച്ചുകാട്ടലാണ് വിമർശനം."

*(സുകുമാർ അഴീക്കോട്)*

## സാഹിത്യവിമർശനം മലയാളത്തിൽ

സംസ്കൃതസാഹിത്യവിമർശനപദ്ധതിയെ അവലംബിച്ചാണ് മലയാളത്തിൽ സാഹിത്യ വിമർശനം ആരംഭിച്ചത്. എന്നാൽ, ആദ്യകാലവിമർശനം അലങ്കാരഭംഗി, വാക്യദോഷം, പദദോഷം, രസം തുടങ്ങിയവയെ മാത്രം സ്പർശിച്ചുകൊണ്ടുള്ളതായിരുന്നു. കൃതിയുടെ ആന്തരികമൂല്യം നിർധാരണം ചെയ്യുന്നതിൽ അക്കാലത്ത് വേണ്ടത്ര ശ്രദ്ധചെലുത്തി യിരുന്നില്ല. പാശ്ചാത്യ നിരൂപണപദ്ധതിയുമായുള്ള സമ്പർക്ക-സംയോഗങ്ങളിലൂടെ വിമർശന സാഹിത്യത്തിൽ മൗലികമായ മാറ്റങ്ങൾ വന്നുതുടങ്ങി. ഒരു കൃതിയുടെ രൂപഭാവ ശില്പങ്ങളോടൊപ്പം അത് അനുവാചകരിൽ സൃഷ്ടിക്കുന്ന പ്രതികരണംകൂടി കണ്ടെത്താൻ വിമർശനത്തിനുസാധിച്ചു. സാഹിത്യസൃഷ്ടിയുടെയും ആസ്വാദന ത്തിന്റെയും വ്യാഖ്യാനത്തിന്റെയും നിരൂപണത്തിന്റെയും തലങ്ങളിൽനിന്നുള്ള ഈ അന്വേ ഷണം സാഹിത്യപുരോഗതിക്കു വഴി തുറന്നുകൊടുത്തു.

## ജോസഫ് മുണ്ടശ്ശേരി

പൗരസ്ത്യ-പാശ്ചാത്യ കാവ്യസിദ്ധാന്തങ്ങൾ സംയോജിപ്പിച്ചുകൊണ്ടുള്ള വിമർശനസമ്പ്ര ദായമാണ് ജോസഫ് മുണ്ടശ്ശേരി സ്വീകരിച്ചത്. എന്നാൽ സാഹിത്യത്തിന്റെ ലക്ഷ്യങ്ങളെ സംബന്ധിച്ചിടത്തോളം പാശ്ചാത്യസിദ്ധാന്തങ്ങൾ തെളിച്ചിട്ട സാമൂഹികചിന്തയിൽ അദ്ദേഹം ഉറച്ചുനിന്നു. ജീവിതബാഹ്യമായ ഒരു സാഹിത്യത്തെക്കുറിച്ച് അദ്ദേഹത്തിന് ചിന്തിക്കാനാവില്ല. പുരോഗമന സാഹിത്യപ്രസ്ഥാനത്തിന്റെ നേതൃനിരയിൽ നിന്നുകൊണ്ട് അദ്ദേഹം സാഹിത്യ നിരൂപണത്തിന് സൗന്ദര്യാത്മകമായ പുതിയ മാനം നൽകി. സാമൂ ഹികപരിവർത്തനത്തിന്റെ പ്രധാന ഘടകങ്ങളിലൊന്ന് സാഹിത്യമാണ് എന്നദ്ദേഹം വിശ്വ സിച്ചു. കൃതികളിലെ സാങ്കേതികഘടകങ്ങളിലല്ല, അവയിൽ ഉൾച്ചേർന്നിരിക്കുന്ന ജീവി തമൂല്യങ്ങളിലാണ് മുണ്ടശ്ശേരി മനമൂന്നിയത് എഴുത്തുകാരുടെ സാംസ്കാരികദൗത്യത്തി നാണ് ഊന്നൽ നൽകിയത്.

## പാഠസംഗ്രഹം

ജാതിവ്യവസ്ഥയുടെ നീതിരാഹിത്യത്തിനും വിവേചനത്തിനുമെതിരെ പ്രതിരോധത്തിന്റെ കാവ്യസാന്നിധ്യമായി നിലകൊണ്ട കവിയാണ് കുമാരനാശാൻ. ആശാന്റെ വ്യക്തിജീവി തവും കാവ്യജീവിതവും സാമൂഹികവ്യവസ്ഥകളോടുള്ള നിലപാടുകളും ആഴത്തിൽ വില യിരുത്തുന്ന കൃതിയാണ് ജോസഫ് മുണ്ടശ്ശേരിയുടെ 'ആശാൻകവിത-ഒരു പഠനം'. സർഗാ ത്മകസാഹിത്യം സാമൂഹ്യജീവിതത്തിൽ ചെലുത്തുന്ന സ്വാധീനവും സാഹിത്യത്തിന്റെ സാമൂഹികപ്രയോജനയുക്തികളും വിശകലനവിധേയമാക്കുകയാണ് ഈ കൃതിയിൽ. എഴുത്തുകാരുടെ ജീവിതം അത്രമേൽ സ്വതന്ത്രമല്ലെന്നും സാധാരണ മനുഷ്യരെപ്പോലെ സാമൂഹികബന്ധങ്ങളാലും അവരുടെ പരിസരങ്ങളാലും എഴുത്തുകാർ ബന്ധിതരാ ണെന്നും മുണ്ടശ്ശേരി വിശദീകരിക്കുന്നു.

സമൂഹമാറ്റത്തിന്റെ ദേശീയവും അന്തർദേശീയവുമായ ധാരകൾ കവിയെയും സ്വാധീനിച്ചു. കൽക്കത്തയിലും ബാംഗ്ലൂരിലും കേരളത്തിലും ആശാന് ജാതീയമായ വിവേചനത്തിന്റെ കയ്പുനീര് കുടിക്കേണ്ടിവന്നിട്ടുണ്ടെന്ന് മുണ്ടശ്ശേരി പറയുന്നു. കവിയുടെ ഇത്തരം അനു ഭവങ്ങൾ സ്വന്തം കൃതികളിലും തീവ്രതയോടെ പ്രതിഫലിക്കുന്നുണ്ടെന്ന് മുണ്ടശ്ശേരി നിരീക്ഷിക്കുന്നു. കുട്ടികൾക്കായി രാമായണകഥ സംഗ്രഹിച്ചെഴുതുമ്പോൾപ്പോലും ജാതി

വിരുദ്ധനിലപാടുകൾ മുറുകെപ്പിടിക്കുന്ന കവിയെ മുണ്ടശ്ശേരി ആവേശത്തോടെ കണ്ടെടുക്കുന്നു. ജീവിച്ച കാലത്തിന്റെ മനുഷ്യാവകാശലംഘനങ്ങളോട് വിട്ടുവീഴ്ചയില്ലാതെ പൊരുതുന്ന സ്വതന്ത്രവാദിയായ കവിയെ ആത്മാഭിമാനത്തിന്റെ അടയാളമായി അവതരിപ്പിക്കുകയാണ് മുണ്ടശ്ശേരി.

"മാറ്റുവിൻ ചട്ടങ്ങളെ സ്വയമല്ലെങ്കിൽ
മാറ്റുമതുകളീ നിങ്ങളെത്താൻ"

എന്ന കവിയുടെ താക്കീത് മലയാളിയുടെ സാമൂഹികജീവിതത്തിൽ ഇന്നും പ്രതിധ്വനിക്കുന്നു. ജാതിനിർമൂലനത്തിന്റെ ധൈഷണികയുക്തിയാണ് ആശാനെന്ന കവിയുടെ നന്മയും കരുത്തുമാകുന്നത്. നവോത്ഥാനകേരളത്തിന്റെ രജതരേഖകളായി മാറുകയാണ് കുമാരനാശാന്റെ കൃതികൾ.

## ആശയങ്ങൾ, ധാരണകൾ

- സാഹിത്യസൃഷ്ടിയും നിരൂപണവും തുല്യപ്രാധാന്യമുള്ളവയാണ്.
- സാഹിത്യരചനകളിൽ പ്രതിഫലിക്കുന്ന സർഗാത്മകത, ആസ്വാദ്യത, മൂല്യം എന്നിവയെക്കുറിച്ചുള്ള പഠനമാണ് സാഹിത്യനിരൂപണം.
- എഴുത്തുകാരും സമൂഹസ്രഷ്ടാക്കളാണെന്ന് സ്ഥാപിച്ച നിരൂപകനാണ് ജോസഫ് മുണ്ടശ്ശേരി.
- ഇന്ത്യൻ സൗന്ദര്യശാസ്ത്രവും പാശ്ചാത്യസൗന്ദര്യശാസ്ത്രവും അദ്ദേഹത്തെ സ്വാധീനിച്ചിരുന്നു.
- വ്യാവസായികവിപ്ലവത്തിന്റെ ഫലമായി യൂറോപ്പിലുണ്ടായ പരിവർത്തനത്തിന്റെ അലകൾ കേരളത്തിലുമെത്തി.
- ജാതീയമായ വിവേചനങ്ങൾ അനുഭവിച്ച വ്യക്തിയാണ് കുമാരനാശാൻ. ആ അനുഭവജ്ഞാനമാണ് അദ്ദേഹത്തിന്റെ ധർമ്മരോഷത്തിനും അതിന്റെ ഫലമായി ഉണ്ടായ കൃതികൾക്കും കാരണം.
- മനുഷ്യസ്നേഹത്തിലധിഷ്ഠിതമായ സാമൂഹികപരിവർത്തനമായിരുന്നു ആശാന്റെ ജീവിതവീക്ഷണം.

## പഠനപ്രവർത്തനങ്ങൾ

പ്രതികരണക്കുറിപ്പ് തയാറാക്കാം.

- അതതു കാലഘട്ടങ്ങളിലെ സാമൂഹികപ്രശ്നങ്ങളോടു പ്രതികരിക്കുന്നവരാണ് കവികൾ. താഴെ കൊടുത്ത വരികളും പാഠഭാഗത്തിലെ ആശയവും വിശകലനം ചെയ്ത് പ്രതികരിക്കുക.

"പത്തുകിട്ടുകിൽ നൂറുമതിയെന്നും
ശതമാകിൽ സഹസ്രം മതിയെന്നും
ആയിരം പണം കൈയിലുണ്ടാകുമ്പോൾ
അയുതമാകിലാശ്ചര്യമെന്നതും
ആശയായുള്ള പാശമതിങ്കേന്നു
വേർവിടാതെ കരേറുന്നു മേൽക്കുമേൽ"

**(ജ്ഞാനപ്പാന)**

"രാജ്യകാര്യങ്ങളിൽ ക്ലേശിക്കയെന്നൊരു
വ്യാജം നടിച്ച് സമസ്തസാധുക്കളെ
തേജോവധം ചെയ്ത് വിത്തമാർജിച്ചുകൊ-
ണ്ടാജീവനാന്തം കഴിക്കുന്നിതു ചിലർ"

**(ഹരിണീസ്വയംവരം-കുഞ്ചൻനമ്പ്യാർ)**

"ധനാഢ്യരേ ധർമ്മവഴിക്കു നിങ്ങൾ
കാണിക്കവയ്ക്കും തനി മുത്തിനേക്കാൾ
കൂലിപ്പണിക്കാരിവർതൻ വേർപ്പു-
നീർത്തുള്ളിയാണീശ്വരനേറെയിഷ്ടം"

**(സാഹിത്യമഞ്ജരി 3-ാം ഭാഗം - വള്ളത്തോൾ)**

- ഈ കാവ്യഭാഗങ്ങളിൽ തെളിയുന്ന സാമൂഹികപ്രശ്നങ്ങൾ എന്തൊക്കെയാണ്?
  - അവയോടുള്ള കവികളുടെ നിലപാട് എന്താണ്?
  - ഈ നിലപാടുകൾ വായനക്കാരനെ എങ്ങനെയെല്ലാം സ്വാധീനിക്കും?

  അതതു കാലഘട്ടങ്ങളിലെ കവികൾ സാമൂഹികപ്രശ്നങ്ങളോട് സർഗാത്മകമായി പ്രതികരിച്ചതിന്റെ കൂടുതൽ തെളിവുകൾ കണ്ടെത്തുക.

ശേഖരിച്ച വിവരങ്ങളുടെയും പാഠഭാഗത്തെ ആശയങ്ങളുടെയും അടിസ്ഥാനത്തിൽ പ്രതികരണക്കുറിപ്പ് തയാറാക്കുന്നു.

### ജീവിതവീക്ഷണം കണ്ടെത്താം

- *'മാറ്റുവിൻ ചട്ടങ്ങളെ സ്വയമല്ലെങ്കിൽ*
  *മാറ്റുമതുകളീ നിങ്ങളെത്താൻ'*

- *സ്നേഹം താൻ ശക്തി ജഗത്തിൽ - സ്വയം*
  *സ്നേഹം താൻ ആനന്ദമാർക്കും*

  മുകളിൽ കൊടുത്ത കാവ്യഭാഗങ്ങളും ലേഖനത്തിലെ നിരീക്ഷണങ്ങളും വില യിരുത്തി കുമാരനാശാന്റെ ജീവിതവീക്ഷണം എന്ന വിഷയത്തിൽ കുറിപ്പ് തയാ റാക്കുക.

വിശകലനച്ചോദ്യങ്ങൾ :

- കുമാരനാശാന് നൽകിവരുന്ന വിശേഷണങ്ങൾ എന്തെല്ലാം?
- സ്നേഹഗായകൻ എന്നു വിശേഷിപ്പിക്കപ്പെടാനുള്ള കാരണങ്ങൾ എന്തെല്ലാം?
- മനുഷ്യസാഹോദര്യത്തിന് വിഘാതമായി നിൽക്കുന്ന ഘടകങ്ങൾ എന്തെല്ലാമാണ്?
- ആ കാലത്തു നിലനിന്നിരുന്ന ജാതീയമായ വിവേചനങ്ങളും ഭിന്നതകളും സമൂഹത്തെ ബാധിച്ചതെങ്ങനെ?
- സ്വാതന്ത്ര്യവും സ്നേഹവും എങ്ങനെ പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു?
- ഏതുതരത്തിലുള്ള സാമൂഹികപരിവർത്തനങ്ങളാണ് മനുഷ്യസ്നേഹത്തിന് പ്രചോദകമാകുന്നത്?
- സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം, സ്നേഹം എന്നിവയ്ക്ക് ജീവിതത്തി ലുള്ള പ്രാധാന്യമെന്ത്?

ചർച്ച

**ക്രോഡീകരണം**

മനുഷ്യസ്നേഹത്തിലധിഷ്ഠിതമായ സാമൂഹികപരിവർത്തനമായിരുന്നു കുമാരനാശാന്റെ ജീവിതവീക്ഷണം. ജാതിയുടെയും മതത്തിന്റെയും അടിസ്ഥാനത്തിൽ ഭിന്നിച്ചുനിൽക്കുന്ന മനുഷ്യവംശത്തിന് പരസ്പര വിദ്വേഷമില്ലാത്ത, സ്നേഹത്തിന്റെ അടിസ്ഥാനത്തിലുള്ള വികാസം സാധ്യമാകുന്നില്ല. പക്ഷേ, കാലം സമത്വത്തിനും സ്വാതന്ത്ര്യത്തിനുമെതിരായ എല്ലാ മനുഷ്യവിരുദ്ധനിയമങ്ങളെയും മാറ്റിത്തീർക്കുമെന്ന അചഞ്ചലമായ വിശ്വാസം കവി ക്കുണ്ടായിരുന്നു.

**ആഖ്യാനഭാഷയുടെ സവിശേഷതകൾ കണ്ടെത്താം**

- അനുഭവജ്ഞാനത്താൽ പിന്നെയും പിന്നെയും കത്തിജ്ജ്വലിച്ച ആ ധർമ്മരോഷം അദ്ദേഹത്തിന്റെ എല്ലാ കൃതികളിലും ലാവ പോലെ വഴിഞ്ഞൊഴുകുന്നുണ്ട്.

  വാക്യത്തിന്റെ സവിശേഷതയിലേക്കു നയിക്കുന്ന ചില ചോദ്യങ്ങൾ അധ്യാപിക ഉന്നയിക്കുന്നു.

- ധർമ്മരോഷത്തെ ലാവ എന്നു വിശേഷിപ്പിക്കുന്നതെന്തുകൊണ്ടാവും?
- അഗ്നിപർവതങ്ങൾ പൊട്ടിത്തെറിക്കുന്നതെപ്പോഴാണ്?
- ലാവാപ്രവാഹത്തിന്റെ സവിശേഷതകൾ എന്തൊക്കെ?
- കുമാരനാശാനെ അഗ്നിപർവതത്തോട് സാദൃശ്യപ്പെടുത്തിയതെന്തു കൊണ്ടാണ്?
- ലാവപോലെ വഴിഞ്ഞൊഴുകുന്നുണ്ട് എന്ന പ്രയോഗത്തിലൂടെ ധ്വനിക്കുന്ന തെന്തെല്ലാം?
- ആശാൻകവിതകളുടെ എന്തെല്ലാം സവിശേഷതകളാണ് ഈ വാക്യത്തിൽ തെളിയുന്നത്?

കുട്ടികൾ പ്രതികരിക്കുന്നു. പൊതുചർച്ച. ഇതേപോലെ അർഥഗർഭങ്ങളാണ് മുണ്ടശ്ശേരി യുടെ ഓരോ വാക്യവും അത്തരത്തിലുള്ള കൂടുതൽ വാക്യങ്ങൾ കണ്ടെത്തി സവിശേ ഷതകൾ കുറിക്കാൻ നിർദേശിക്കുന്നു.

- "യൂറോപ്പിനെ കിടിലം കൊള്ളിച്ച മഹാപരിവർത്തനത്തിന്റെ അലകൾ ഭാരതത്തിന്റെ സംസ്കാരകേന്ദ്രങ്ങളിലും ആഞ്ഞടിക്കാതിരുന്നില്ല."
- "വിദ്യാപീഠങ്ങളിൽ വച്ചുപോലും താനൊരവർണനാണെന്ന് തിരിച്ചറിയേണ്ട താമ സമേ ഉണ്ടായിരുന്നുള്ളൂ, ആപ്തരിലാപ്തന്മാർ പോലും അദ്ദേഹത്തോടിടത്തടിച്ചു പെരുമാറിയിട്ടുണ്ട്." ആപ്തരിലാപ്തന്മാർ, ഇടത്തടിച്ചു പെരുമാറുക എന്നീ പ്രയോ ഗങ്ങൾ നോക്കുക. ആപ്തൻ എന്നത് സംസ്കൃതപദമായിരിക്കുമ്പോൾ അതു സവർണസൂചന നൽകുന്നു. എന്നാൽ ഇടത്തടിച്ചു എന്നത് തനി നാടൻപ്രയോ ഗവും. അത് അവർണനുമായി ചേർന്നുനിൽക്കുന്നു.
- "കേരളത്തിൽ വച്ചാണെങ്കിൽ സവർണരുടെ ധിക്കാരത്തെപ്പോലെത്തന്നെ സ്വജാ തിക്കുള്ളിലെ ആഭിജാത്യക്കോമരങ്ങളുടെ ധിക്കാരവും അനുഭവിക്കേണ്ടിവന്നിട്ടുണ്ട ദ്ദേഹത്തിന് " (സ്വന്തം ജാതിയിലുള്ള ആഭിജാത്യക്കോമരങ്ങൾ എന്ന പ്രയോഗം എത്ര മനോഹരം! കാരണം, അവർ ദേവന്മാരല്ല, വെറും വെളിച്ചപ്പാടുകൾ. എന്നിട്ടും ധിക്കാരത്തിന് കുറവില്ല.

ഇങ്ങനെ കൂടുതൽ വാക്യങ്ങൾ കണ്ടെത്തുക. അദ്ദേഹം അവതരിപ്പിക്കുന്ന ആശയ ങ്ങൾക്ക് തെളിവും കൃത്യതയും മൂർച്ചയും നൽകാനും ആ ഭാഷാരീതി എങ്ങനെ സമർഥ മാകുന്നു എന്നത് വിലയിരുത്തുന്നു.

ഇത്തരം സന്ദർഭങ്ങൾ വിശകലനം ചെയ്ത് 'മുണ്ടശ്ശേരിയുടെ ആഖ്യാനത്തിലെ സവി ശേഷതകൾ' എന്ന വിഷയത്തിൽ കുറിപ്പു തയാറാക്കാം.

**ഉപന്യാസം തയാറാക്കാം**

- ഒരു ജാതിയിൽനിന്നല്ലോ പിറന്നിടുന്നു സന്തതി
  നരജാതിയിതോർക്കുമ്പോളൊരു ജാതിയിലുള്ളതാം

(ശ്രീനാരായണഗുരു)

നവോത്ഥാനമൂല്യങ്ങളെക്കുറിച്ചുള്ള ശ്രീനാരായണഗുരുവിന്റെ ഇത്തരം ദർശനങ്ങൾ കുമാരനാശാനെ എത്രമാത്രം സ്വാധീനിച്ചു എന്നു പരിശോധിച്ച് ഉപന്യാസം തയാറാക്കാം.

നവോത്ഥാനമൂല്യങ്ങളെക്കുറിച്ചുള്ള വിവരശേഖരണം എം.പി. സുകുമാരൻനായരുടെ 'യുഗപുരുഷൻ' എന്ന സിനിമ പ്രദർശിപ്പിക്കുന്നതിലൂടെ സാധ്യമാക്കാമല്ലോ. സിനിമയെ ആസ്പദമാക്കി ചർച്ച നടത്താം.

**ചർച്ചാസൂചനകൾ**

- അക്കാലത്തെ കേരളീയ സാമൂഹിക ജീവിതാവസ്ഥ
- കേരളത്തിൽ നിലനിന്നിരുന്ന ഹീനമായ ജാതിവ്യവസ്ഥ
- അയിത്തത്തിനെതിരെയുള്ള ചെറുത്തുനിൽപ്പുകൾ
- സാമൂഹികപരിഷ്കർത്താക്കൾക്ക് നേരിടേണ്ടിവന്ന പീഡനങ്ങൾ
- നാരായണഗുരുവിന്റെ പ്രവർത്തനങ്ങൾ, സന്ദേശങ്ങൾ
- കുമാരനാശാനും ഗുരുവും തമ്മിലുള്ള ബന്ധം

ഉപന്യാസം തയാറാക്കി ഗ്രൂപ്പുകളിൽ പങ്കുവച്ച് മെച്ചപ്പെടുത്തട്ടെ.

**ശീർഷകത്തിന്റെ ഔചിത്യം**

'കവിയും സമൂഹജീവി' എന്ന ശീർഷകം ലേഖനത്തിന് എത്രമാത്രം യോജിക്കുന്നുണ്ട്?

- എല്ലാവരും സമൂഹജീവികളാണ്.
- എല്ലാവർക്കും സാമൂഹികമായ വ്യക്തിത്വമുണ്ട്.
- സമൂഹത്തിലെ കാഴ്ചകളും അനുഭവങ്ങളുമാണ് രചനകളിൽ കാണുക.
- സമൂഹത്തിലെ ദുരവസ്ഥകൾ മാറണം എന്നാഗ്രഹിച്ച കവിയാണ് ആശാൻ.
- ആശാൻ ശ്രീനാരായണ ധർമപരിപാലനയോഗത്തിന്റെ ആദ്യ ജനറൽ സെക്രട്ടറി യായിരുന്നു.
- സമൂഹ ഉന്നതിക്കായും വിവേചനങ്ങൾക്കെതിരായും പ്രവർത്തിച്ചു.
- കവിതയെ സാമൂഹികപരിവർത്തനത്തിനുള്ള ആയുധമാക്കി.

ആശയങ്ങൾ ക്രോഡീകരിച്ച് ശീർഷകത്തിന്റെ ഔചിത്യം വിശദമാക്കി കുറിപ്പ് തയാറാക്കുന്നു.

## ആശാനും ഗുരുവും

ശ്രീനാരായണഗുരുവിന്റെ ദർശനങ്ങളാണ് ആശാൻകൃതികളുടെ അന്തർധാര. സാമൂഹിക നവോത്ഥാനം, സാഹിത്യനവോത്ഥാനത്തെ നയിക്കുന്ന കാഴ്ചയാണ് ഗുരുവും കവിയും തമ്മിലുള്ള ബന്ധത്തിൽ പ്രതിഫലിക്കുന്നത്.

ജാതിഭേദചിന്ത, മതവിദ്വേഷം തുടങ്ങിയ സാമൂഹിക ദുർനയങ്ങളെ കവിതയിലൂടെ ആദ്യമായി അപലപിച്ചത് ശ്രീനാരായണഗുരുവാണ്. 1897 - ൽ എഴുതിയ 'ആത്മോപദേശശതക'ത്തിൽത്തന്നെ മതഭേദവും മതവിദ്വേഷവും നിരർഥകമെന്ന് ഗുരു സ്ഥാപിച്ചു.

കുമാരനാശാന്റെ കാവ്യപ്രപഞ്ചത്തിൽ തുടക്കം മുതൽ ഒടുക്കം വരെ ശ്രീനാരായണഗുരു സ്വാധീനം ചെലുത്തിയിട്ടുണ്ട്. ആശാന്റെ വ്യക്തിത്വത്തിനും കവിത്വത്തിനും സ്വാതന്ത്ര്യത്തിലേക്കുള്ള മാർഗദീപമായി വർത്തിച്ചത് ശ്രീനാരായണഗുരുവാണ്.

## യൂറോപ്പിനെ കിടിലംകൊള്ളിച്ച മഹാപരിവർത്തനം

ലോകത്തെമ്പാടുമായി പല സാംസ്കാരിക നവോത്ഥാനങ്ങളും നടന്നിട്ടുണ്ട്. പഴയ മൂല്യങ്ങൾ എന്തിനെയും ചോദ്യംചെയ്തു. യൂറോപ്പിനെ കിടിലംകൊള്ളിച്ച വോൾട്ടയറും ദിദറോവും റൂസ്സോയും മറ്റുമാണ്, ആ നൂറ്റാണ്ടിന് ഈറ്റില്ലം ഒരുക്കിയത്. അവരുടെ പിന്നാലെ വന്ന വിപ്ലവകാരികൾ കുറച്ചൊന്നുമല്ല. ആ കൂട്ടത്തിൽ യൂറോപ്യൻ സാമൂഹിക വ്യവസ്ഥിതിയെ അമ്പേ പിടിച്ചുകുലുക്കിയത് കാൾമാർക്സാണ്. യൂറോപ്പിനെ കിടിലംകൊള്ളിച്ച മഹാപരിവർത്തനത്തിന്റെ അലകൾ ഇന്ത്യയുടെ സാംസ്കാരിക കേന്ദ്രങ്ങളിലും ആഞ്ഞടിച്ചു.

## വ്യാവസായികവിപ്ലവം

1750 - മുതൽ 1850 വരെയുള്ള കാലം യൂറോപ്പിൽ ആകെ, വലിയൊരു വ്യവസായ മുന്നേറ്റത്തിന് നാന്ദികുറിച്ചു. ബ്രിട്ടനിലെ സാമൂഹിക, സാമ്പത്തിക, സാംസ്കാരിക മേഖലകളിൽ വൻ സ്വാധീനം ചെലുത്തിക്കൊണ്ട് കൃഷിയിലും വ്യവസായ ഉൽപ്പാദനത്തിലും ഗതാഗതത്തിലും ഉണ്ടായ പ്രധാന പുരോഗതികളെയാണ് വ്യവസായവിപ്ലവം എന്ന പദംകൊണ്ട് വിവക്ഷിക്കുന്നത്. ഈ മാറ്റങ്ങൾ പിന്നീട് യൂറോപ്പിലേക്കും വടക്കേ അമേരിക്കയിലേക്കും തുടർന്ന് ലോകമെമ്പാടും വ്യാപിച്ചു. ഇന്നും വ്യവസായവൽക്കരണത്തിന്റെ രൂപത്തിൽ ഇതു തുടരുന്നു. മാനവചരിത്രത്തിൽ വലിയൊരു മാറ്റമാണ് വ്യവസായമുന്നേറ്റം (Industrial Revolution) സൃഷ്ടിച്ചത്.

## സഹായഗ്രന്ഥങ്ങൾ

- കൈരളിയുടെ കഥ - എൻ. കൃഷ്ണപ്പിള്ള
- ആശാൻ കവിത ഒരു പഠനം - മുണ്ടശ്ശേരി
- ശ്രീനാരായണഗുരുവിന്റെ സ്വാധീനത മലയാളകവിതയിൽ - ഡോ. കെ. പ്രശോഭൻ
- ആശാന്റെ പദ്യകൃതികൾ - സമ്പാ. ഡി.സി.ബുക്സ്
- അന്നത്തെ കേരളം - ഡി.സി.ബുക്സ്
- രണ്ടിടങ്ങഴി - തകഴി

# യൂണിറ്റ്‌വിശകലനം

പ്രവർത്തനസമയം : 24 പിരീഡ്

| പഠനനേട്ടങ്ങൾ | പാഠഭാഗങ്ങൾ | ആശയം/ ധാരണ | പ്രധാന പ്രവർത്തനങ്ങൾ | പഠനത്തെളിവുകൾ (വ്യവഹാരരൂപങ്ങൾ/ പ്രകടിതരൂപങ്ങൾ) | വിലയിരുത്തൽ |
|---|---|---|---|---|---|
| • കവിതാശകലങ്ങൾ വായിച്ച് വിശകലനം ചെയ്യാനും കുറിപ്പുകൾ തയാറാക്കാനുമുള്ള ശേഷി നേടുന്നു.<br>• വായിച്ച കവിതയിലെ പ്രമേയപരമായ സവിശേഷതകൾ നിലവിലുള്ള സാമൂഹികസാഹചര്യങ്ങളുമായി താരതമ്യം ചെയ്ത് കുറിപ്പ് തയാറാക്കുന്നു. | കവിയും സമൂഹജീവി | • സാമൂഹികപ്രശ്നങ്ങൾ പ്രമേയമായ നിരവധി കവിതകൾ മലയാളത്തിലുണ്ട്.<br>• സാമൂഹികപ്രശ്നങ്ങളെ നേരിടുന്നതിനുള്ള ഊർജം പകരാൻ വിവിധ സാഹിത്യരചനകൾക്ക് എക്കാലത്തും കഴിഞ്ഞിട്ടുണ്ട്. | • കവിതാശകലങ്ങൾ ശേഖരിക്കൽ<br>• ചർച്ച/ സംവാദം<br>• പ്രതികരണക്കുറിപ്പ് തയാറാക്കൽ | • കവിതകൾ<br>• ചർച്ചക്കുറിപ്പ്<br>• പ്രതികരണക്കുറിപ്പ് | • ആശയസമഗ്രത<br>• മൗലികമായ നിരീക്ഷണം<br>• സ്വാഭിപ്രായം<br>• ഉചിതമായ ഭാഷ<br>• സമാനാശയമുള്ള കവിതകൾ കണ്ടെത്തൽ |
| • സ്നേഹം, സ്വാതന്ത്ര്യം, നവോത്ഥാനം എന്നിവയുമായി ബന്ധപ്പെട്ട ആശയമുള്ള കവിതയിലെ വരികൾ തിരിച്ചറിയുന്നു. ആശയം ഉൾക്കൊണ്ട് കവിതചൊല്ലി ആസ്വദിക്കുന്നു. | | • മനുഷ്യസ്നേഹത്തിലധിഷ്ഠിതമായ സാമൂഹിക പരിവർത്തനമായിരുന്നു മഹാകവി കുമാരനാശാന്റെ ജീവിതവീക്ഷണം. | • കാവ്യകേളി | • കവിതചൊല്ലി ആസ്വദിക്കുന്നു | • ഈണം<br>• താളം<br>• ശബ്ദക്രമീകരണം |
| • ഘടനപാലിച്ചുകൊണ്ട് ഉപന്യാസം തയാറാക്കുന്നു. | | • ഉദാത്തമായ സ്വാതന്ത്ര്യബോധമാണ് ആശാൻകവിതയുടെ അന്തർധാര. കാവ്യാത്മകമായ ഗദ്യശൈലി പരിചയപ്പെടുന്നു. | • ലഘു ഉപന്യാസം തയാറാക്കൽ | • ലഘു ഉപന്യാസം | • ആമുഖം<br>• ആശയക്രമീകരണം<br>• നിരീക്ഷണം<br>• ഭാഷ<br>• ഉപസംഹാരം |

# ബുദ്ധന്റെ ഉപദേശം

ആധുനിക ഇന്ത്യയുടെ ശില്പിയെന്ന് വിശേഷിപ്പിക്കപ്പെടുന്ന ജവഹർലാൽ നെഹ്റു, ഇരുപതാം നൂറ്റാണ്ടിലെ അത്യുജ്ജ്വല വ്യക്തിത്വങ്ങളിൽ പ്രഥമഗണനീയനാണ്. സ്വാതന്ത്ര്യസമരനേതാവ്, രാഷ്ട്രതന്ത്രജ്ഞൻ, ഗ്രന്ഥകാരൻ, ചരിത്രകാരൻ തുടങ്ങി വൈവിധ്യമാർന്ന കർമ്മമേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ച പ്രതിഭയാണദ്ദേഹം. സ്വതന്ത്ര ഇന്ത്യയുടെ പ്രഥമപ്രധാനമന്ത്രിയായ അദ്ദേഹം ചേരിചേരാനയാവതരണത്തിലൂടെ ലോകനേതാവായി മാറി. ജനാധിപത്യ-സോഷ്യലിസ്റ്റ് മനോഭാവവും ശാസ്ത്രാവബോധവുമുള്ള ഒരു ആധുനികസമൂഹം സൃഷ്ടിക്കുന്നതിനുള്ള ശ്രമങ്ങൾ രാഷ്ട്രനേതാവെന്ന നിലയിൽ അദ്ദേഹം നടത്തി. കുഞ്ഞുങ്ങളെയും പൂക്കളെയും ഏറെ സ്നേഹിച്ചിരുന്ന അദ്ദേഹത്തെ ലോകം സ്നേഹത്തോടെ ചാച്ചാജിയെന്ന് വിളിച്ചു. നെഹ്റുവിന്റെ വിഖ്യാതഗ്രന്ഥങ്ങളിൽ പ്രധാനപ്പെട്ടവയാണ് വിശ്വചരിത്രാവലോകനം, ഇന്ത്യയെ കണ്ടെത്തൽ, ഒരച്ഛൻ മകൾക്കയച്ച കത്തുകൾ, ആത്മകഥ തുടങ്ങിയവ. ചരിത്രകാരനായ നെഹ്റുവിന്റെ ശാസ്ത്രീയ മനോഭാവത്തിനും (Scientific temper) വിശാലമായ ലോകവീക്ഷണത്തിനും ഈ കൃതികൾ ഉത്തമോദാഹരണങ്ങളാണ്.

ഇന്ത്യാചരിത്രത്തെയും സംസ്കാരത്തെയും സംബന്ധിച്ച സമഗ്രദർശനം ഉൾക്കൊള്ളുന്ന 'ഇന്ത്യയെ കണ്ടെത്തൽ' എന്ന കൃതിയുടെ രചന അഹമ്മദ്നഗർ കോട്ടയിലെ അവസാനത്തെ ജയിൽവാസകാലത്താണ് നിർവഹിക്കപ്പെട്ടത്. വിശാലമായ ലോകവീക്ഷണവും ശാസ്ത്രീയമനോഭാവവും ബുദ്ധനെക്കുറിച്ചുള്ള നെഹ്റുവിന്റെ അന്വേഷണത്തിന്റെ അടിത്തറയാണ്. ബുദ്ധോപദേശങ്ങളിലെ അഗാധമായ കാരുണ്യവും നിശിതവും സൂക്ഷ്മവുമായ യുക്തിബോധവും സമകാലികപ്രസക്തിയും തിരിച്ചറിയുന്നതിന് 'ബുദ്ധന്റെ ഉപദേശം' എന്ന പാഠഭാഗം നമ്മെ സഹായിക്കും. ബുദ്ധന്റെ ധർമ്മബോധം, നീതിബോധം, സഹാനുഭൂതി, കാരുണ്യം തുടങ്ങിയ മാനവികമൂല്യങ്ങളുടെ ആധാരം അദ്ദേഹത്തിന്റെ ശാസ്ത്രീയസമീപനമാണെന്ന് ലേഖകൻ നിരീക്ഷിക്കുന്നു. ആ കാലത്ത് നിലനിന്ന ദുർനിയമങ്ങളെ അഹിംസയിലൂടെയും കാരുണ്യത്തിലൂടെയും ബുദ്ധൻ തിരുത്തി. ഒരറിവിനെയും ബുദ്ധൻ അന്തിമമായി കണ്ടില്ല.

നെഹ്റുവിനെ ബുദ്ധനുമായി ബന്ധിപ്പിക്കുന്ന പ്രധാന കാര്യം ബുദ്ധൻ തന്റെ വീക്ഷണങ്ങളിൽ പുലർത്തിയിരുന്ന വിശാലതയും ശാസ്ത്രീയ മനോഭാവവുമാണെന്നു മനസ്സിലാക്കാൻ ഈ ലേഖനം സഹായിക്കും. ബുദ്ധന്റെ ധർമ്മബോധം, നീതിബോധം, സഹാനുഭൂതി, കരുണ തുടങ്ങിയ സവിശേഷതകൾ മാത്രമേ പൊതുവേ പരിശോധിക്കപ്പെടുന്നുള്ളൂ. എന്നാൽ ഇവയ്ക്കെല്ലാം ആധാരമായിരിക്കുന്നത് അദ്ദേഹത്തിന്റെ ശാസ്ത്രീയസമീപനമാണെന്ന് വിശദമാക്കുകയാണ് ജവഹർലാൽ നെഹ്റു.

## പാഠവിശകലനം

ഒരു രാഷ്ട്രമെന്ന നിലയിൽ ഇന്ത്യയുടെ രാഷ്ട്രീയവും സാമ്പത്തികവുമായ പരിവർത്തനങ്ങൾക്കു പിന്നിൽ ഇന്ത്യൻ ചിന്താപദ്ധതിയായ ബുദ്ധമതത്തിന്റെ സ്വാധീനത്തെ സൂചിപ്പിച്ചുകൊണ്ടാണ് ലേഖനം തുടങ്ങുന്നത്. ബുദ്ധൻ, തന്റെ കാലത്തു നിലനിന്ന അന്ധവിശ്വാസങ്ങളെയും അനാചാരങ്ങളെയും ജാതീയമായ ഉച്ചനീചത്വങ്ങളെയും ഉന്മൂലനം ചെയ്യാൻ ശ്രമിച്ചതിന്റെ സൂചനകളും അതിലടങ്ങിയിട്ടുണ്ട്. ബുദ്ധന്റെ ഉന്നതമായ മാനവികത രാഷ്ട്രശില്പിയായ നെഹ്റുവിനെ സ്വാധീനിച്ചതിന്റെ ദൃഷ്ടാന്തമാണ് അദ്ദേഹം ഉദ്ധരിച്ചുചേർത്തിരിക്കുന്ന ബുദ്ധചിന്തകൾ. അതിൽ വിശാലമായ മാനവികത, മൈത്രീബോധം, ജാതിബോധത്തിന്റെ അയുക്തികത, നീതിനിഷ്ഠയുടെയും ആത്മസംയമനത്തിന്റെയും ആവശ്യകത എന്നിവയെല്ലാം തെളിഞ്ഞു കാണുന്നുണ്ട്.

തുടർന്ന് നെഹ്റു ബുദ്ധന്റെ സ്വതന്ത്രമായ അന്വേഷണരീതി വിശദീകരിക്കുന്നു. ബുദ്ധൻ നടത്തുന്ന കീഴ്‌വഴക്കങ്ങളുടെ ലംഘനങ്ങളെയാണ് അവിടെ കാണുന്നത്. യുക്തി ചിന്തയില്ലാതെ, കാര്യകാരണബന്ധം കണ്ടെത്താതെ, അനുഭവത്തെ പരിഗണിക്കാതെ ആർക്കും സത്യത്തെ കണ്ടെത്താനാവുകയില്ല എന്ന വസ്തുതയ്ക്ക് ബുദ്ധൻ നൽകിയ പ്രാധാന്യം നെഹ്റു എടുത്തുപറയുന്നു. അതിലൂടെ അദ്ദേഹം രാഷ്ട്രവികാസത്തിൽ ശാസ്ത്രീയമനോഭാവത്തിനുള്ള പ്രാധാന്യത്തിനാണ് അടിവരയിടുന്നത്. തന്റെ ധർമ്മം പോലും സ്വീകരിക്കുന്നത് പരീക്ഷണത്തിനും നിരീക്ഷണത്തിനും ശേഷമേ ആകാവൂ എന്ന് ബുദ്ധൻ പറയുന്നതിലൂടെ ആ ശാസ്ത്രീയസമീപനത്തിന്റെ സൂക്ഷ്മത തന്നെയാണ് വെളിവാക്കുന്നത്. ഇത് ബുദ്ധന് സ്വന്തം സിദ്ധാന്തത്തിലുള്ള ആത്മവിശ്വാസത്തിന്റെ പ്രതിഫലനമാണ്. സാമ്പ്രദായിക മത/ദൈവസങ്കൽപ്പങ്ങളിൽനിന്ന് വ്യത്യസ്തമാണ് ബുദ്ധന്റെ അന്വേഷണവഴി. തനിയെ നിൽക്കുന്ന ഒരു ശക്തിയെ, കേവലത്വത്തെ ബുദ്ധനു തികച്ചും പരിഗണിക്കാൻ കഴിയാതെപോകുന്നത് പരസ്പരാശ്രയത്വത്തോടെയല്ലാതെ ഒന്നിനും നിലനിൽപ്പില്ല എന്ന ബോധ്യത്തിന്റെ അടിസ്ഥാനത്തിലാണ്. തന്റെ അന്വേഷണവും നിരീക്ഷണവും യുക്തിബോധവും പരസ്പരാശ്രിതമായ ഒരു ലോകത്തെയും പ്രപഞ്ചത്തെയുമാണ് കണ്ടെത്തിയത്. ഊഹാപോഹങ്ങളെ തള്ളി തെളിവുകൾക്ക്, അഥവാ ഇന്ദ്രിയാനുഭവവേദ്യതയ്ക്ക് നൽകുന്ന പ്രാധാന്യം നെഹ്റുവിനും സ്വീകാര്യമായ ശാസ്ത്രീയസമീപനരീതിയത്രേ.

പരമമായ സത്യം എന്താണെന്ന തർക്കത്തിൽ വലിയ കാര്യമില്ല. ഉണ്ടെന്നും ഇല്ലെന്നും പറയുന്നതിന്റെ നിരർഥകതയാണ് തുടർന്നു ലേഖനത്തിൽ വിശകലനം ചെയ്യുന്നത്. പ്രത്യക്ഷത്തിൽ കാണുന്നവയുടെ ഉള്ളിൽത്തന്നെ, കാണാനാകാത്തതും എന്നാൽ കണ്ടെത്താൻ സാധിക്കുന്നതുമായ വസ്തുതകൾ ഒളിഞ്ഞിരിപ്പുണ്ട്. കാണുന്നു എന്നു കരുതി ഉണ്ടെന്നു പറയുന്നതും കാണുന്നില്ല എന്നു കരുതി ഇല്ലെന്നു പറയുന്നതും സത്യമാകണമെന്നില്ല. തീയും പുഴയുമൊക്കെ നാം നേരിട്ടു കാണുന്നതാണല്ലോ. തീയുണ്ട്. എന്നാൽ നേരത്തേ കണ്ട തീയല്ല ഇപ്പോഴുള്ളത്. ആ തീയല്ല ഇനി കത്താൻ പോകുന്ന തീ. അതുകൊണ്ട് തീ ഉണ്ടെന്നു പറയുന്നത് ശരിയാണെങ്കിലും സൂക്ഷ്മാർഥത്തിൽ തീ മാറിക്കൊണ്ടേയിരിക്കുന്നതായിക്കാണാം. ഇതുതന്നെയാണ് പുഴയുടെ കാര്യത്തിലും. വെള്ളമൊഴുകുന്നതുകൊണ്ട്, നേരത്തേ കണ്ട വെള്ളമല്ല ഇപ്പോൾ ഒഴുകുന്നതും ഇനി ഒഴുകാൻ പോകുന്നതും. ഇതിന്റെയെല്ലാം പൊരുൾ മാറ്റമാണ്. എല്ലാം ഇങ്ങനെ മാറിക്കൊണ്ടിരിക്കുന്നു എന്നതിനാൽ ഇപ്പോൾ നാം ഉണ്ടെന്നും

ഇല്ലെന്നും പറയുന്നതിൽ യുക്തിയില്ല. അതുകൊണ്ട് ശാശ്വതമായത് എന്ന ഒന്നില്ല. അതായത് മാറ്റമില്ലാത്തവയില്ല എന്നർഥം. എല്ലാം ഒരു തുടർച്ചയാണ്, ഒരനുവർത്തന പരമ്പര. കാലവും അങ്ങനെത്തന്നെ എന്നു കാണാം. മാറ്റമില്ലാത്ത ഒന്നിന്, ശാശ്വത സത്താസാരത്തിന് മാറിക്കൊണ്ടിരിക്കാൻ സാധ്യമല്ലല്ലോ. അതുപോലെത്തന്നെ, ഒരു വസ്തുവിനും അതിന്റേതുമാത്രമായ നിലനിൽപ്പോ വ്യക്തിത്വമോ ഇല്ല. മറ്റുള്ളവയുമായി അതെങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു എന്നതിന്റെ അടിസ്ഥാനത്തിലാണ് ഓരോ വസ്തുവിനും അസ്തിത്വമോ വ്യക്തിത്വമോ ലഭിക്കുന്നത്. ആ നിലയ്ക്ക് എല്ലാം പരസ്പരം ആശ്രയിച്ചാണ് നിലനിൽക്കുന്നതും പരിണമിക്കുന്നതും. ദേഹം മാറ്റത്തിനു വിധേയമാണ് എന്ന പോലെത്തന്നെ ആത്മാവും മാറിക്കൊണ്ടിരിക്കുന്നു. ആത്മാവ് മാറ്റമില്ലാത്തതാണ് എന്ന പരമ്പരാഗത സങ്കൽപ്പത്തിന് വിരുദ്ധമാണ് ഈ കാഴ്ചപ്പാട്. ഓരോന്നും വളരുമ്പോൾതന്നെ മരിച്ചുകൊണ്ടുമിരിക്കുന്നു എന്നു പറയുന്നത് ഈ മാറ്റത്തിന്റെ പശ്ചാത്തലത്തിലാണ്. അതുകൊണ്ടാണ് 'നിരന്തരം പരിണമിച്ചുകൊണ്ടേയിരിക്കുന്ന ഒരു അഭിന്നതയുടെ, വേറിട്ടിരിക്കാൻ പറ്റാത്തവയുടെ, പരസ്പരം ആശ്രയിച്ചുമാത്രം നിലനിൽക്കുന്നവയുടെ ഒരനുസ്യൂതത്വമാണ്, തുടർച്ചയാണ് എല്ലാം' എന്നു പറയുന്നത്.

താൻ പറയുന്നതുപോലും പൂർണമായിരിക്കാൻ സാധ്യതയില്ലാത്തതാണ് എന്നു ബുദ്ധൻ സോദാഹരണം ശിഷ്യർക്കു ബോധ്യപ്പെടുത്തിക്കൊടുക്കുന്നു. എല്ലാം മാറ്റത്തിനു വിധേയമായതിനാൽ തന്റെ ആശയങ്ങൾക്കും മാറ്റം സംഭവിക്കാതിരിക്കില്ല എന്ന ബുദ്ധന്റെ തിരിച്ചറിവ് അദ്ദേഹത്തിന്റെ അഗാധമായ ശാസ്ത്രീയാവബോധത്തിന്റെ തെളിവു കൂടിയാണ് എന്നു കാണാൻ വിഷമമില്ല.

## പാഠാവതരണം

അധ്യാപിക 'സിദ്ധാർഥനും അരയന്നവും' എന്ന കഥ അവതരിപ്പിക്കുന്നു.

ദേവദത്തൻ എന്ന രാജകുമാരനായിരുന്നു സിദ്ധാർഥന്റെ കളിക്കൂട്ടുകാരൻ. ഒരിക്കൽ ഇരുവരും ഒരുമിച്ച് ഉദ്യാനത്തിലൂടെ നടക്കുകയായിരുന്നു. അപ്പോഴാണ് ദേവദത്തൻ ആ കാഴ്ച കണ്ടത്. ആകാശത്തിലൂടെ ഒരുപറ്റം അരയന്നങ്ങൾ പറന്നുപോകുന്നു. സിദ്ധാർഥനൊപ്പം അസ്ത്രവിദ്യ പഠിച്ച ദേവദത്തനൊരു മോഹം- അവയ്ക്കു നേരെ ശരമയച്ചാലോ! ദേവദത്തൻ പിന്നൊന്നും ആലോചിച്ചില്ല. അരയന്നങ്ങളെ ലക്ഷ്യമിട്ട് ശരം തൊടുത്തു. വായുവേഗത്തിൽ ശരം അരയന്നങ്ങളിലൊന്നിന്റെ ശരീരത്തിൽ ചെന്നു തറച്ചു.

അമ്പേറ്റ അരയന്നം വന്നുവീണത് സിദ്ധാർഥരാജകുമാരന്റെ കാൽക്കലായിരുന്നു. ചോരവാർന്ന്, വേദനകൊണ്ട് പുളയുന്ന ആ പക്ഷിയെ കണ്ട് രാജകുമാരൻ ആദ്യമൊന്ന് അമ്പരന്നു. പിന്നെ അതിനെ വാരിയെടുത്തു.

"സിദ്ധാർഥാ, ആ അരയന്നത്തെ എനിക്കു തരൂ. ഞാനാണ് അതിനെ എയ്തു വീഴ്ത്തിയത്" - ഓടിയെത്തിയ ദേവദത്തൻ പറഞ്ഞു.

സിദ്ധാർഥനൊന്നു ഞെട്ടി. ദേവദത്തനാണോ ഇതിനെ എയ്തുവീഴ്ത്തിയത്? ആകാശത്തിലൂടെ ആഹ്ലാദത്തോടെ പറന്നു കളിക്കുന്ന പക്ഷിയെ അമ്പെയ്തു വീഴ്ത്താൻ എന്ത് അവകാശമാണുള്ളത്? മനുഷ്യരെപ്പോലെ മറ്റു ജീവികൾക്കും ഈ ഭൂമിയിൽ ജീവിക്കാൻ അവകാശമില്ലേ? മാത്രമല്ല, മനുഷ്യൻ മറ്റൊരു ജീവിയെ വേദനിപ്പിക്കുന്നതും കൊല്ലുന്നതും ശരിയോ? സിദ്ധാർഥന് സങ്കടവും കോപവും അടക്കാനായില്ല. എങ്കിലും

ശാന്തസ്വരത്തിൽ ആ കുമാരൻ പറഞ്ഞു : "ഇല്ല ദേവദത്താ, ഞാനിതിനെ നിനക്കു തരില്ല. എനിക്ക് ഇതിനെ രക്ഷിക്കണം." എന്നിട്ട് സിദ്ധാർഥൻ ആ പക്ഷിയുടെ ശരീരത്തിലേറ്റ ശരം പതുക്കെ ഊരിയെടുത്തു. രക്തമെല്ലാം കഴുകിക്കളഞ്ഞ് മുറിവിൽ മരുന്നുവച്ചു.

ഈ ധിക്കാരം ദേവദത്തന് സഹിക്കാനായില്ല. അവൻ ഉടനെ കൊട്ടാരത്തിലെത്തി സഭാവാസികളോട് നടന്നതെല്ലാം പറഞ്ഞു. പക്ഷിയുടെ അവകാശി ദേവദത്തൻ തന്നെ. ആർക്കും സംശയമുണ്ടായില്ല.

പരാതി ശുദ്ധോദന മഹാരാജാവിന്റെ അരികിലെത്തി. രാജാവു പറഞ്ഞു :

"കുമാരാ, സിദ്ധാർഥന്റെ പക്ഷത്താണ് ശരി. ആ പക്ഷി സിദ്ധാർഥന് അവകാശപ്പെട്ടതാണ്. അവനാണ് അതിനെ രക്ഷിക്കാൻ ശ്രമിച്ചത്. നീയാകട്ടെ, അതിനെ കൊല്ലാനാണ് തുനിഞ്ഞത്. കൊല്ലുന്നവനല്ല, രക്ഷിക്കുന്നവനാണ് യഥാർഥ അവകാശി."

കഥ നൽകുന്ന സന്ദേശം എന്ത്? ചർച്ച.

സിദ്ധാർഥന്റെ കാരുണ്യം, സഹജീവിസ്നേഹം, നീതിബോധം, വിശാലമായ ലോകവീക്ഷണം തുടങ്ങിയ ആശയധാരണയിലേക്ക് എത്തിച്ചേരുന്ന വിധത്തിൽ ക്രോഡീകരിക്കണം.

- ഈ സിദ്ധാർഥരാജകുമാരനാണ് പിന്നീട് ശ്രീബുദ്ധനായിത്തീർന്നത്. തുടർന്ന് പ്രശസ്തമായ മറ്റൊരു ബുദ്ധകഥയുടെ സ്ലൈഡ് പ്രദർശിപ്പിക്കുന്നു.

കുന്നും മലയും താണ്ടിയുള്ള കഠിനയാത്രയിലായിരുന്നു ബുദ്ധനും ശിഷ്യനായ ആനന്ദനും. നടന്നു തളർന്ന ബുദ്ധൻ, വഴിയരികിലെ പുഴയിൽനിന്ന് കുറച്ച് ദാഹജലം കൊണ്ടുവരാൻ ശിഷ്യനോട് ആവശ്യപ്പെട്ടു. തൊട്ടുമുൻപ് കടന്നുപോയ സാർഥവാഹകസംഘം ഇറങ്ങി പുഴ കലങ്ങിയിരിക്കുന്നതിനാൽ കുറച്ചുനേരംകൂടി യാത്രചെയ്തു കഴിഞ്ഞ് വെള്ളം എടുക്കുന്നതാവും ഉചിതം എന്ന് ആനന്ദൻ പ്രതിവചിച്ചു. ഇപ്പോൾത്തന്നെ വെള്ളം വേണം എന്നായി ബുദ്ധൻ. ഗുരുവിന്റെ പ്രതികരണത്തിൽ പ്രയാസം തോന്നിയെങ്കിലും ആനന്ദൻ വെള്ളമെടുക്കാനായി പോയി. പുഴയരികിലെത്തിയ ആനന്ദൻ, തെളിഞ്ഞു ശാന്തമായി ഒഴുകുന്ന ജലം കണ്ട് അമ്പരന്നു. ഗുരുവിന്റെ ശാഠ്യത്തിന്റെ പൊരുൾ ശിഷ്യന് തിരിച്ചറിവായി. ഏതു കലക്കവും മാറും; ഒരൽപ്പം കാത്തിരിക്കണമെന്നു മാത്രം.

ഈ കഥ നൽകുന്ന തിരിച്ചറിവുകൾ എന്തൊക്കെ?

ലഘുചർച്ച – ക്രോഡീകരണം

തുടർന്ന് പ്രസിദ്ധമായ ബുദ്ധോപദേശങ്ങളുടെ സ്ലൈഡ് പ്രദർശിപ്പിക്കുന്നു.

- നീ നിനക്കുതന്നെ ദീപമായി വർത്തിക്കുന്നുവെങ്കിൽ നീ നിന്നിൽത്തന്നെ അഭയം കണ്ടെത്തുന്നു (നീ തന്നെയാണ് നിന്റെ വിളക്ക്).
- ക്ഷമയാണ് ഏറ്റവും വലിയ പ്രാർഥന.
- ആയിരം തിരികൾക്കു വെളിച്ചം പകർന്നുകൊടുക്കുന്നതുകൊണ്ട് ഒരു മെഴുകുതിരിയുടെ ആയുസ്സ് കുറയുന്നില്ല. പങ്കുവയ്ക്കപ്പെടുന്ന സന്തോഷവും അതുപോലെയാണ്.

- നമ്മെ നാമാക്കുന്നത് നമ്മുടെ ചിന്തകളാണ്.

  ഓരോ ദർശനം വീതം രണ്ട് ഗ്രൂപ്പുകൾക്ക് നൽകുന്നു.

ഗ്രൂപ്പിൽ ചർച്ച - അവതരണം

ബുദ്ധദർശനങ്ങൾ പ്രതിപാദിക്കുന്ന ലേഖനമാണ് 'ബുദ്ധദർശനം' എന്ന പാഠഭാഗം. പാഠഭാഗത്ത് അവതരിപ്പിച്ചിരിക്കുന്ന ബുദ്ധദർശനങ്ങൾ കണ്ടെത്തുക.

- വിശകലനം ചെയ്ത് ബുദ്ധദർശനങ്ങളെക്കുറിച്ച് കുറിപ്പ് തയാറാക്കുന്നു.

## രചനാസവിശേഷതകൾ കണ്ടെത്താം

"പുഴ നിരന്തരം ഒഴുകിക്കൊണ്ടിരിക്കുന്നു. നിമിഷംതോറും അത് അങ്ങനെത്തന്നെ. തീനാളം പ്രകാശിച്ചുകൊണ്ടിരിക്കുന്നു. അതിന്റെ രൂപവും ആകൃതിയും പോലെ നില നിർത്തുന്നു. എങ്കിലും അതൊരിക്കലും അതേ നാളമായി നിൽക്കുന്നില്ല; അനുനിമിഷം മാറിക്കൊണ്ടിരിക്കുകയാണ്. അങ്ങനെ എല്ലാം നിരന്തരം മാറിക്കൊണ്ടിരിക്കുന്നു. ജീവിതം അതിന്റെ നാനാരൂപങ്ങളിലും ആയിത്തീരലിന്റെ ഒരു പ്രവാഹമാണ്."

- നെഹ്റുവിന്റെ ചരിത്രകൃതികൾ കവിതയും നാടകവും നോവലും പോലെ സർഗാത്മക സാഹിത്യകോടിയിൽപ്പെടുന്നു. ഇവയുടെയെല്ലാം സ്വഭാവസവിശേഷതകൾ അവയിൽ അന്തർഭവിച്ചിട്ടുണ്ട്.

**സാഹിത്യശില്പിയായ നെഹ്റു - സി.പി. ശ്രീധരൻ**

- നെഹ്റുവിന്റെ ചരിത്രകൃതികളെക്കുറിച്ചുള്ള സി.പി. ശ്രീധരന്റെ നിരീക്ഷണങ്ങൾ മുകളിൽ നൽകിയിരിക്കുന്ന പാഠഭാഗത്ത് പ്രകടമാണോ?
- സർഗാത്മകസാഹിത്യത്തിന്റെ എന്തെല്ലാം സവിശേഷതകളാണ് നെഹ്റുവിന്റെ കൃതികളിൽ കണ്ടെത്താൻ കഴിയുക?

  ചർച്ച - ക്രോഡീകരണം

  - താളാത്മകമായ ഗദ്യഭാഷ
  - ചമൽക്കാരഭംഗി
  - ഭാവാത്മക പ്രയോഗങ്ങൾ
  - നാടകീയമായ ആഖ്യാനരീതി

സർഗാത്മകകൃതികൾക്കു മാത്രം അവകാശപ്പെടാവുന്ന സവിശേഷതകൾ കുട്ടികൾ പാഠഭാഗത്തുനിന്നു കണ്ടെത്തുന്നു. ഗ്രൂപ്പിൽ ചർച്ച - അവതരണം. കുറിപ്പ് തയാറാക്കുന്നു. വിലയിരുത്തി മെച്ചപ്പെടുത്തുന്നു.

## വിശകലനക്കുറിപ്പ് തയാറാക്കാം

"എന്റെ ഗുരുവായ ശ്രീബുദ്ധനിൽനിന്നാണ് ഞാൻ സമത്വത്തെക്കുറിച്ചുള്ള ആശയങ്ങൾ സ്വായത്തമാക്കിയത്. ബുദ്ധദർശനത്തിൽ സ്വാതന്ത്ര്യത്തിനും സാഹോദര്യത്തിനും നിർണാ യകമായ സ്ഥാനമാണുള്ളത്." – **ഡോ. ബി.ആർ. അംബേദ്കർ**

"ഒരിക്കലും ഈ ലോകത്തിൽ വിദ്വേഷംകൊണ്ട് വിദ്വേഷം ഇല്ലാതാകുന്നില്ല. സ്നേഹം കൊണ്ട് വിദ്വേഷം ഇല്ലാതാവുന്നു." – **ബുദ്ധൻ**

■ നമ്മുടെ ഭരണഘടനാശില്പിയായ ബി.ആർ. അംബേദ്കർ ശ്രീബുദ്ധനെ ഗുരുവായി കരുതുന്നതെന്തുകൊണ്ടാവും?

ചർച്ച

കുട്ടികൾ ഗ്രൂപ്പുകളായി പാഠഭാഗം പരിശോധിച്ച് സമാന ബുദ്ധദർശനങ്ങൾ കണ്ടെത്തുന്നു.

ചർച്ച – അവതരണം

സമൂഹം ഇന്നനുഭവിക്കുന്ന അസഹിഷ്ണുത, പക, സംഘർഷം എന്നിവയുടെ കാരണ ങ്ങൾ ഈ മൂല്യങ്ങളുടെ അഭാവമാണെന്ന ധാരണയിലേക്ക് കുട്ടികളെ നയിക്കുന്നു. പാഠ ഭാഗത്തു നിന്ന് കണ്ടെത്തിയ ബുദ്ധദർശനങ്ങളുടെ കാലികപ്രസക്തി പരിശോധിച്ച് കുറിപ്പ് തയാറാക്കുന്നു.

- അറിയപ്പെട്ട എല്ലാ വസ്തുക്കളെയയും സംബന്ധിച്ച നിരപേക്ഷമായ ഒന്നാണ് കേവ ലത്വം എന്നതുകൊണ്ട് വിവക്ഷിച്ചിട്ടുള്ളതെങ്കിൽ, അതിന്റെ സത്തയെ, അറിയപ്പെട്ട യാതൊരു ഹേതുവാദരീതി കൊണ്ടും സ്ഥാപിക്കുക സാധ്യമല്ല..."

ചർച്ച

ഇവിടെ ചില പദങ്ങൾ നൽകുന്ന ആശയങ്ങൾ കണ്ടെത്തേണ്ടി വരുമല്ലോ. അതിന് ഉത കുന്ന ചോദ്യങ്ങൾ ഉന്നയിക്കാം.

- എന്താണ് കേവലത്വം?
- ഹേതുവാദരീതി എന്നാലെന്ത്?

കേവലത്വം – നിരപേക്ഷം (മറ്റൊന്നിനെ ആശ്രയിക്കാതെ നിൽക്കൽ)

എല്ലാ വസ്തുക്കളുടെയും ഒന്നിലും ചേരാതെ നിൽക്കുന്ന, തനിച്ചുള്ള നിൽപ്പ് കേവലത്വം.

ഹേതുവാദം – ചാർവാകമതം

കാര്യകാരണങ്ങൾ ആധാരമാക്കൽ

**ക്രോഡീകരണം**

എല്ലാ വസ്തുക്കളുടെയും ഒന്നിലും ചേരാതെ തനിച്ചുള്ള നിൽപ്പാണ് കേവലത്വമെങ്കിൽ അതിന്റെ ഉണ്മയെ നിലനിൽപ്പിനെ അറിയപ്പെട്ട കാര്യകാരണ ബന്ധംകൊണ്ട് സ്ഥാപി ക്കാൻ കഴിയില്ല. നാം അറിയുന്ന പ്രപഞ്ചം പരസ്പര ബന്ധിതമാണ്.

## നിലപാട് സമർഥിക്കുക

- "മറ്റുള്ളവന്റെ മേലുള്ള ജയംപോലും അസുഖകരങ്ങളായ ഫലങ്ങൾ ചെയ്യും. വിജയം വിദ്വേഷത്തെ ജനിപ്പിക്കുന്നു. കാരണം, വിജിതൻ ദുഃഖിതനാണ്."

  സ്ലൈഡ് പ്രദർശിപ്പിക്കുന്നു.

■ ബുദ്ധന്റെ ഈ ഉപദേശത്തിന്റെ പൊരുളെന്താണ്? ചർച്ച, ക്രോഡീകരണം.

എല്ലാ മത്സരങ്ങളിലും ജയിക്കാനുള്ള ശേഷിയും ജീവിതസാഹചര്യങ്ങളും സിദ്ധാർഥനുണ്ടായിരുന്നു. എന്നിട്ടും സ്വന്തം വിജയം മറ്റുള്ളവന്റെ പരാജയമാകുന്നുവെങ്കിൽ, അത് പരാജിതനെ വേദനിപ്പിക്കുന്നുവെങ്കിൽ, ആ വേദന സ്വന്തം വേദനയായി ഏറ്റുവാങ്ങുന്ന മനസ്സാണ് സിദ്ധാർഥരാജകുമാരനുണ്ടായിരുന്നത് (സിദ്ധാർഥനും അരയന്നവും എന്ന കഥ ഓർമ്മിപ്പിക്കുന്നു) എന്ന ധാരണയിലേക്കു കുട്ടികളെ നയിക്കുന്നു. മിജിതൻ എന്ന പദത്തിന് പരാജിതൻ എന്ന് അർഥമുണ്ട് എന്നോർക്കുക. (വിഗതമായ ജയത്തോടു കൂടിയവൻ) പരാജിതനിൽ വിദ്വേഷം ജനിക്കുമല്ലോ.

- എഡ്വിൻ ആർനോൾഡ് എന്ന ആംഗലേയകവിയുടെ 'ദ ലൈറ്റ് ഓഫ് ഏഷ്യ' എന്ന വിശ്വപ്രസിദ്ധ കൃതിക്ക് മഹാകവി കുമാരനാശാന്റെ പരിഭാഷയായ 'ശ്രീബുദ്ധചരിത'ത്തിലെ ഒരു ഭാഗം സ്ലൈഡ് പ്രദർശിപ്പിക്കുന്നു.

  "യുവരാജാക്കൾ ചേർന്നു മോടിയിൽ നായാടുമ്പോള-
  വനേക്കാൾ ധൈര്യമാർന്നോടിച്ചീലശ്വമാരും
  കളിച്ചുപോരാടുമ്പോൾ മുറ്റത്തു യുവാക്കൾ തേർ
  തെളിച്ചീടുന്നതിലുമവനെ വെന്നീലാരും
  എന്നാലും ബാലൻ വേട്ടയാടുമ്പോളടിക്കടി
  നിന്നുപോ, മോടിപ്പോകും മൃഗത്തെയെയ്തിടാതെ
  എന്നുമല്ലിഷ്ടകുമാരന്മാരിലാർക്കെങ്കിലും
  ഖിന്നത തോൽവികൊണ്ട് കണ്ടാലും മത്സരത്തിൽ"

സ്വന്തം ജീവിതത്തിൽ പാലിച്ചിരുന്നവ തന്നെയാണോ ശ്രീബുദ്ധൻ ഉപദേശിച്ചിരുന്നത്? കാവ്യഭാഗം വിശകലനം ചെയ്തു കണ്ടെത്തുക.

- വേട്ടയാടാൻ നിർബന്ധിതനാകുന്ന വേളകളിൽ മൃഗങ്ങളോടുള്ള സ്നേഹകാരുണ്യങ്ങളാൽ അവയെ അമ്പെയ്യാതിരിക്കുന്നു (അഹിംസ എന്ന ആദർശം).
- അജയ്യനായിരുന്നുവെങ്കിലും പ്രിയസുഹൃത്തുക്കൾക്ക് സങ്കടമുണ്ടാവുമെന്നതിനാൽ മത്സരങ്ങളിൽ വിജയിയാകാൻ പരിശ്രമിച്ചിരുന്നില്ല.

ആശയങ്ങളിൽനിന്ന് സ്വന്തം നിലപാടു വിശദീകരിച്ച് കുറിപ്പ് തയാറാക്കുന്നു.

## ശാസ്ത്രമനോഭാവം

യുക്തിയുടെയും ശാസ്ത്രീയമാർഗത്തിന്റെയും പരിമിതികളൊക്കെ മനസ്സിലാക്കിയിരുന്നാലും നാം പിന്നെയും നമ്മുടെ മുഴുവൻ ശക്തിയോടുംകൂടി അവയെത്തന്നെ വിടാതെ മുറുകെ പിടിക്കണം. കാരണം, ആ ഉറച്ച അസ്തിവാരവും പശ്ചാത്തലവുമില്ലെങ്കിൽ, ഒരുതരത്തിലുമുള്ള സത്യത്തിന്റെയോ യാഥാർഥ്യത്തിന്റെയോ മേലും നമ്മുടെ പിടി ഉറയ്ക്കുകയില്ല.സത്യത്തിന്റെ അംശം മനസ്സിലാക്കി, അതു നമ്മുടെ ജീവിതത്തിൽ പ്രയോഗിക്കുകയാണ്. യാതൊന്നും മനസ്സിലാക്കാതെ, സത്തയുടെ നിഗൂഢതയെ ഭേദിക്കാനുള്ള ഒരു വ്യർഥയത്നത്തിൽ നിസ്സഹായമായി കിടന്ന് നട്ടം തിരിയുന്നതിനെക്കാൾ ഭേദം. ഇന്ന് എല്ലാ രാജ്യങ്ങളെയും ജനങ്ങളെയും സംബന്ധിച്ചിടത്തോളം ശാസ്ത്രത്തിന്റെ പ്രയോഗങ്ങൾ ഒഴിവാക്കാനും തടുക്കാനും വയ്യാതാകുന്നു. പക്ഷേ, അതിന്റെ പ്രയോഗത്തിലും കവിഞ്ഞ എന്തോ ആവശ്യമായിരിക്കുന്നു. അത് ശാസ്ത്രീയമായ ഉപക്രമമാണ്. ശാസ്ത്രത്തിന്റെ സാഹസികമെങ്കിലും വിമർശനാത്മകമായ ഭാവം സത്യത്തിനും പുത്തൻ അറിവിനും വേണ്ടിയുള്ള അന്വേഷണം, പരീക്ഷിക്കാതെയും പ്രയോഗിച്ചു നോക്കാതെയും എന്തെങ്കിലും അംഗീകരിക്കാൻ കൂട്ടാക്കാതിരിക്കൽ, പുതിയ തെളിവുകൾ കിട്ടുമ്പോൾ അവയനുസരിച്ച് പഴയ നിഗമനങ്ങൾ മാറ്റാനുള്ള കഴിവ്, മുൻകൂട്ടി സങ്കൽപ്പിച്ചുവച്ച തത്ത്വത്തെയല്ല, നിരീക്ഷണത്തിൽ തെളിഞ്ഞ വസ്തുതയെ അവലംബിക്കൽ, മനസ്സിന്റെ കഠിന സംയമനം - ഇതൊക്കെയും ആവശ്യമാണ്; ശാസ്ത്രത്തിന്റെ പ്രയോഗത്തിനു മാത്രമല്ല, ജീവിതത്തിനുതന്നെയും അതിന്റെ നാനാപ്രശ്നങ്ങളുടെ പരിഹാരത്തിനും.

*(ഇന്ത്യയെ കണ്ടെത്തൽ*

*വിവർത്തനം : സി.എച്ച്. കുഞ്ഞപ്പ)*

## ബുദ്ധമതത്തെപ്പറ്റി

'ഭാവിയിലെ മതം' എന്നുപറയുന്നത് പ്രപഞ്ചസംബന്ധിയായ മതമാണ്. അത് പ്രകൃതിപരവും ആധ്യാത്മികവുമായ കാര്യങ്ങൾ കൂട്ടിയിണക്കുന്നതും എല്ലാവിധ അനുഭവങ്ങളുടെയും വെളിച്ചത്തിലുള്ളതും പ്രകൃതി, ആധ്യാത്മികത എന്നിവയുടെ അർഥപൂർണമായ ഐക്യത്തെ ഉൾക്കൊള്ളുന്നതും ആയിരിക്കും.

*- ആൽബർട്ട് ഐൻസ്റ്റീൻ*

ബുദ്ധമതം ചിന്തയുടെയും ശാസ്ത്രീയതയുടെയും സമന്വയമായ തത്ത്വശാസ്ത്രമാണ്. ശാസ്ത്രീയസത്യങ്ങൾ ഉപദേശിക്കുന്ന മതമാണത്. യുക്തിപൂർവമായ ചിന്തകളിലേക്കു നയിക്കുകവഴി നമ്മുടെ പല രസകരമായ ചോദ്യങ്ങൾക്കും ഉത്തരം നൽകാൻ ബുദ്ധമതത്തിന് കഴിയുന്നു.

- ബർട്രന്റ് റസ്സൽ

## അഷ്ടമാർഗം

ലോകം ദുഃഖമയമാകുന്നു. തൃഷ്ണ, ദുർമോഹം, കാമം, സ്വാർഥം എന്നിവയാണ് ദുഃഖത്തിനുള്ള കാരണങ്ങൾ. ഇവയിൽനിന്നു മുക്തി നേടുന്നതിന് ബുദ്ധമതത്തിൽ നിർദേശിക്കുന്നതാണ് അഷ്ടമാർഗങ്ങൾ. സമ്യക്ദൃഷ്ടി, സമ്യക്സങ്കൽപ്പം, സമ്യക്വാക്ക്, സമ്യക്കർമം, സമ്യക് ആജീവം, സമ്യക് വ്യായാമം, സമ്യക്സ്മൃതി, സമ്യക്സമാധി എന്നിവയാണവ.

1. **സമ്യക്ദൃഷ്ടി :** ശരിയായ കാഴ്ച. സത്യത്തെ അറിയലാണിത്. ദുഃഖകാരണങ്ങളായ തൃഷ്ണ, കാമം, സ്വാർഥത തുടങ്ങിയവയിൽനിന്നും മോചനം നേടുന്നതിനുള്ള വഴിയായി അഷ്ടമാർഗങ്ങളെ തിരിച്ചറിയുന്നതാണ് സമ്യക്ദൃഷ്ടി.
2. **സമ്യക്കൽപ്പന (സമ്യക് സങ്കൽപ്പം) :** ഇതു മനസ്സിലെ സംശയങ്ങൾ ഇല്ലാതാക്കലാണ്. മറ്റുള്ളവരെ ദ്രോഹിക്കാതിരിക്കുക, പൂർണമായി സ്നേഹിക്കുക, എല്ലാവരുടെയും സുഖത്തിനായി പ്രവർത്തിക്കുക, ഇന്ദ്രിയസുഖങ്ങളിൽ മുഴുകാതിരിക്കുക എന്നിവയാണ് സമ്യക് സങ്കൽപ്പത്തിൽ വരുന്നത്.
3. **സമ്യക് വചനം (സമ്യക് വാക്ക്)** : നുണ, പരദൂഷണം, ദുർഭാഷണം, ജൽപ്പനം എന്നിവയിൽ ഏർപ്പെടാതിരിക്കുക. സ്നേഹജനകവും പ്രിയതരവും നയപൂർണവുമായി വാക്കുകൾ കൈക്കൊള്ളുക. നന്മനിറഞ്ഞ വാക്കുമാത്രം പറയുക.
4. **സമ്യക് കർമാന്തം (സമ്യക് കർമ്മം) :** ഹത്യ, മോഷണം, വ്യഭിചാരം എന്നിവ സമൂഹത്തെ തകർച്ചയിലേക്കു നയിക്കുന്നതിനാൽ അവ ഒഴിവാക്കുക. അന്യർക്കു നന്മവരുന്ന പ്രവൃത്തികൾ ചെയ്യുക. പ്രവൃത്തിയിൽ നന്മ നിറയ്ക്കുക.
5. **സമ്യക് ആജീവം :** സമൂഹത്തിന് ദ്രോഹം ചെയ്യുന്ന ഉപജീവനമാർഗം സ്വീകരിക്കരുത്. സത്യസന്ധവും പരിശുദ്ധവുമായ ഉപജീവനമാർഗമേ സ്വീകരിക്കാവൂ. ജീവിക്കാനുള്ളത് നല്ല പ്രവൃത്തിയിലൂടെ മാത്രം നേടുക.
6. **സമ്യക് വീര്യം (സമ്യക് വ്യായാമം) :** ദുർവിചാരങ്ങൾ മനസ്സിലേക്കു പ്രവേശിക്കാൻ അനുവദിക്കാതിരിക്കുക, പ്രവേശിച്ചവയെ പുറത്താക്കുക. ശ്രദ്ധയോടെയും കാരുണ്യത്തോടെയുമുള്ള യത്നമാണിത്.
7. **സമ്യക്സ്മൃതി :** ശരീരം മലിനവസ്തുക്കളാൽ നിറഞ്ഞതാണെന്ന വസ്തുത എപ്പോഴും ഓർക്കുക, സുഖവും ദുഃഖവും തരുന്ന വസ്തുതകളെ തുടർച്ചയായി മനനം ചെയ്യുക. മമതാബന്ധങ്ങളിൽ നിന്നുണ്ടാകുന്ന ദോഷങ്ങൾ വിലയിരുത്തുക. ഇതിൽനിന്നു പുറത്തുകടക്കുന്നതിനുള്ള മാർഗങ്ങളെ കുറിച്ച് ആലോചിക്കുക. ജീവിതത്തിലുള്ള ശരിയായ ചിന്തയാണിത്.

8 **സമ്യക്സമാധി :** ഏകാഗ്രത ലഭിക്കാനുള്ള മാനസികപരിശീലനമാണ് നല്ല ധ്യാനം. ജീവിതത്തെക്കുറിച്ചുള്ള നിരന്തരധ്യാനം. ഇതു ശാന്തിയിലേക്കും നിർവാണത്തിലേക്കും നയിക്കും.

**ലൈറ്റ് ഓഫ് ഏഷ്യ – എഡ്വിൻ ആർനോൾഡ്**

ശ്രീബുദ്ധന്റെ ജീവിതം പ്രമേയമായി 1879 ൽ എഡ്വിൻ ആർനോൾഡ് രചിച്ച 'ദ ലൈറ്റ് ഓഫ് ഏഷ്യ' എന്ന ഗ്രന്ഥം അദ്ദേഹത്തെ അനശ്വരനാക്കി. അശ്വഘോഷന്റെ ശ്രീബുദ്ധചരിതം എന്ന കൃതി അടിസ്ഥാനപ്പെടുത്തിയാണ് ഈ കൃതി രചിച്ചിരിക്കുന്നത്. ഏഷ്യയുടെ വെളിച്ചത്തെ ലോകമെങ്ങും എത്തിക്കാനുള്ള ഒരു യൂറോപ്യന്റെ ശ്രമമായി ഇതിനെ കാണാം. 'ഗീതയോടും ഖുർആനോടും ബൈബിളിനോടും എന്തുകൊണ്ടും സമാനതയുള്ള വിശുദ്ധഗ്രന്ഥം' എന്നാണ് ഈ കാവ്യത്തെപ്പറ്റി സ്വാമി വിവേകാനന്ദൻ അഭിപ്രായപ്പെട്ടിരിക്കുന്നത്. ശ്രീബുദ്ധചരിതം എന്ന പേരിൽ മഹാകവി കുമാരനാശാൻ ഇത് പരിഭാഷപ്പെടുത്തിയിട്ടുണ്ട്.

# യൂണിറ്റ്‌വിശകലനം

പ്രവർത്തനസമയം : 24 പിരീഡ്

| പഠനനേട്ടങ്ങൾ | പാഠഭാഗങ്ങൾ | ആശയം/ധാരണ | പ്രധാന പ്രവർത്തനങ്ങൾ | പഠനത്തെളിവുകൾ (വ്യവഹാരരൂപങ്ങൾ/ പ്രകടിതരൂപങ്ങൾ) | വിലയിരുത്തൽ |
|---|---|---|---|---|---|
| • ലേഖനങ്ങൾ വായിച്ച് ലഘുനിരൂപണങ്ങൾ തയാറാക്കുന്നു. | ബുദ്ധന്റെ ഉപദേശം | • ബുദ്ധദർശനങ്ങൾ നെഹ്റുവിന്റെ കാഴ്ചപ്പാടുകളെ സ്വാധീനിച്ചിട്ടുണ്ട്. | • നിരീക്ഷണക്കുറിപ്പ് തയ്യാറാക്കൽ | • നിരീക്ഷണകുറിപ്പ് | • ആശയം<br>• സ്വന്തം നിരീക്ഷണം<br>• ഭാഷ |
| • ബുദ്ധദർശനങ്ങളുടെ സമകാലിക പ്രസക്തി കണ്ടെത്തുന്നു. | | • വിദ്വേഷത്തെ വിദ്വേഷം കൊണ്ടല്ല സ്നേഹം കൊണ്ടാണ് ജയിക്കേണ്ടത്. | • കാലിക പ്രസക്തി കണ്ടെത്തൽ | • കുറിപ്പ് | • ആശയം<br>• അവതരണമികവ്<br>• സ്വന്തം നിരീക്ഷണം |
| | | • ക്രോധത്തെ കാരുണ്യം കൊണ്ടും തിന്മയെ നന്മ കൊണ്ടും നേരിടണം. | • വിശകലനക്കുറിപ്പ് തയാറാക്കൽ | • വിശകലനകുറിപ്പ് | • ആശയം<br>• വിശകലനശേഷി<br>• സ്വന്തം നിരീക്ഷണം |
| • ലേഖനങ്ങളിലെ ശാസ്ത്രീയ മനോഭാവം തിരിച്ചറിയുന്നു. | | • നമ്മുടെ അറിവിന്റെ ലോകത്തിനപ്പുറത്തും എണ്ണാൻ കഴിയാത്തത്ര സത്യങ്ങളുണ്ട്. | • ഉപന്യാസം തയാറാക്കൽ | • ഉപന്യാസം | • ആമുഖം<br>• ഉള്ളടക്കം<br>• ആധികാരികത<br>• ഭാഷ |
| • കൃതികളിലെ രചനാസവിശേഷതകൾ കണ്ടെത്തുന്നു. | | • ബുദ്ധദർശനങ്ങൾ നെഹ്റുവിന്റെ കാഴ്ചപ്പാടുകളെ സ്വാധീനിച്ചിട്ടുണ്ട്.<br>• നെഹ്റുവിന്റെ വീക്ഷണങ്ങളിലെ ശാസ്ത്രീയ മനോഭാവം തിരിച്ചറിയുന്നു. | • വിലയിരുത്തൽ | • വിലയിരുത്തൽ കുറിപ്പ് | • ആശയം<br>• സ്വന്തം നിരീക്ഷണം<br>• ഭാഷ |
| | | • അവതരണരീതി, ഭാഷ എന്നിവ കൃതികളെ ഹൃദ്യമാക്കുന്നു. | • ചർച്ച | • കുറിപ്പ് | • ആശയം<br>• അപഗ്രഥനശേഷി<br>• ഭാഷ |